


# മാർ ഈവാനിയോസ് എൻെറ സ്മരണയിൽ



റവ. ഫാ. ഫിലിപ്പ് സി. പന്തോളിൽ

www.malankaralibrary.com

# മാർ ഈവാനിയോസ് എന്റെ സ്മരണയിൽ

ഫാദർ ഫിലിപ്പ് സി. പന്തോളിൽ

പ്രസാധകൻ :

ഫാദർ സഖറിയാസ് കുഴിപറമ്പിൽ

www.malankaralibrary.com

Malayalam.

MAR EVANIOUS ENTE SMARANAYIL.

Fr. Philip C. Pantholil.

First Impression May 1997.

Copies : 3000.

Published by Fr. Zacharias Kuzhiparampil.

Computer Typeset : P C TECH, Kzhy.

Printed at New India Press, Kzhy

Price : Rs. 15 /-

www.malankaralibrary.com

# പ്രസാധകക്കുറിപ്പ്

മഹാനും വിശ്വവിഖ്യാതനും സഭാ സ്നേഹിയും ക്രിസ്തീയ ഐക്യത്തിന്റെ പ്രണേതാവും പുനരൈക്യ ശില്പിയുമായിരുന്ന മാർ ഈവാനിയോസ് പിതാവിന്റെ ജീവചരിത്രം ഇതിനകം പലരും എഴുതിയിട്ടുണ്ട്, പ്രചരിപ്പിച്ചിട്ടുണ്ട് എന്നാൽ ബഹുമാനപ്പെട്ട ഫിലിപ്പ് സി. പന്തോളിൽ അച്ചൻ എഴുതിയ ഈ ഓർമ്മക്കുറിപ്പ് ഒരു ജീവചരിത്രമോ നോവലോ ഒന്നുമല്ല. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യകാലങ്ങളിൽ പലജോലികളും ഒന്നിച്ച് കൈകാര്യം ചെയ്യാൻ മാർ ഈവാനിയോസ് പിതാവിനാൽ ബഹു. അച്ചൻ നിയമിതനായപ്പോൾ, പിതാവിനോട് വളരെ വ്യക്തിപരമായി ഇടപെട്ട് അദ്ദേഹത്തിന്റെ ഹൃദയസ്പന്ദനങ്ങളെപ്പോലും അറിയാൻ ഭാഗ്യം ലഭിച്ച, ഇന്ന് ജീവിച്ചിരിക്കുന്ന വ്യക്തിയാണ് പന്തോളിലച്ചൻ. അദ്ദേഹത്തിന്റെ ഈ അറിവ് വരുന്ന തലമുറയ്ക്ക് നഷ്ടമാകാതിരിക്കാൻ വേണ്ടി പല ബഹു. വൈദികരും സമ്മർദ്ദം ചെലുത്തിയതിന്റെ പേരിലാണ് ബഹു. അച്ചൻ ഇതിന് രൂപം നൽകിയത്. ഇതിന്റെ പ്രത്യേകത എന്താണെന്ന് ചോദിച്ചാൽ മറ്റു പലഗ്രന്ഥങ്ങളിലും മാർ ഈവാനിയോസ് പിതാവിന്റെ വ്യക്തിമാഹാത്മ്യത്തെപ്പറ്റി ഇതുവരെ ആരും അറിയാത്ത പല കാര്യങ്ങളും ഇതിലുണ്ട്. ഒരു പക്ഷെ ഗ്രന്ഥകാരന്റെ ജീവചരിത്രത്തിന്റെ ചില വശങ്ങൾ കൂടി ഇതിലില്ലേ എന്ന് തോന്നിയേക്കാം. ഗ്രന്ഥത്തിലെ പ്രതിപാദനങ്ങൾക്ക് യോജിച്ചവ ചേർക്കാതിരിക്കാൻ സാധ്യമല്ലല്ലോ. ഈ ഗ്രന്ഥത്തിൽ സത്യത്തിനെതിരായിട്ടുള്ള യാതൊന്നുമില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗ്രന്ഥം പൊതുജനസമക്ഷം സമർപ്പിക്കുവാൻ എനിക്ക് അതിയായ സന്തോഷം ഉണ്ട്. ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുകയും ഗ്രന്ഥകാരനായ ബഹു. പന്തോളിലച്ചനെ അഭിനന്ദിക്കുകയും ചെയ്യുന്നു.

ഇലന്തൂർ
11 - 4 - 97

ഫാദർ സഖറിയാസ് കുഴിപ്പറമ്പിൽ ( പ്രസാധകൻ )
സെയിന്റ് പാട്രിക്ക് മലങ്കര സിറിയൻകാത്തലിക്ക് ചർച്ച്
ഇലന്തൂർ - 689643



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# മാർ ഈവാനിയോസ് എന്റെ സ്മരണയിൽ

( By ഫാദർ ഫിലിപ്പ് സി. പന്തോളിൽ )

## ആമുഖം

എന്റെ സുഹൃത്തുക്കളായ സഹവൈദികരിൽ ഗണനീയരായ പലരുടെയും നിരന്തരമായ നിർബ്ബന്ധത്തിന് വശംവദനായി ഞാൻ ഒരു ചെറിയ സാഹസത്തിനു മുതിരുകയാണ്. യുഗപ്രഭാവനും പുനരൈക്യപ്രണേതാവുമായ മാർ ഈവാനിയോസ് മെത്രാപ്പോലിത്താ തിരുമേനിയുടെ സംഭവബഹുലമായ മഹാജീവിതത്തിലെ എന്റെ അനുഭവത്തിൽപ്പെട്ട ചില കാര്യങ്ങൾ ഓർമ്മക്കുറിപ്പിന്റെ രൂപത്തിൽ നിരത്തുകയാണ്. ഇത് ഒരു ജീവചരിത്രമല്ല അതിനാൽ തന്നെ ഒരു ജീവചരിത്രഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതിനോട് അനുബന്ധിച്ചുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുമില്ല.

അഭിവന്ദ്യ പിതാവിന്റെ ജീവചരിത്രം എഴുതുവാൻ പലരും മുതിർന്നിട്ടുണ്ടെങ്കിലും ലഭ്യമായ സ്രോതസ്സുകളുടെ അപര്യാപ്തത കൊണ്ടും വിഷയത്തിന്റെ വൈപുല്യം കൊണ്ടും, ഗവേഷണത്തിന്റെ പോരായ്മകൊണ്ടും ഈ ചരിത്രകാരന്മാരിൽ ആർക്കും തന്നെ വിഷയത്തോട് തീർത്തും നീതി പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട് — പ്രത്യേകിച്ചും പ്രസക്തമായ പല വിശദാംശങ്ങളും അവതരിപ്പിക്കുന്ന കാര്യത്തിൽ. ബ.തോമസ് ഇഞ്ചക്കലോടിയച്ചൻ രണ്ടു വാല്യങ്ങളായി മലയാളത്തിലും, ഐർലൻഡുകാരി മിസ്സ് ഗിബൺസ് ഇംഗ്ലീഷിലും വന്ദ്യപിതാവിന്റെ ജീവചരിത്രം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവർ രണ്ടു പേരും ചെറിയ തോതിലെങ്കിലും എന്റെ സഹായം സ്വീകരിച്ചിട്ടുമുണ്ട്. കൂടാതെ ആത്മകഥാരൂപേണ തിരുമേനി തന്നെ മുണ്ടൻ മലയിലെ ബഥനി ആശ്രമസ്ഥാപനത്തെ അധികരിച്ച് "ഗിരിദീപം" എന്ന പേരിൽ ഒരു പുസ്തകം പ്രകാശനം ചെയ്തിട്ടുണ്ട്. പുനരൈക്യത്തിന് തൊട്ട്മുമ്പും പിമ്പുമായി അഭിവന്ദ്യ തിരുമേനിയെയും പുനരൈക്യ പ്രസ്ഥാനത്തെയും പറ്റി അനുകൂലവും പ്രതികൂലവുമായി പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളും, ലഘു ലേഖകളും, ലേഖനങ്ങളും നിരവധിയാണ്.

വന്ദ്യതിരുമേനിയോടടുത്ത് വിവിധ മണ്ഡലങ്ങളിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുള്ള പലർക്കും ഈ വഴിയ്ക്ക് സ്വാനുഭവത്തിൽ നിന്നും പലതും കൂട്ടിച്ചേർക്കുവാൻ കഴിഞ്ഞേക്കും. അത് ഒന്നും നഷ്ടപ്പെടുവാൻ ഇടയാകാതെ ശേഖരിച്ച് ചരിത്രഭണ്ഡാരത്തിൽ സൂക്ഷിക്കേണ്ടത് മലങ്കര സഭയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കടമയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ആ ബോദ്ധ്യമാണ് ഈ ഉദ്യമത്തിന് എന്നെ



www.malankaralibrary.com

പ്രേരിപ്പിച്ചിട്ടുള്ളത് എന്ന സത്യം തുറന്ന് പ്രസ്താവിച്ച് കൊള്ളട്ടെ. ജീവചരിത്ര നിർമ്മാണ രംഗത്ത് ഒട്ടും പയറ്റി തെളിഞ്ഞിട്ടില്ലാത്ത ഈയുള്ളവൻ ഇപ്രകാരമുള്ള ഒരു സംരംഭത്തിന് മുതിരുന്നത് ഒരു സാഹസമല്ലേ എന്ന ഭയം ഇല്ലാതില്ല. എങ്കിലും ഇത് ശാസ്ത്രീയമായി എഴുതപ്പെടാനുദ്ദേശിച്ചുള്ള ജീവചരിത്ര ഗ്രന്ഥമല്ല, ഓർമ്മക്കുറിപ്പുകൾ മാത്രമാണെന്നുള്ള വസ്തുത എനിക്ക് ആശ്വാസം നൽകുന്നു. കൂടാതെയും എത്രപോരായ്മകളുള്ള സംഭാവനകളായാലും ഉദ്ദേശശുദ്ധിയോടെ സ്വന്തം മക്കളിൽ നിന്ന് വരുമ്പോൾ അത് പുത്ര വാത്സല്യമുള്ള ദിവംഗതനായ തിരുമേനിയുടെ ആത്മാവിന് സംതൃപ്തിദായകമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

മറ്റുള്ളവർ ജീവ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ചർവ്വിത ചമുർണം ചെയ്യുന്നത് അനഭിലഷണീയമായി ഞാൻ കരുതുന്നു. എന്നാലും സ്മര്യപുരുഷന്റെ വിവിധ തലങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി പരാമർശിക്കുമ്പോൾ ആവർത്തനം പരിപൂർണ്ണമായും വിട്ട് കളയുക അസാദ്ധ്യമായിരിക്കും. കൂടാതെ ഓർമ്മക്കുറിപ്പുകളുടെ രൂപത്തിൽ എഴുതുമ്പോൾ ലേഖകന്റെ ജീവിതത്തിലെ ബന്ധപ്പെട്ട ചില കാര്യങ്ങൾ വെളിപ്പെടുത്തേണ്ടതായും വരും. അതിന് നേരത്തെ ക്ഷമാപണം അർപ്പിച്ച് കൊള്ളുന്നു.

എന്റെ പ്രധാന ഉദ്ദേശം ഒരു കാലാപെറുക്കൽ (gleaning) ആണ്. പിതാവിന്റെ ജീവചരിത്രകാരന്മാരായ കൊയ്ത്തുകാർ കാണാതെ വിട്ടുപോയ ചില കതിരുകൾ മുറിച്ചെടുക്കുകയും അറിയാതെ കയ്യിൽ നിന്ന് പൊഴിഞ്ഞുപോയ ചില കതിരുകൾ ശേഖരിക്കുകയും ചെയ്യുകയാണ് എന്റെ മുഖ്യലക്ഷ്യം. എഴുതപ്പെട്ട ജീവചരിത്രങ്ങൾക്ക് ഒരു അനുബന്ധം മാത്രമായി അനുവാചകർ ഇതിനെ കരുതുക.

മാർ ഈവാനിയോസ് തിരുമേനിയുടെ ധന്യജീവിതത്തിന്റെ അവസാന വർഷങ്ങളിൽ ആ മഹാനുഭാവന്റെ സെക്രട്ടറിയായും അതിരൂപതയുടെ പ്രൊക്കുറേറ്റർ, ചാൻസിലർ, അരമനയിലെ മിനിസ്റ്റർ ആദിയായ ഭാരിച്ച ചുമതലകൾ എല്ലാംകൂടി ഏക കാലത്ത് വഹിക്കുവാനുള്ള അസാധാരണ അവസരം എനിക്ക് ലഭിച്ചു എന്ന വസ്തുത വിസ്മയത്തോടെ ഞാൻ ഇപ്പോൾ അയവിറക്കുകയാണ്.
അന്ന് — അതായത് അരനൂറ്റാണ്ടിന് മുൻപ് — സെമിനാരി കോഴ്സ് കഴിഞ്ഞ് വന്ന വൈദികർ അധികം ഇല്ലാതിരുന്ന പ്രത്യേക സാഹചര്യത്തിൽ അങ്ങനെ സംഭവിച്ചു എന്നു കരുതിയാൽ മതി. അന്ന് മാർ ഈവാനിയോസ് പിതാവിനോട്, പ്രത്യേകിച്ചും തിരുമേനി രോഗാതുരനായിരുന്ന അവസരത്തിൽ, ഏറ്റവും അടുത്ത് പെരുമാറുവാൻ ഇടയായതിൽ കൂടി ലഭിച്ച അനുഭവജ്ഞാനത്തിൽ നിന്നും കൂടിയാണ് ഏതാനും കാര്യങ്ങൾ ഇവിടെ കുറിക്കുന്നത്. കൂടാതെ തിരുമേനി



www.malankaralibrary.com

യോടൊപ്പം ദീർഘകാലം സഹവസിച്ചിട്ടുള്ള വന്ദ്യ ദിവ്യശ്രീ ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ ( അദ്ദേഹത്തോടൊപ്പം പത്തുവർഷം ഞാൻ അരമനയിൽ താമസിച്ചതാണ് ) ബഥനി ആശ്രമസ്ഥരായിരുന്ന ബ. ഗീവർഗീസച്ചൻ, ഏബ്രഹാം അച്ചൻ, സെറാഫിയോനച്ചൻ, പക്കോമിയോസച്ചൻ, പിതാവിന്റെ ആദ്യകാല കാര്യസ്ഥനായിരുന്ന മാനേജർ കിളിലേത്തു ചാക്കോ ആദിയായവരിൽ നിന്നും ലഭിച്ച അനുഭവജ്ഞാന ശകലങ്ങളും യഥാവിധി ഇതിൽ ഉപയോഗിച്ചിട്ടുണ്ട്.

മഹാരഥനായ തിരുമേനിയെപ്പറ്റി പറയുമ്പോൾ ഒരു വ്യക്തി എന്നതിലുപരിയായി വൈവിദ്ധ്യമുള്ള അനേകം ഡിപ്പാർട്ടുമെന്റുകൾ ഉൾക്കൊള്ളുന്ന ഒരു ഡിപ്പാർട്ടുമെന്റൽ സ്റ്റോർ പോലെയുള്ള ഒരു മഹാവലിയ സ്ഥാപനമാണ് എന്നു വിശേഷിപ്പിക്കുന്നതായിരിക്കും കൂടുതൽ ശരി. അതെല്ലാം മുഴുവനായി ഉപരിപ്ലവദൃഷ്ടികളുടെ ശ്രദ്ധയിൽപ്പെട്ടു എന്നു വരില്ല. ഒരിക്കൽ അഞ്ച് കുരുടന്മാർ ആനയെ കാണാൻ പോയ കഥയാണ് ഓർമ്മ വരിക. ആനയുടെ കിട്ടിയ ഭാഗം തൊട്ടു നോക്കി ഓരോരുത്തരുടെയും പരിമിതമായ അനുഭവത്തിന്റെ വെളിച്ചത്തിൽ വിഭിന്നങ്ങളായ അഭിപ്രായങ്ങൾ തട്ടിവിട്ടു. കാലിൽ പിടിച്ചവൻ ആനയെ തൂണാക്കി, കൊമ്പിൽ തടവിയവൻ കുന്തമാക്കി, ചെവിയിൽ പിടിച്ചവൻ മുറമാക്കി, വാലിൽ പിടിച്ചവൻ വടവും, വയറിന്റെ വിശാലഭാഗത്തെ സ്പർശിച്ചവൻ ഭിത്തിയുമാക്കി. മാർ ഈവാനിയോസ് തിരുമേനി തികച്ചും ഒരു അസാധാരണനായിരുന്നു. സാധാരണക്കാരുടെ പിടിയിൽ ഒതുങ്ങുന്നവനായിരുന്നില്ല. അതിനാൽ തന്നെ ചിലർക്കെല്ലാം തെറ്റിദ്ധാരണകൾ ഉണ്ടായി എന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല.

സ്മര്യ പുരുഷൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് സുമാർ നാല്പത്തിമൂന്ന് വർഷം തികഞ്ഞിരിക്കുകയാണ്. ഇന്ന് ജീവിച്ചിരിക്കുന്നവരിൽ ഏതാണ്ട് അൻപത് വയസ്സിന് താഴെയുള്ളവർ പിതാവിനെ കണ്ടിരിക്കുകയില്ല. അല്ലെങ്കിൽ ഓർമ്മ ഉണ്ടായിരിക്കുകയില്ല. പിതാവിനെ കാണുകയും ഇടപെടുകയും ചെയ്തവരുടെ തലമുറ അനുദിനം ക്ഷയിച്ചും വരികയാണ്. മുണ്ടൻ മലയിലെ “ആദിവാസികളുടെ” ഗണത്തിൽ രണ്ടു പേർ മാത്രമെ ( ബ. പക്കോമിയോസച്ചനും ബ. റപ്പായേലച്ചനും) ഇന്ന് ജീവിച്ചിരിപ്പുള്ളൂ. ഒരു അൻപത് വർഷംകൂടി കഴിഞ്ഞാൽ പിതാവിനെ കണ്ടവർ ആരും തന്നെ ഈ ഭൂമുഖത്ത് കാണുമെന്ന് പ്രതീക്ഷിക്കാൻ വഴിയില്ല. അതിനാൽ ചരിത്രപുരുഷനായ ആ വന്ദ്യപിതാവിനെപ്പറ്റിയുള്ള മഹനീയ സ്മരണ ചിരകാലം നിലനിർത്തുന്നതിന് ലഭ്യമായ എല്ലാ മാർഗ്ഗങ്ങളും നാം ഇപ്പോൾ തന്നെ സ്വീകരിക്കേണ്ടിയിരിക്കുന്നു. വീഞ്ഞ് പഴകുംതോറും വീര്യം വർദ്ധിക്കുന്നതുപോലെ കാലം ചെല്ലും തോറും മാർ ഈവാനിയോസിന്റെ



www.malankaralibrary.com

പ്രസക്തിയും പ്രശസ്തിയും വർദ്ധിച്ചുകൊണ്ടിരിക്കുമെന്നതിന് തെല്ലും സംശയം വേണ്ടാ. അത് വരുവാനിരിക്കുന്ന തലമുറകൾക്ക് ആത്മീയ ലഹരി തുടർന്ന് നൽകിക്കൊണ്ടിരിക്കുകയും ചെയ്യും.

വൈവിദ്ധ്യമുള്ള അനേക മണ്ഡലങ്ങളിലുള്ള മാർ ഈവാനിയോസിന്റെ മഹൽ നേട്ടങ്ങളുടെ ആകെത്തുക എടുക്കുമ്പോൾ കേരളത്തിലെ പുത്തൻകൂർ സമുദായത്തിന്റെ പുരോഹിത വർഗ്ഗത്തിൽപ്പെട്ട അദ്ദേഹം തീർത്തും അതുല്യനായിരുന്നു എന്ന് കാണാൻ കഴിയും. ഞാൻ പഠിച്ച പഴയ ഒരു സംസ്കൃത ശ്ലോകമാണ് തിരുമേനിയെപ്പറ്റി ചിന്തിക്കുമ്പോൾ എനിക്ക് ഓർമ്മ വരിക.

“ പുരാ കവീനാം ഗണനാ പ്രസംഗേ
കനിഷ്ഠികാധിഷ്ഠിത കാളിദാസ:
അദ്യാപി തത്തുല്യ കവേരഭാവാ -
ദാനാമിക സാർത്ഥകനാമധേയ ”

(പുരാതന കവികളുടെ പട്ടിക തയ്യാറാക്കുമ്പോൾ പ്രഥമഗണനീയൻ കാളിദാസൻ തന്നെ. തത്തുല്യനായ വേറൊരാളിന്റെ പേരു പറയാൻ കിട്ടിയില്ല എന്നു ചുരുക്കം )

ഈ ശ്ലോകത്തിൽ കവി എന്നതിന്റെ സ്ഥാനത്ത് മെത്രാപ്പോലീത്താ എന്നും കാളിദാസൻ എന്ന വാക്കിന് പകരം മാർ ഈവാനിയോസ് എന്നും പാഠഭേദം വരുത്തിയാൽ മതി. മലയാളം തന്നെ വേണമെന്ന് നിർബന്ധമുള്ളവർക്ക് ഈ ആശയം തന്നെ അലങ്കാര ശാസ്ത്രത്തിലെ ഒരു ശ്ലോകത്തിൽ കൂടി വിശദമാക്കാം.

ഗഗനം ഗഗനം പോലെ
സാഗരം സാഗരോപമം
മാർ ഈവാനിയോസ് മെത്രാനുതുല്യൻ
മാർ ഈവാനിയോസ് തിരുമേനി മാത്രം

( ഈ ശ്ലോകത്തിന്റെ ഉത്തരാർത്ഥം അവസരോചിതമായി പാഠഭേദം വരുത്തിയതാണെന്നു ഗ്രഹിക്കുമല്ലോ)

ആർഷ ഭാരതത്തിലെ ക്രൈസ്തവ യതിവര്യനും ക്രൈസ്തവ പുനരൈക്യത്തിന്റെ രാജപാത വെട്ടിത്തുറന്ന മലങ്കരയിലെ മഹാചാര്യനും നമ്മുടെ ഏറ്റവും പ്രിയങ്കരനായ പിതാവുമായ മാർ ഈവാനിയോസിന്റെ അനുഗൃഹിതമായ സ്മരണ നിലനിർത്തുന്നതിന് ഒരു ചെറിയ അളവിലെങ്കിലും എന്റെ ഈ ചെറിയ സംരംഭം സഹായകരമാകുമെങ്കിൽ ഞാൻ കൃതാർത്ഥനായി. വന്ദ്യപിതാവിന്റെ ഉത്തേജനജനകവും അനുഗൃഹദായകവുമായ സ്മരണ ഉപരി നേട്ടങ്ങൾക്ക് നമുക്ക് പ്രചോദനം നൽകട്ടെ. പിതാവിന്റെ മദ്ധ്യസ്ഥപ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.



www.malankaralibrary.com

## മാർ ഈവാനിയോസ് എന്ന മഹാവ്യക്തി.

ചിലർ മഹാന്മാരായി ജനിക്കുന്നു. ചിലരുടെ മേൽ മഹത്വപ്പട്ടം ആരോപിക്കപ്പെടുന്നു. വേറെ ചിലരാകട്ടെ നിരന്തരമായ പരിശ്രമത്താൽ മഹത്വം ആർജ്ജിക്കുന്നു. ഇതിൽ മൂന്നാമത്തെ ഗ്രൂപ്പിൽപ്പെട്ട ആളായിരുന്നു പുനരൈക്യ പ്രണേതാവും പുണ്യചരിതനുമായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി. ഒരു കാര്യം (എന്നാൽ) പ്രത്യേകം എടുത്തുപറയേണ്ടതായിട്ടുണ്ട്. കാഴ്ചയിൽ അദ്ദേഹം അസാധാരണനായിരുന്നു, ഗംഭീരനായിരുന്നു. ഒത്തഉയരം അതിനൊത്ത ശരീരഘടന, വിസ്തൃതമായ ഫലപ്രദേശം, നീണ്ട് ഉയർന്ന് അല്പം വളഞ്ഞ് നില്ക്കുന്ന ( aquiline ) നാസിക സാമാന്യത്തിൽ മുഴുപ്പുള്ള ചെവികൾ, തന്നെ അഭിമുഖീകരിക്കുന്നവരുടെ ഉള്ളിലേക്ക് ചുഴിഞ്ഞ് നോക്കുന്ന ശക്തി സ്ഫുരിക്കുന്ന ( X-ray ) കണ്ണുകൾ. നീണ്ട് നരച്ച താടിമീശ, ആകെക്കൂടി സിംഹഗാഭീര്യം സ്ഫുരിക്കുന്ന മുഖകാന്തി ഇവയെല്ലാം അദ്ദേഹത്തിന് സ്വായത്തമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് ഒരു വിഹഗ വീക്ഷണം നടത്തിയാൽ ഇത്രയധികം ക്രാന്തദർശിത്വത്തോടു കൂടിയ ബുദ്ധിശക്തിയും, അതിമഹത്തായ ലക്ഷ്യങ്ങൾ മുന്നിൽ വെച്ചുകൊണ്ട് അത് പ്രാപിക്കുവാനുള്ള നിസ്തന്ദ്രമായ പരിശ്രമത്തോടുകൂടിയുള്ള ഇച്ഛാശക്തിയും ഏത് എതിർപ്പിനെയും തട്ടിമറിച്ച് മുന്നോട്ടു പോകാനുള്ള വിപധി ധൈര്യവും നിർഭയത്വവും ഉണ്ടായിരുന്ന മഹാചാര്യന്മാർ കേരളത്തിലെ പുത്തൻകൂർ സുറിയാനിക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല എന്നു വേണം പറയാൻ. ദൈവത്തിനു വേണ്ടി വൻ കാര്യങ്ങൾ പ്രവർത്തിക്കാൻ മോശയെപ്പോലെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് വേർതിരിക്കപ്പെട്ടവനായിരുന്നു അഭിവന്ദ്യ തിരുമേനി " ദൈവം അയച്ച ഒരു മനുഷ്യൻ ഉണ്ടായിരുന്നു അവന്റെ പേർ യോഹന്നാൻ എന്നാണ്. അവൻ സാക്ഷ്യത്തിനായി വന്നു. വെളിച്ചത്തിലേക്ക് സാക്ഷ്യം നൽകാൻ. അവൻവഴി എല്ലാവരും വിശ്വസിക്കുവാൻ " ( യോഹ 1: 6,7 ) ഈവാനിയോസ് എന്നത് യോഹന്നാൻ എന്ന പേരിന്റെ വേറൊരു രൂപം മാത്രമാണല്ലോ. മുണ്ടൻ മലയിലെ ക്രൈസ്തവയതിവര്യനായ തിരുമേനി തനിക്ക് മാതൃകയായിരുന്ന സ്നാപക യോഹന്നാനെപ്പോലെ പ്രഥമദൃഷ്ട്യാതന്നെ ആരുടേയും ശ്രദ്ധ ആകർഷിക്കുകയും ഭയഭക്തി ബഹുമാനങ്ങൾ പിടിച്ചു പറ്റുകയും ചെയ്യുമായിരുന്നു.



www.malankaralibrary.com

### ബഹുമുഖപ്രതിഭ

മാർ ഈവാനിയോസ് ഒരു ബഹുമുഖപ്രതിഭയായിരുന്നു. കൂദാശശെമ്മാശൻ ( കൂദാശ സ്വീകരണത്തിന് പ്രത്യേകം ഊന്നൽ നൽകുന്നവൻ ) എം. എ- അച്ചൻ, എം. ഡി. ഹൈസ്ക്കൂൾ പ്രിൻസിപ്പാൾ, മലങ്കരമെത്രോപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവന്യാസോസ് തിരുമേനിയുടെ പ്രേഷ്ഠ ശിക്ഷ്യനും മുഖ്യ ഉപദേശകനും, മലങ്കര കതോലിക്കാ സിംഹാസന സ്ഥാപനത്തിന്റെ മുഖ്യ ശില്പി, സെറാമ്പൂർ കോളജ് പ്രഫസർ, കേരളാ, മദ്രാസ്സ്, സർവ്വകലാശാലകളിലെ സുറിയാനി ഭാഷാ പണ്ഡിതനും, മുഖ്യപരീക്ഷകനും, ബഥനി സന്യാസിസഭയുടേയും, സന്യാസിനീ സഭയുടെയും സ്ഥാപകനായ ആബോ ഗീവറുഗ്ഗീസ്, യാക്കോബായ സഭയിലെ ബഥനി മെത്രാപ്പോലീത്താ, യാക്കോബായ സഭയിലെ ആരാധനാക്രമത്തിന്റെ നവോദ്ധാരകനും ബഥനി പള്ളികളുടെ സ്ഥാപകനും, മലങ്കരയിലെ പുനരൈക്യ പ്രസ്ഥാനത്തിന്റെ ജനയിതാവും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തായും, മലങ്കര കത്തോലിക്കാ ഹയറാർക്കിയുടെ അദ്ധ്യക്ഷനും, സ്ക്കൂൾ യൂണിവേഴ്സിറ്റി തലങ്ങളിലുള്ള വിപുലമായ വിദ്യാഭ്യാസ പ്രവർത്തകൻ എന്നിങ്ങനെ വിവിധങ്ങളായ അവസ്ഥാന്തരങ്ങളിൽക്കൂടി പ്രകടിപ്പിച്ച ബഹുമുഖങ്ങളായ അദ്ദേഹത്തിന്റെ കഴിവുകളും സേവനങ്ങളും നേട്ടങ്ങളും നിസ്തുലവും അതിബ്രഹത്തുമാണ്. സ്മര്യ പുരുഷനെപ്പറ്റിയുള്ള സ്മരണയുടെ പശ്ചാത്തലം ഒരുക്കുന്നതിന് മേൽ പറഞ്ഞ ജീവിത ഘട്ടങ്ങളിലെ പ്രസക്തങ്ങളായ ചില ഭാഗങ്ങൾ എടുത്തു പറയേണ്ടതായിവരും അത് യഥാവസരം ചെയ്തുകൊള്ളാം.

## പിതാവിനെപ്പറ്റി എന്റെ ബാല്യകാലസ്മരണകൾ

മാർ ഈവാനിയോസ് തിരുമേനിയെ ഞാൻ ആദ്യമായി കണ്ടുന്നത് 1920- 1921 കാലയളവിലാണ്. പെരുനാട്ടിൽ മുണ്ടൻ മലയിൽ ആശ്രമം സ്ഥാപിച്ചിട്ട് രണ്ട് വർഷത്തിലധികം ആയിട്ടില്ല. എനിക്ക് അഞ്ച് വയസ്സ് പൂർത്തിയായിട്ടുണ്ട് ഒന്നാം ക്ലാസ്സിലോ രണ്ടാം ക്ലാസ്സിലോ പഠിക്കുകയാണ്. അന്ന് എം. എ. അച്ചനായിരുന്ന തിരുമേനി പ്രസംഗപര്യടനത്തിനും, ബഥനിക്കുവേണ്ടി പണപ്പിരിവിനുമായി സഞ്ചരിക്കുന്ന കാലമായിരുന്നു. വാതരോഗം കാരണം ദീർഘദൂരം നടക്കുക ബുദ്ധിമുട്ടായിരുന്നതിനാൽ കുതിരപ്പുറത്തായിരുന്നു അച്ചന്റെ സഞ്ചാരം. അനുചരന്മാരായി രണ്ടോ മൂന്നോ കാവി വസ്ത്രധാരികളായ



www.malankaralibrary.com

സാധുക്കളും (ആശ്രമസ്ഥന്മാർ) ഉണ്ടായിരുന്നു. കഴുത്ത് താഴ്ത്തി വെട്ടിയ പരുക്കൻ തുണികൊണ്ടുള്ള കാവി കുപ്പായവും കാവി ഷോളും കഴുത്തിൽ കറുത്ത ചരടിൽ തൂങ്ങിക്കിടക്കുന്ന കറുത്ത കുരിശും തലയിൽ കുരിശടയാളമുള്ള കറുത്ത തൊപ്പിയും ആയിരുന്നു എം. എ. അച്ചന്റെ വേഷം. എന്റെ പിതാവുമായി സംസാരിച്ച് പണം വാങ്ങുകയും കണക്കെഴുതുകയും ആതിഥ്യം സ്വീകരിക്കുകയും മറ്റും ചെയ്തുകൊണ്ടിരുന്നപ്പോൾ മുറ്റത്ത് നിന്ന കുതിരയിലായിരുന്നു ബാലനായ എന്റെ ശ്രദ്ധ. ഞാൻ അതിന്റെ അടുത്ത് ചെന്ന് അതിനെ ചൊറിയുകയും തലോടുകയും മറ്റും ചെയ്തു കൊണ്ടിരുന്നപ്പോൾ അച്ചൻ പോകാനായി ഇറങ്ങി വന്നു. ബാലനായ എന്റെ പരിപാടിയിൽ ആകൃഷ്ടനായി അദ്ദേഹം അടുത്ത്വന്ന് എന്നോട് ചോദിച്ചു "കുഞ്ഞിന് 'കുതിരപ്പുറത്ത് കയറണമോ " വേണമെന്നു പറഞ്ഞപ്പോൾ എന്നെ തൂക്കിയെടുത്ത് കുതിരപ്പുറത്ത് വെച്ച് മുറ്റത്തുകൂടി കുതിരയെ ഏതാനും ചുവടുകൾ നടത്തിച്ചു. ഞാൻ സന്തോഷം കൊണ്ട് ആർത്ത് ചിരിച്ചു. അനന്തരം എന്നെ താഴെ ഇറക്കിയിട്ട് അച്ചനും സംഘവും സ്ഥലം വിട്ടു. അന്നു തുടങ്ങിയ വ്യക്തി ബന്ധം പല ഘട്ടങ്ങളും ജീവിതസരണികളും തരണം ചെയ്ത് പട്ടത്തെ കത്തീഡ്രലിന്റെ അൾത്താരയ്ക്കു താഴെ അദ്ദേഹത്തെ കബറടക്കുന്നതു വരെയും നീണ്ടു നിന്നു. അദൃശ്യവും സുദൃഢവുമായ ആത്മബന്ധം ഇപ്പോഴും തുടർന്ന് കൊണ്ടു പോകുന്നു.

എം. എ. അച്ചന്റെ പ്രസംഗം അയിരൂരുള്ള ഏതെങ്കിലും യാക്കോബായ പള്ളികളിൽ ഉണ്ടെങ്കിൽ എന്റെ മാതാപിതാക്കൾ അതിൽ സംബന്ധിക്കാൻ പോകുമ്പോൾ ഇളയ മകനായ എന്നെയും കൊണ്ട് പോകുമായിരുന്നു. ഗഹനങ്ങളായ ആത്മീയ പ്രഭാഷണങ്ങൾ കേട്ടെങ്കിലും അത് ദഹിക്കുന്ന പ്രായമായിരുന്നില്ല എന്റേത്. എങ്കിലും എം. എ. അച്ചന്റെ ശ്മശ്രു സമൃദ്ധമായ മുഖവും ഘനഗംഭീരമായ ശബ്ദവും കണ്ണടച്ച് പിടിച്ചുകൊണ്ടുള്ള സംസാരവും ഭാവഹാവാദികളും ഏകാഗ്രതയോടുകൂടി ശ്രദ്ധിക്കുന്ന ശ്രോതാക്കളുടെ നിശ്ശബ്ദതയും എനിക്ക് മറക്കാൻ പാടില്ലാത്ത അനുഭവമായിരുന്നു.

ഒരിക്കൽ ഇങ്ങനെ ഒരു പ്രസംഗം കഴിഞ്ഞ് വില്ലു വണ്ടിയിൽ തിരുവല്ലായ്ക്കു പോകുമ്പോൾ അതിശക്തമായ തുലാമഴ കാരണം യാത്ര തുടരാൻ നിർവ്വാഹമില്ലാതെ വന്നപ്പോൾ അയിരൂർ ചെറുകോൽ



www.malankaralibrary.com

പ്പുഴയുള്ള ഞങ്ങളുടെ ഭവനം ഒരു ഇടത്താവളമാക്കുകയുണ്ടായി. ചെറുകോൽപ്പുഴയുള്ള ഏക യാക്കോബാ ഭവനം ഞങ്ങളുടേതായിരുന്നു. ചുറ്റും താമസം മർത്തോമ്മാക്കാരാണ് ഞങ്ങളുടെ ആതിഥ്യം സ്വീകരിച്ച് ഏതാനും മണിക്കൂർ വിശ്രമിച്ച ശേഷമാണ് യാത്ര തുടർന്നത്. അന്ന് എം. എ. അച്ചനോടൊപ്പം യാക്കോബായ സഭയിലെ ഒരു പ്രമാണിയും പ്രശസ്ത സാഹിത്യകാരനും സ്ക്കൂൾ ചീഫ് ഇൻസ്പെക്ടറുമായ പുതുപ്പള്ളിക്കാരൻ ഒറ്റപ്ലാക്കൽ റാവു സാഹിബ്, ഒ. എം. ചെറിയാനും ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ മകൾ അന്നമ്മയെയാണ് തിരുമേനിയുടെ സഹോദരൻ മത്തായി പണിക്കരുടെ മകൻ ശ്രീമാൻ തോമസ് പണിക്കർ ( കുഞ്ഞ് ) വിവാഹം കഴിച്ചിരിക്കുന്നത്. റിട്ടയാർഡ് ലെഫ്റ്റനന്റ് തോമസ് പണിക്കർ മിലിറ്ററിയിൽ നിന്നും വിരമിച്ചശേഷം അനേക വർഷം നമ്മുടെ അതിരൂപതാ വക ബഥനി എസ്റ്റേറ്റിന്റെ മാനേജരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ മക്കളോടൊത്ത് നാലാഞ്ചിറയിൽ താമസിക്കുന്നു. അതി പ്രഗത്ഭ സാഹിത്യകാരനും ഗവേഷണ പട്ടവും ആയ പരേതനായ ഒ. എം. ചെറിയാനെപ്പറ്റിയും ഒരു വാക്ക് പറയേണ്ടത് ആവശ്യമാണ്. അദ്ദേഹം അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും അതിബൃഹത്തായ പതിനായിരം പേജിൽ കൂടുതൽ വരുന്ന "ഹൈന്ദവ ധർമ്മ സുധാകരം "എന്ന ഗ്രന്ഥത്തിന്റെ കർത്താവെന്ന പേരിൽ ചിരകാലം സ്മരിക്കപ്പെടും. അതിന്റെ ഒന്നാം വാല്യം ആയിരം പേജിൽ കൂടുതലുള്ളത് കഴിഞ്ഞ വർഷം മാത്രമാണ് പ്രകാശനം ചെയ്തത്. ഒരു ക്രിസ്ത്യാനി ഹിന്ദുമത പ്രധാനമായ ഇത്ര ബൃഹത്തായ ഒരു ആധികാരിക ഗ്രന്ഥം ചമച്ചത് ഹിന്ദുക്കളെപ്പോലും അത്ഭുതപ്പെടുത്തിയി രിക്കുകയാണ്.

## തിരുമേനിയുമായി ആദ്യത്തെ സംഭാഷണം

തിരുമേനി തിരുവനന്തപുരം ആർച്ച് ബിഷപ്പായി ശരവണക്കുന്നിൽ ( ഇന്നത്തെ അരമനയോടു ചേർന്നുള്ള പഴയ കെട്ടിടം കൂലിക്കെടുത്ത്) താമസിക്കുന്ന കാലം. ഞാൻ 1934ൽ മെട്രിക്കുലേഷൻ പാസ്സായി തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളജിൽ പഠിക്കുവാൻ ഒരുങ്ങുന്ന സമയം. തിരുമേനിയെക്കണ്ട് എന്നെ കോളജ് പ്രിൻസിപ്പാളിനു പരിചയപ്പെടുത്തുന്ന ഒരു കത്തും കൂടി വാങ്ങിക്കൊണ്ട് പോകുവാൻ ആഗ്രഹിച്ച് എന്റെ മൂത്ത ജ്യേഷ്ഠൻ പി. സി. ചാക്കോ സാറും ഞാനും കൂടി മൈലപ്രായിൽ ചെന്ന് (അന്ന് എന്തോ കാര്യത്തിന്



www.malankaralibrary.com

തിരുമേനി മൈലപ്രാ പള്ളിയിൽ വരുന്നുണ്ടായിരുന്നു.) തിരുമേനിയെ കാണുന്നു. കാര്യം പറഞ്ഞിട്ട് തിരുമേനി ഒരു മറുപടിയും പറയാതെ ഏതാനും നിമിഷത്തേക്ക് എന്നെ ചുഴിഞ്ഞൊരു നോട്ടം എന്നിട്ട് പറയുകയാണ് " നീ സെമ്മിനാരിയിൽ ചേരുക " അച്ചായനും ഞാനും അമ്പരന്നു. പള്ളി കർമ്മാദികളിൽ ശുശ്രൂഷകനായി സംബന്ധിക്കുന്നത് എനിക്ക് അതീവ സന്തോഷപ്രദമായിരുന്നുവെങ്കിലും ഇങ്ങിനെ ഒരു കാര്യത്തെപ്പറ്റി ചിന്തിച്ചിട്ടേയില്ലായിരുന്നു. " പിതാവേ ദൈവവിളി ഉണ്ടെന്ന് ബോദ്ധ്യം വരാതെ ഞാൻ എങ്ങനെയാണ് സെമ്മിനാരിയിൽ ചേരുക" എന്ന് സവിനയം ഞാൻ മറുപടി പറഞ്ഞു. ആ മറുപടി തിരുമേനിക്ക് ഇഷ്ടപ്പെട്ടതായി തോന്നി. " അതു ശരി നീ എന്റെ കൂടെ തിരുവനന്തപുരത്തിന് പോരുക ധ്യാനം കഴിയുമ്പോൾ നിനക്ക് ബോദ്ധ്യമാകും" എന്നായി തിരുമേനി " പിതാവേ ആൾത്തിരക്കുള്ള അരമനയിൽ എങ്ങനെ ധ്യാനിക്കും ഞാൻ. അയിരൂർ ആശ്രമത്തിൽ പോയി ധ്യാനിച്ചിട്ട് വിവരം പുറകെ പറയാം ഏതായാലും കുറെക്കൂടി പഠിക്കണമെന്നാണ് ഇപ്പോഴത്തെ ആഗ്രഹം." എന്ന് ഞാൻ ആവർത്തിച്ച് പറഞ്ഞപ്പോൾ ടൈപ്പിസ്റ്റിനെ വിളിച്ച് എഴുത്ത് ടൈപ്പ് ചെയ്യിച്ച് ഒപ്പിട്ട് തന്നു. ഉച്ചയൂണും തന്നാണ് ഞങ്ങളെ അവിടെ നിന്ന് വിട്ടത്. വാസ്തവത്തിൽ അവിടെ നിന്നും രക്ഷപെടാൻ വേണ്ടി മാത്രമാണ് ഞാൻ ധ്യാനിച്ചിട്ട് വിവരം പറയാമെന്ന് പറഞ്ഞത്. ബിഷപ്പിന്റെ വിളി ദൈവവിളിയുടെ ഒരു ലക്ഷണമാണെന്ന് ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ ഉപരി പഠനത്തിന് കച്ച കെട്ടിയിറങ്ങിയ എനിക്ക് മറ്റൊന്നും അപ്പോൾ ചിന്താവിഷയമായിരുന്നില്ല. ആ സംഭവം ഞാൻ പിൽക്കാലത്ത് ഓർക്കുമ്പോൾ യോനായുടെ കഥ എന്റെ സ്മൃതിപഥത്തിൽ എത്തുമായിരുന്നു. നിനവേയ്ക്ക് പോകാൻ ദൈവം പറഞ്ഞിട്ട് യോനാ പോയത് ടാർസിസിലേക്ക്. അവസാനം യോനാ അടിയറ പറഞ്ഞു ദൈവത്തിന്റെ പ്ലാൻ നടന്നു.

## രസകരമായ ഒരു ഉപകഥ

മേൽ പറഞ്ഞപ്രകാരം മൈലപ്രായിൽ എത്തിയപ്പോൾ തന്നെ തിരുമേനി തന്റെ കാറയച്ച് കടമ്മനിട്ട നിന്നും കടമ്മനിട്ടഅച്ചനേയും ( ഫാദർ പി. സി. വർഗ്ഗീസ് പുത്തൻപുരയ്ക്കൽ ) കരയിലെ ഹിന്ദുക്കളുടെ പ്രമാണിയായ കാവുങ്കോട്ടു കുറുപ്പിനേയും വരുത്തി. ഇവർ രണ്ട് പേരും കൂടിയാണ് കടമ്മനിട്ട ദേശം ഉദ്ധരിച്ചതും അവിടുത്തെ ഏത് പൊതുക്കാര്യവും തീരുമാനിച്ച് നടപ്പിലാക്കുന്നതും.



www.malankaralibrary.com

കുറുപ്പച്ചനു കസേര കൊടുത്തു ഇരുത്തി ബാക്കിയെല്ലാവരും ചുറ്റിനും നിന്നു. കടമ്മനിട്ട അച്ചൻ പുനരൈക്യപ്പെടാമെന്ന് സമ്മതിച്ച് പുതിയപള്ളി വെയ്ക്കാൻ സ്ഥലവും വാങ്ങിയിരുന്നു. തനിക്ക് പട്ടം നൽകിയ വട്ടശ്ശേരി തിരുമേനി ആസന്ന മരണനാകയാൽ അദ്ദേഹത്തിന്റെ മരണശേഷമേ പുനരൈക്യപ്പെടുകയുള്ളു എന്ന് പറഞ്ഞ് അല്പം മടിച്ച് നില്ക്കുന്ന സമയമായിരുന്നു. ഈ വിവരം തിരുമേനി കുറുപ്പച്ചനോട് പറഞ്ഞു. കുറുപ്പച്ചൻ ഇപ്രകാരം തിരുമേനിയോട് പറഞ്ഞു. "തിരുമേനീ ഈ കൊച്ചു കത്തനാരുടെ അപ്പൻ വല്യ കത്തനാര് അപ്രതീക്ഷിതമായി കോളറാ ബാധിച്ച് തിരുവനന്തപുരത്ത് വെച്ച് മരിച്ചുപോയി. അന്നു ഈ കൊച്ചുകത്തനാർക്ക് അഞ്ച് വയസ്സേയുള്ളൂ. പിന്നെ വല്യപ്പനാണ് വളർത്തിയതും പഠിപ്പിച്ചതും ശെമ്മാശു പട്ടം കൊടുപ്പിച്ചതും എല്ലാം. ആ വല്യപ്പൻ ആസന്ന മരണനായപ്പോൾ എന്നെ വിളിച്ച് പറഞ്ഞു "കൊച്ചുശെമ്മാശനെ ഞാൻ കുറുപ്പച്ചനെ ഏല്പ്പിക്കുന്നു എനിക്ക് പോകാൻ സമയമായി കുറുപ്പച്ചൻ വേണ്ടതെല്ലാം വേണ്ടവിധം ചെയ്യിക്കണം" ( സ്വന്തം കുടുംബത്തിൽ തന്നെ വൈദിക സ്ഥാന മോഹികളായ ഏതാനുംപേർ കൊച്ചുശെമ്മാശന് എതിരായിരുന്നു. അതുകൊണ്ടാണ് വിശ്വസ്ഥനായ കുറുപ്പച്ചനെ കൊച്ചുശെമ്മാശന്റെ ചുമതല വല്യപ്പൻ ഏല്പ്പിച്ചത് ) ഇത്രയും ആമുഖമായി പറഞ്ഞ ശേഷം കുറുപ്പച്ചൻ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ് അച്ചന്റെ വലതുകൈ പിടിച്ചുംകൊണ്ട് വന്ന് തിരുമേനിയുടെ വലംകൈയിൽ ഏൽപ്പിച്ചു കൊണ്ട് തികഞ്ഞ ഗൗരവത്തോടെ ഔപചാരികമായി പറയുകയാണ് "പ്രിയപ്പെട്ട കൊച്ചുകത്തനാരെ, താങ്കളുടെ വല്യപ്പൻ വിശ്വാസപൂർവ്വം എന്നെ ഏല്പ്പിച്ച കടമ ഞാൻ ഇന്നയോളം നിറവേറ്റി. ഇപ്പോൾ ഞാൻ വൃദ്ധനും ക്ഷീണിതനുമായിരിക്കുകയാണ് അതിനാൽ കൊച്ചുകത്തനാരുടെ ചുമതല തിരുമേനിയുടെ ബലമുള്ള കൈകളിൽ ഏല്പ്പിക്കുകയാണ് ഇന്ന്മുതൽ കൊച്ചുകത്തനാർ തിരുമേനിയുടെ കല്പനപ്രകാരം നടന്നുകൊള്ളണം " തിരുമേനി ഗൗരവം വിടാതെ മന്ദഹസിച്ചു ഞാനും ജ്യേഷ്ഠനും ഉൾപ്പെടെ ഈ നാടകീയത കണ്ടു നിന്ന ചിലർക്കെല്ലാം ചിരിപൊട്ടിയെങ്കിലും സന്ദർഭത്തിന്റെ ഗൗരവം ഓർത്ത് അത് കടിച്ചമർത്തി. കടമ്മനിട്ട അച്ചൻ ഉടനെതന്നെ പുനരൈക്യപ്പെട്ടു എന്നു പറയേണ്ടതില്ലല്ലോ. ഇതിലും രസകരമായ വസ്തുത കവുങ്കോട്ടു കുറുപ്പച്ചൻ അന്നുമുതൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രേഷിതനായി പ്രവർത്തിക്കാൻ തുടങ്ങി എന്നതാണ്.



www.malankaralibrary.com

പടിക്കൽകൂടി ഏതെങ്കിലും ക്രിസ്ത്യാനി കടന്ന് പോയാൽ കുറുപ്പച്ചൻ അയാളെ വിളിച്ച് കയറ്റിയിട്ട് പറയും " ചാക്കോയെ, നമ്മുടെ കൊച്ചുകത്തനാർ ഇപ്പോൾ ചേർന്നിരിക്കുന്ന സഭയാണ് സാക്ഷാൽ സത്യസഭ. അതുകൊണ്ട് നീയും കുടുംബവും അതിൽ ചേരാൻ ഒട്ടും മടിക്കേണ്ട. "

കടമ്മനിട്ടയിലെ പുതിയ മലങ്കരപ്പള്ളി പണിയുന്നതിന് ആവശ്യമായ മുഴുവൻ തേക്ക് തടിയും മൈക്കാടു ജോലിയും കടമ്മനിട്ടയിലെ നായന്മാരുടെ സംഭാവനയാണ്. പള്ളി കൂദാശയ്ക്ക് തിരുമേനി ചെന്നപ്പോൾ പള്ളിയിലേക്കുള്ള അതിഗംഭീരമായ സ്വീകരണം നായന്മാരുടെ ആഭിമുഖ്യത്തിലാണ് നടന്നത്. കൂദാശ കഴിഞ്ഞ് നടന്ന മീറ്റിംഗിൽ കടമ്മനിട്ടയിലെ സമുദായ മൈത്രിയേയും നായന്മാരുടെ നല്ല മനസ്സിനേയും തിരുമേനി മുക്തകണ്ഠം പ്രകീർത്തിക്കുകയുണ്ടായി. അന്നു തിരുവനന്തപുരത്ത് സെമ്മിനാരിയിൽ പഠിച്ചിരുന്ന ഞാനും തിരുമേനിയുടെകൂടെ പോയി ഇതിലെല്ലാം സംബന്ധിച്ചു. കടമ്മനിട്ട അച്ചൻ എന്റെ അമ്മാച്ചന്റെ മകൻ(cousin) ആയിരുന്നു.

കടമ്മനിട്ട അച്ചന്റെ പിതാവായിരുന്ന വല്യപ്പച്ചൻ പുത്തൻ പുരയ്ക്കൽ ഗീവറുഗ്ഗീസ് കത്തനാരുടെ ( എന്റെ അമ്മാച്ചൻ ) മരണം അല്പം ചരിത്ര പ്രധാനമുള്ള ഒരു സംഭവമാകയാൽ അതേപ്പറ്റി രണ്ടു വാക്ക് ഇവിടെ പറയുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. വല്യച്ചൻ യാക്കോബായ സഭയിലെ അന്നത്തെ പ്രമുഖ വൈദികരിൽ ഒരുവനായിരുന്നു. അദ്ദേഹം പരുമലയിലെ പരിശുദ്ധൻ എന്ന് പ്രകീർത്തിക്കപ്പെടുന്ന ചാത്തുരിത്തിൽ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ശിഷ്യനും കാലാന്തരത്തിൽ അദ്ദേഹത്തിന്റെ സെക്രട്ടറിയും പരുമല സെമ്മിനാരി റൈക്റ്ററും ആയിരുന്നു. മാർ ഗ്രിഗോറിയോസ് തിരുമേനിയോടൊപ്പം അന്ന് യരുശലേമിലേക്ക് തീർത്ഥാടന യാത്രയും നടത്തിയിട്ടുണ്ട്. ആദ്യമായി ഒരു ഇന്ത്യാ വൈസ്രോയി തിരുവനന്തപുരത്ത് സന്ദർശനാർത്ഥം വരുന്ന വിവരം അറിഞ്ഞ് തിരുവനന്തപുരത്തുണ്ടായിരുന്ന പൊളിറ്റിക്കൽ ഏജന്റ് മുഖേന വൈസ്രോയിയുമായി കൂടിക്കാഴ്ച നടത്തുന്നതിന് അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്യാസ്യോസ് അനുവാദവും വാങ്ങിയിരുന്നു. അന്നു കൂടെ പോയിരുന്നത് പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയും കടമ്മനിട്ട വല്യച്ചനും ആയിരുന്നു. ഇന്നേക്ക് ഒരു നൂറ്റാണ്ടു മുമ്പായിരുന്നു എന്ന് ഓർക്കണം.



www.malankaralibrary.com

M. C. റോഡില്ല, മോട്ടോർ വാഹനമില്ല, വില്ലു വണ്ടിയിൽ പരുമലയിൽ നിന്ന് കൊല്ലത്തെത്തി. കൊല്ലത്ത് വെച്ച് ഉച്ചഭക്ഷണം കഴിച്ചു. കൊല്ലത്ത് അന്ന് കോളറാ ഉണ്ടായിരുന്ന സമയമാണ്. കൊല്ലത്ത് നിന്നും തിരുവനന്തപുരത്തിനുള്ള യാത്ര വർക്കല തുരങ്കത്തിന് കീഴെക്കൂടെ വള്ളത്തിലായിരുന്നു. വള്ളത്തിൽ കയറിയപ്പോൾ മുതൽ വല്യച്ചന് കോളറായുടെ ലക്ഷണം കണ്ടു തുടങ്ങി. അതിവേഗം ഊന്നിയും തുഴഞ്ഞും ഒരു കണക്കിന് തിരുവനന്തപുരത്ത് ചാക്കക്കടവിൽ എത്തി. രോഗം മൂർഛിച്ചതിനാൽ ഉടനെ അച്ചനെ ഒരു കുതിര വണ്ടിയിൽ കയറ്റി ജനറൽ ഹോസ്പിറ്റലിലെത്തിച്ചു. സ്വന്തക്കാർ മറ്റാരും കൂടെ ഇല്ലാത്തതിനാൽ തിരുമേനിമാർ കൂടെ നിന്നു അച്ചൻ മരിച്ചു. ഈ സാഹചര്യത്തിൽ വൈസ്രോയിയുമായുള്ള കൂടിക്കാഴ്ച ക്യാൻസൽ ചെയ്തു. എവിടെ ശവമടക്ക് നടത്തും എന്നുള്ളത് പ്രശ്നമായി. കോളറാ മരണമാണ്. മൃതദേഹം വിദൂര സ്വദേശത്ത് എത്തിക്കുക അസാദ്ധ്യം തിരുവനന്തപുരത്ത് അന്ന് യാക്കോബായ പള്ളിയില്ല. ലത്തീൻ കത്തോലിക്കാപള്ളി അധികൃതർ അനുഭാവ പൂർവ്വം പെരുമാറുമെന്ന് വിശ്വസിക്കുവാൻ പ്രയാസം. അവസാനം പാളയത്തെ C. M. S പള്ളി ( Christ Church ) പാസ്റ്ററെ കണ്ടു. അദ്ദേഹം ഒരു ബ്രിട്ടീഷുകാരനായിരുന്നു. വിവരം പറഞ്ഞപ്പോൾ അദേഹം സഹായിക്കാൻ തയ്യാറായി. അങ്ങനെ മൃതദേഹം രണ്ട് തിരുമേനിമാരുടെ ശുശ്രൂഷയോടെ പാളയം C. M. S. പള്ളിയുടെ മുറ്റത്ത് അടക്കം ചെയ്തു. അന്നു ഏകമകനായ പിൻഗാമി അഞ്ച് വയസ്സുള്ള ശിശുവായിരുന്നു.

സെമ്മിനാരി വിദ്യാർത്ഥി, തുടർന്ന് വൈദികൻ എന്നീ നിലകളിൽ തിരുമേനിയോടൊത്ത് ജീവിക്കുന്ന കാലത്തെ എന്റെ സ്മരണകളിലേക്ക് പ്രവേശിക്കുന്നതിന് മുമ്പായി അഭിവന്ദ്യ പിതാവിന്റെ ആദ്യകാല പ്രവർത്തനങ്ങളെപറ്റിയുള്ള സ്മരണകൾ അവതരിപ്പിക്കുന്നത് യുക്തമായിരിക്കുമെന്നു കരുതുന്നു. ഇനിയും അതിന് തുനിയുകയാണ്.

### കൂദാശശെമ്മാശൻ

അഭിവന്ദ്യ തിരുമേനി ശെമ്മാശനായിരിക്കുമ്പോൾ തന്നെ (പണിക്കരു ശെമ്മാശൻ) മലങ്കര യാക്കോബായ സുറിയാനി സഭാ പ്രശ്നങ്ങളെപ്പറ്റി വിശാലമായും ഗൗരവപൂർണ്ണമായും ചിന്തിക്കുന്നതിലും അതിനുള്ള ശരിയായ പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിലും



www.malankaralibrary.com

ദത്തശ്രദ്ധനായിരുന്നു. വിശ്വാസികളുടെ ആദ്ധ്യാത്മിക ജീവിതത്തിലെ തളർച്ചയും മലങ്കരസഭയിൽ നിർഭാഗ്യവശാൽ ഉണ്ടായ ചേരിതിരിവുകളും വേർപാടുകളും അദ്ദേഹത്തിന്റെ പ്രത്യേക ശ്രദ്ധ ആകർഷിച്ച വിഷയങ്ങളായിരുന്നു. ആ ചിന്തയുടെ പരിണിത ഫലങ്ങളായിരുന്നു പിന്നീടുണ്ടായ സന്യാസസഭാ സ്ഥാപനങ്ങളും പുനരൈക്യ പ്രസ്ഥാനവും എല്ലാം തന്നെ. അദ്ദേഹത്തിന്റെ ചിന്തകൾ സൃഷ്ടിപരവും കർമ്മ പരിപാടികൾ പ്രായോഗികവും അടിസ്ഥാനപരവും ആയിരുന്നു. പ്രഥമ നടപടിയായിത്തന്നെ വിശ്വാസികളെ പ്രാർത്ഥനാ ജീവിതത്തിലും കൂദാശാ സ്വീകരണത്തിലും ഉൽബുദ്ധരാക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. വലിയ നോമ്പുകാലത്ത് പ്രത്യേകിച്ച് പെസഹായോട് അനുബന്ധിച്ച് വിശ്വാസികൾ കുമ്പസാരിച്ച് കുർബ്ബാന കൈക്കൊള്ളുന്ന പതിവ് യാക്കോബായ സഭയിൽ ഉണ്ടായിരുന്നെങ്കിലും കൂടെക്കൂടെയുള്ള വി. കുമ്പസാരവും വി. കുർബ്ബാന സ്വീകരണവും പൊതുവായി പറഞ്ഞാൽ വിശ്വാസികളുടെ ഇടയിൽ പതിവില്ലായിരുന്നു. എന്നാൽ ആത്മീയ നവീകരണത്തിനും പുണ്യജീവിത പുരോഗതിക്കും ഈ കൂദാശകളുടെ തുടരെയുള്ള സ്വീകരണം അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കിയ പണിക്കരു ശെമ്മാശൻ അതിനായുള്ള കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു. ഈ ഉദ്ദേശം മുൻനിർത്തിക്കൊണ്ട് അദ്ദേഹം നാട്ടിലുടനീളം സഞ്ചരിച്ച് പള്ളികളിൽ ഈ വിഷയത്തെ പുരസ്ക്കരിച്ച് പ്രസംഗിച്ചുകൊണ്ട് വിശ്വാസികൾക്ക് ഉത്തേജനം നൽകി. " ആത്മാവിന്റെ കളിയും ഊണും " എന്ന പേരിൽ ഒരു ലഘുലേഖ തന്നെ പ്രസിദ്ധീകരിച്ചു. ഇപ്രകാരമുള്ള പുതിയ പ്രവർത്തനങ്ങൾ പണിക്കര് ശെമ്മാശന് " കൂദാശ ശെമ്മാശൻ " എന്ന പുതിയ പേര് നേടിക്കൊടുത്തു.

## എം. ഏ. അച്ചൻ

യാക്കോബായ സഭയിലെ വൈദികഗണത്തിൽ ആദ്യമായി എം. എ. ഡിഗ്രിയെടുക്കുന്നത് പണിക്കർ അച്ചൻ ആയിരുന്നു. അതു സഭയിലെ ഒരു പ്രധാന സംഭവമായി അന്നുള്ളവർ കരുതുകയും അന്നു മുതൽ അദ്ദേഹം എം. എ. അച്ചൻ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു തുടങ്ങി. ഇതിൽക്കൂടി അദ്ദേഹത്തിനുണ്ടായ പുതിയ പ്രശസ്തി ശരിക്കും ദൈവതിരുനാമ മഹത്വത്തിനായി അദ്ദേഹം വിനിയോഗിച്ചു. നാടു നീളെ സഞ്ചരിച്ച് പ്രധാന പള്ളികളിലെല്ലാം



www.malankaralibrary.com

കൺവൻഷൻ സംഘടിപ്പിച്ച് പ്രഗത്ഭമായി പ്രസംഗിച്ചു. ഏതു വിഷയവും വിദഗ്ദ്ധമായി വിശകലനം ചെയ്ത് പ്രസംഗിക്കുവാൻ അദ്ദേഹത്തിന് നൈപുണ്യമുണ്ടായിരുന്നു. കവിയൂർ തോട്ടഭാഗം പള്ളിയിൽ അസാധാരണമായി ഒരു മാസത്തിലധികം നീണ്ട് നിന്ന ഒരു പ്രസംഗ പരമ്പരയിൽ വിതക്കാരന്റെ ഉപമ മാത്രമായിരുന്നു പ്രസംഗ വിഷയം. അതിന്റെ നാനാവശങ്ങളെപ്പറ്റി പ്രഗത്ഭമായി അദ്ദേഹം വചന ശുശ്രൂഷ നടത്തി. ഇടവകക്കാർക്ക് എല്ലാവർക്കും മുടക്കം കൂടാതെ ഈ സായാഹ്ന പരിപാടിയിൽ എല്ലാ ദിവസവും സംബന്ധിക്കുവാൻ ബുദ്ധിമുട്ടുണ്ടാകുക സഹജമാണല്ലോ. ഒരു ദിവസം പോകാൻ പറ്റാത്ത ഒരാൾ പോയ ഒരുവനോട് "എന്താ ചേട്ടാ പാറപ്പുറത്തെ വിത്ത് കഴിഞ്ഞോ" എന്നു ചോദിച്ചതായും കേട്ടിട്ടുണ്ട്. എം. എ. അച്ചന്റെ പ്രസംഗശൈലി പ്രത്യേകമായിരുന്നു. കാവി വസ്ത്രധാരിയായി കുരിശുള്ള കറുത്ത തൊപ്പിയും ധരിച്ച് പലപ്പോഴും കണ്ണടച്ച് പിടിച്ചു കൊണ്ട് നിന്നു കൊണ്ടോ ഇരുന്നു കൊണ്ടോ മണിക്കൂറുകൾ തുടർച്ചയായി പ്രസംഗിക്കുന്നതിൽ അദ്ദേഹത്തിനോ ശ്രോതാക്കൾക്കോ ഒരു മടുപ്പും തോന്നിയിരുന്നില്ല. ലളിതവും എന്നാൽ ഹൃദയത്തിലേക്ക് തുളച്ച് കയറുന്നതുമായ ഭാഷ. വാസ്തവത്തിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നില്ല. ഉച്ചത്തിൽ സ്വയം ധ്യാനിക്കുക മാത്രമായിരുന്നു.

## എം. ഡി. ഹൈസ്ക്കൂൾ പ്രിൻസിപ്പാൾ

പ്രശസ്തനും പ്രഗത്ഭനും പഴയ ബി. എ. ക്കാരനുമായിരുന്ന കണ്ടത്തിൽ കെ. സി. മാമ്മൻ മാപ്പിള എം. ഡി. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായി ഇരിക്കുമ്പോഴാണ് ഒരു കാലത്ത് തന്റെ വിദ്യാർത്ഥി ആയിരുന്ന പണിക്കരച്ചൻ എം. എ. പാസ്സായി എം. ഡി. ഹൈസ്ക്കൂൾ അദ്ധ്യാപകനായി വരുന്നത്. അവിടെ ചെറിയ ഒരു പ്രശ്നം. വൈദികനും എം. എ. ക്കാരനുമായ പണിക്കരച്ചനെ എങ്ങനെയാണ് ബി. എ. ക്കാരനായ ഹെഡ്മാസ്റ്ററുടെ താഴെ നിയമിക്കുക. അതിന് പരിഹാരമായി വട്ടശ്ശേരിൽ മാർ ദീവന്യാസ്യോസ് മെത്രാപ്പോലീത്താ കണ്ടുപിടിച്ച മാർഗ്ഗമാണ് അച്ചനെ പ്രിൻസിപ്പാളായി നിയമിക്കുക എന്നത്.
(ഹൈസ്ക്കൂളിൽ സാധരണയായി പ്രിൻസിപ്പാൾ ഇല്ലല്ലോ) അധികം താമസിയാതെ മാമ്മൻ മാപ്പിള തന്റെ കുടുംബ വകയായുണ്ടായിരുന്ന "മനോരമ" പത്രത്തിന്റെ പ്രവർത്തനത്തിലേക്ക് പിന്തിരിയുകയും ചെയ്തു.



www.malankaralibrary.com

പിതാവ് മരിക്കുന്നതിനെ തൊട്ട് മുമ്പ് മാമ്മൻ മാപ്പിള പിതാവിനെ കാണാൻ വന്ന വിവരം പുറകെ വിവരിക്കുന്നതാണ്.

## മലങ്കരയിലെ കാത്തോലിക്കാ സിംഹാസന സ്ഥാപന ശില്പി

യാക്കോബായ സഭയുടെ അന്ത്യോക്യായിലെ അബ്ദള്ളാ പാത്രീയർക്കീസ് മലങ്കരയിൽ വന്നതും താൻ ആഗ്രഹിച്ചതു പോലെ പള്ളി സ്വത്തുക്കളിന്മേൽ ലൗകീക അധികാരം ലഭിക്കായ്കയാൽ കോപിച്ച് മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരി മാർ ദിവന്യാസ്യോസിനെ മുടക്കിയതും തുടർന്നുണ്ടായ വാദകോലാഹലങ്ങളും ചേരിതിരിവുകളും കോടതി കേസുകളും അടിപിടികളും കൊലപാതകങ്ങളും ഇവിടെ വിവരിക്കുന്നില്ല. ഇന്നും ആ കേസ് പൂർണ്ണമായും ശമിച്ചിട്ടില്ല എന്ന സത്യം അനുവാചകർക്ക് അറിവുള്ളതാണല്ലോ. മലങ്കരയിലെ കാത്തോലിക്കാ സിംഹാസനം സ്ഥാപിച്ച് "ശീമ"ക്കാരുടെ പിടിയിൽ നിന്നും ഒഴിഞ്ഞ് സ്വതന്ത്രമായ ഒരു നിലപാട് ( അന്തോക്യായുടെ ആത്മീയ മേൽക്കോയ്മ അംഗീകരിച്ചു കൊണ്ട് തന്നെ ) സ്വീകരിക്കുക മാത്രമാണ് ഇതിന് പ്രതിവിധിയെന്ന് ക്രാന്തദർശിയായ എം. എ. അച്ചൻ കണ്ടു പിടിച്ചു. പക്ഷെ പാത്രിയാർക്കീസാണല്ലോ കാത്തോലിക്കായെ വാഴിക്കാൻ അധികാരമുള്ളവൻ. ആ പാത്രിയാർക്കീസാണ് മുടക്ക് കല്പനയെന്ന ഖഡ്ഗം എടുത്ത് പ്രയോഗിച്ചിരിക്കുന്നത്. ചുഴിഞ്ഞ് ആലോചിച്ചപ്പോൾ സൂക്ഷ്മദൃക്കും സഭാവിജ്ഞാന വിശാരദനുമായ എം. എ. അച്ചൻ അതിന് ശരിയായ ഒരു ഉപശാന്തി കണ്ടുപിടച്ചു. അബ്ദുള്ള, പാത്രിയാർക്കീസിന്റെ മുൻഗാമി അബ്ദേദ് മിശിഹോ അന്യായമായി തുർക്കി ഗവൺമെന്റിനാൽ പാത്രിയാർക്കി സ്ഥാനത്തു നിന്നും നിഷ്ക്കാസിതനായി അന്ന് മർദ്ദീനിൽ വിശ്രമിക്കുന്നുണ്ടായിരുന്നു. ( തുർക്കി ഗവൺമെന്റിന്റെ അനുശാസന പ്രകാരം ടർക്കി സുൽത്താന്റെ ഫെർമാൻ - അംഗീകാരം - വേണമായിരുന്നു പാത്രിയാർ ക്കീസിന് തന്റെ അധികാരം പ്രയോഗിക്കാൻ) കാനോനികമായി തുർക്കി ഗവൺമെന്റിന് പാത്രിയാർക്കീസിന്റെ മേൽ അധികാരമില്ല എന്നു മനസ്സിലാക്കിയ എം. എ. അച്ചൻ രഹസ്യമായി അബ്ദേദ് മിശിഹായുമായി സമ്പർക്കത്തിൽ ഏർപ്പെട്ടു. മലങ്കരയിൽ വന്ന് കാത്തോലിക്കായെ വാഴിച്ച് തന്ന് ഈ ദുർഘട സന്ധിയിൽ നിന്നും



www.malankaralibrary.com

മലങ്കര യാക്കോബായ സഭയെ രക്ഷിക്കണമെന്ന് അപേക്ഷിച്ചു. അതിന് വേണ്ട എല്ലാ ചെലവുകളും ഇവിടെ നിന്ന് വഹിച്ചുകൊള്ളാമെന്നും അറിയിച്ചു. അദ്ദേഹത്തിൽ നിന്നും അനുകൂലമായ മറുപടി ലഭിച്ച ശേഷമാണ് വിവരം മലങ്കര മെത്രാപ്പോലിത്തായെപ്പോലും അറിയിക്കുന്നത്. മുടക്ക് കല്പന ലഭിച്ചപ്പോൾ ഗംഭീരനെങ്കിലും സങ്കടത്താൽ കരഞ്ഞുപോയ ദിവന്നാസ്യോസ് തിരുമേനി എം. എ. അച്ചനിൽ നിന്നും ഈ സദ്‌വാർത്ത കേട്ടപ്പോൾ സന്തോഷം കൊണ്ട് കരഞ്ഞു. വിവരം മണത്തറിഞ്ഞ എതിർപാർട്ടികൾ അബ്ദേദ് മിശിഹായുടെ മലങ്കര സന്ദർശനം തടയുന്നതിന് ആവശ്യമായ കരുക്കൾ എല്ലാം നീക്കിയെങ്കിലും അതെല്ലാം നിഷ്ഫലമായി. എം. എ. അച്ചനും സമുദായ പ്രമാണികളും അബ്ദേദ്മിശിഹയെ ബോംബെയിൽ പോയി സ്വീകരിച്ചു. കേരളത്തിലേക്ക് ആനയിച്ചു. ഇവിടെ വന്ന ശേഷവും അപ്രതീക്ഷിതമായി പാത്രിയാർക്കീസിനോടൊപ്പം വന്ന രണ്ട് "ശീമ"റമ്പാന്മാർ തടസ്സം സൃഷ്ടിച്ചു. മലങ്കരയിൽ കത്തോലിക്കായെ വാഴിച്ച് കൊടുത്താൽ അന്തോക്യായുടെ മലങ്കര മേൽ ഉള്ള പിടി വിട്ടു പോകുമെന്നായിരുന്നു അവരുടെ വാദമുഖം. മാത്രമല്ല അങ്ങനെ അവരുടെ അഭിപ്രായത്തിനെതിരായി പ്രവർത്തിച്ചാൽ കപ്പലിൽ തിരിച്ച് പോകുമ്പോൾ വൃദ്ധനായ പാത്രിയാർക്കീസിനെ എടുത്ത് കടലിൽ എറിഞ്ഞുകളയും എന്ന ഭീഷിണിയും മുഴക്കി. പാത്രിയാർക്കീസ് അവരുടെ ഭീഷിണികൾക്ക് വഴങ്ങരുതെന്നും അദ്ദേഹത്തിന്റെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ തെല്ലും ആശങ്ക വേണ്ടെന്നും ആവശ്യമെങ്കിൽ അദ്ദേഹത്തോടൊപ്പം മാർദ്ദീൻ വരെ ചെല്ലാമെന്നും ശക്തമായ ഉറപ്പ് കൊടുത്ത് എം. എ. അച്ചൻ കത്തോലിക്കാ വാഴ്ച പ്ലാനിംഗനുസരിച്ച് ഭംഗിയായി നടത്തിച്ചു. മടക്കയാത്രയിൽ ബോംബെയിൽ ചെന്ന് പാത്രിയാർക്കീസിനെ കൂടുതൽ സുഖസൗകര്യങ്ങളുള്ള ഒരു V. I. P. കപ്പലിലും (P&O കമ്പനി വക) റമ്പാന്മാരെ കൂലി കുറവുള്ള ഒരു "സദാ" കപ്പലിലും കയറ്റി അയച്ചു. അങ്ങനെ ഭീഷിണിയുടെ പ്രശ്നം പരിഹരിച്ചു. അങ്ങനെ മലങ്കരയിലെ കത്തോലിക്കാ സിംഹാസന സ്ഥാപനത്തിന്റെയും അതുവഴി വന്ന എല്ലാ ഉത്ക്കർഷത്തിന്റെയും ഏതു ഉത്തരവാദി എം. എ. അച്ചൻ മാത്രമാണെന്നുള്ള സത്യം മറക്കുവാനോ മറയ്ക്കുവാനോ സാദ്ധ്യമല്ലാത്തവിധം മലങ്കരയിലെ സഭാ ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠനേടിയ സത്യമായിത്തീർ ന്നിരിക്കുകയാണ്. എന്നിട്ടും ഏതാനും വർഷം മുമ്പ് മലങ്കര സഭയിലെ കത്തോലിക്കാ



www.malankaralibrary.com

സിംഹാസന സ്ഥാപനത്തിന്റെ ജൂബിലി അതി ഗംഭീരമായി കോട്ടയത്ത് വെച്ച് ആഘോഷിച്ചപ്പോൾ ഈ സ്ഥാപനത്തിന്റെ സാക്ഷാൽ കാരണക്കാരൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായാണെന്ന് പ്രസ്താവിക്കുന്നതിനുള്ള ഔചിത്യവും സത്യത്തോടുള്ള ബഹുമാനവും അതിന്റെ സംഘാടകർ കാട്ടിയില്ല എന്ന വസ്തുത അതി ഖേദപൂർവം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. പിൽക്കാലത്ത് യാക്കോബായ ഓർത്തഡോക്സ് വേർതിരിവ് ഉറച്ചപ്പോൾ കാതോലിക്കമാർ രണ്ടായി എന്നും നമുക്ക് അറിയാം. ഇപ്പോൾ കാതോലിക്കാ തന്നെയാണ് മലങ്കര മെത്രാപ്പോലിത്താ സ്ഥാനവും വഹിക്കുന്നത്.

## സെറാമ്പൂർ കോളജ് പ്രൊഫസർ

കൽട്ടായിക്ക് അടുത്തുള്ള സെറാമ്പൂരിലെ കോളജ് അധികൃതരുടെ ( ഈ കോളജ് ഹൈ ചർച്ച് മിഷനറിമാർ നടത്തുന്നു) അഭ്യർത്ഥന അനുസരിച്ച് മലങ്കര മെത്രാപ്പോലിത്തായുടെ അനുവാദത്തോടു കൂടി എം. എ. അച്ചൻ അവിടെ പ്രൊഫസറുടെ ചുമതല ഏറ്റെടുത്തു. ഇതിൽക്കൂടി സ്വന്തമായ ഒരു നേട്ടവും ഉണ്ടാക്കാനല്ല എം. എ. അച്ചൻ ആഗ്രഹിച്ചത്. സുറിയാനി സഭയുടെ ഔന്നത്യത്തിനു വേണ്ടി അഭ്യസ്ഥവിദ്യരായ വൈദികർ ആവശ്യമാണെന്ന് മനസ്സിലാക്കി ദൈവവിളി ഉണ്ടെന്ന് തോന്നിയ അനേകം യുവാക്കളെ അദ്ദേഹം സെറാമ്പൂരിൽ കൊണ്ടുപോയി സ്വന്തമായി മുഴുവൻ ചെലവും വഹിച്ചു ഡിഗ്രിയെടുപ്പിക്കുകയും. ദൈവോന്മുഖമായ സന്യാസ ജീവിതത്തിന് പ്രഥമ പരിശീലനം നൽകുകയും ചെയ്തു. പിൽക്കാലത്ത് ഒരു സന്യാസാശ്രമം സ്ഥാപിക്കണമെന്നുള്ള ആഗ്രഹം എം. എ. അച്ചന്റെ മനസ്സിൽ രൂപം കൊണ്ട് വരികയായിരുന്നു. ഇങ്ങനെ വിദ്യാഭ്യാസവും പരിശീലനവും ലഭിച്ച പലരും സഭയിൽ മെത്രാന്മാരും വൈദികരും ബഥനി ആശ്രമസ്ഥരുമായിത്തീർന്നു എന്നത് എം. എ. അച്ചന്റെ നിസ്സ്വാർത്ഥമായ സഭാസേവന മനോഭാവത്തേയും ക്രാന്തദർശിത്വത്തേയും സംഘടനാ പാടവത്തേയും എടുത്ത് കാണിക്കുന്നു.

ഉൽബുദ്ധരും ഉൽപതിഷ്ണുക്കളുമായ അമ്മമാരില്ലാത്ത ഒരു സമുദായവും പുരോഗതി പ്രാപിക്കുകയില്ല എന്ന് മനസ്സിലാക്കിയിരുന്ന എം. എ. അച്ചൻ സ്വസമുദായത്തിലെ സ്ത്രീജനങ്ങളുടെ ഉദ്ധാരണത്തിനുള്ള മാർഗ്ഗവും കണ്ടുപിടിച്ചു. സ്ത്രീകളുടെ ഉന്നമനത്തിനായി ഒരു കന്യാസ്ത്രീ മഠവും പിൽക്കാലത്ത്



www.malankaralibrary.com

സ്ഥാപിക്കണമെന്ന് മനസ്സിൽ കരുതിക്കൊണ്ട് അതിനുള്ള പ്രഥമ പടിയായി ഉൽക്കൃഷ്ട കുടുംബങ്ങളിൽ നിന്ന് ത്യാഗപൂർവ്വമായ സേവന മനോഭാവത്തോടു കൂടി മുമ്പോട്ട് വന്ന ഏതാനും യുവതികളെ ബാറിസോളിലെ ആംഗ്ലിക്കൻ സന്യാസിമാരെക്കൊണ്ട് പരിശീലിപ്പിച്ചു. അവരാണ് യഥാസമയം രൂപംകൊണ്ട ബഥനി മഠത്തിലെ ആദ്യത്തെ അന്തേവാസികൾ. സന്യാസാശ്രമമോ, മഠമോ അന്നേവരെ മലങ്കരയിലെ പുത്തൻകൂർ സമുദായത്തിൽ ഉണ്ടായിരുന്നില്ല. സെറാമ്പൂരിലെ തന്റെ കനത്ത ശമ്പളം മുഴുവനും ഈ നല്ല കാര്യങ്ങൾക്കായി ചെലവഴിക്കാൻ കഴിഞ്ഞതിൽ എം. എ. അച്ചൻ ചാരിതാർത്ഥ്യമടഞ്ഞു.

## ആശ്രമസ്ഥാപകനായ ആബോ ഗീവറുഗ്ഗീസ്

സഭയുടെ ആത്മീയ ജീവൻ വളർത്തുവാൻ ഉപകരിക്കുന്ന ഊർജ്ജത്തിന്റെ ഒരു മുഖ്യ സ്രോതസ്സായിട്ടാണല്ലോ ക്രൈസ്തവ സഭയിൽ സന്യാസ ഭവനങ്ങൾ കണക്കാക്കപ്പെടുക. മല്ലടിച്ച് വളർച്ച മുരടിച്ച് പോയ സഭയ്ക്ക് ഒരു നവോത്ഥാനം നൽകുവാനാണല്ലോ മുഖ്യമായും ആശ്രമസ്ഥാപനത്തിന് എം. എ. അച്ചൻ മുതിർന്നത്. പാശ്ചാത്ത്യ നാടുകളിൽ ആരംഭിച്ചതും കേരള കത്തോലിക്കാ കേന്ദ്രങ്ങളിൽ ശാഖകൾ ഉള്ളതുമായ കർമ്മലീത്ത, ഫ്രാൻസിസ്ക്കൻ, ഈശോസഭ, സാലേഷ്യൻ ആദിയായ സന്യാസസഭകളുടെ നിയമാവലിയും ജീവിതശൈലിയും അദ്ദേഹത്തെ ആകർഷിച്ചില്ല. ഉൽപതിഷ്ണുവും ആവശ്യമുള്ളടത്ത് യാഥാസ്ഥിതികനുമായ അദ്ദേഹം തന്റെ സന്യാസസഭ വിശ്വാസത്തിൽ ക്രിസ്തീയവും ആരാധനയിൽ പൗരസ്ത്യവും ആയിരിക്കുന്നതു പോലെ തന്നെ സംസ്ക്കാരത്തിലും ജീവിത ശൈലിയിലും തനി ഭാരതീയരായിരിക്കണമെന്ന കാര്യത്തിൽ നിർബന്ധമുള്ളവനായിരുന്നു. ഹിന്ദു രാജ്യമായ ഭാരതത്തിൽ ഇന്ത്യൻ സന്യാസിമാരുടെ ജീവിത ശൈലിയിൽ ജീവിച്ചാലെ സാധാരണ ഇന്ത്യാക്കാരനെ ആകർഷിക്കുവാനും മിഷ്യൻ വേല ഫലപ്രദമായ രീതിയിൽ അവരുടെ ഇടയിൽ ചെയ്യുവാനും സാദ്ധ്യമാവുകയുള്ളു എന്ന് ക്രാന്തദർശിയായ അദ്ദേഹം മനസ്സിലാക്കിയിരുന്നു. ഹിന്ദു സന്യാസിമാരുടെ ജീവിത ക്രമം തനി ഭാരതീയമായിരുന്നു. ഹിന്ദുത്വം ഒരു വിശ്വാസ സമുച്ചയം എന്നതിനേക്കാൾ ഒരു ആചാര ശൈലിയായിരുന്നു. ക്രിസ്തു പൂർത്തീകരിക്കാനാണ് വന്നത് ഇല്ലാതാക്കാനല്ല. അനുകരണീയമായ നല്ല കാര്യങ്ങൾ നമ്മുടെ ദേശീയ



www.malankaralibrary.com

സംസ്ക്കാരത്തിലുള്ളത് നഷ്ടപ്പെടാതെ സൂക്ഷിക്കണം. ( കേരളത്തിലെ സുറിയാനിക്കാർ കാര്യമായ തോതിൽ അപ്രകാരം ചെയ്യുന്നുണ്ട് ) ഫലപ്രദമായ മിഷ്യൻ പ്രവർത്തനത്തിന് സാംസ്ക്കാരിക അനുരൂപണം അത്യന്താപേക്ഷിതമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഊന്നിപ്പറയുന്നുമുണ്ട്. കൗൺസിലിന് എത്രയോ മുൻപ് തന്നെ തന്റെ സന്യാസസഭാ സ്ഥാപനത്തിൽ മാർ ഈവാനിയോസ് തിരുമേനി ഈ തത്വം ഗ്രഹിക്കുകയും നടപ്പാക്കുകയും ചെയ്തിരുന്നു.

പുരാതനവും മഹത്തരവുമായ ഗ്രീക്ക് തത്വചിന്തയെ ക്രൈസ്തവ തത്വശാസ്ത്രവും ദൈവശാസ്ത്രവും ആഴത്തിൽ പഠിക്കുന്നതിന് ഉത്തമമായ ഒരു ഉപകരണമാക്കി തീർക്കുകയാണ് തത്വശാസ്ത്രവിശാരദനും വേദശാസ്ത്ര പണ്ഡിതനും സഭയുടെ മല്പാനുമായ വി. തോമസ് അക്വിനാസ് ചെയ്തത്. ഏതാണ്ട് ഇതുപോലെ ഒരളവ് വരെ ക്രൈസ്തവ സന്യാസ ജീവിതത്തെ ആർഷ ഭാരത സംസ്ക്കാരവുമായി സമന്വയിപ്പിച്ചു ഭാരതീകരിക്കയാണ് മാർ ഈവാനിയോസ് ചെയ്തത്. ഇവിടെയാണ് മാർ ഈവാനിയോസിന്റെ പ്രസക്തി.

ഫാദർ ഡെനോബിലി, സെന്റ് ജോൺസ് ബ്രിട്ടോ, ആദിയായ ക്രാന്തദർശികളായ വളരെ ചുരുക്കം പാശ്ചാത്യ മിഷനറിമാർ കഴിഞ്ഞ നൂറ്റാണ്ടിൽ മിഷ്യൻ രംഗത്ത് ഫലപ്രദമായി ദേശീയ അനുരൂപണ പ്രക്രിയ പരീക്ഷിച്ച് നോക്കിയെങ്കിലും അതിന് പിന്നാലെ പ്രവർത്തിക്കുവാൻ ആളില്ലാതെ പോയതിനാൽ ആ സംരംഭം അകാലത്തിൽ കൂമ്പടഞ്ഞു പോയി. മേൽ പറഞ്ഞ അസാധാരണ പ്രേഷിതരെ ഒഴിച്ച് നിർത്തിയാൽ പ്രായേണ എല്ലാ പാശ്ചാത്യ മിഷ്യനറിമാരും അവരുടെ സുവിശേഷ പ്രവർത്തനത്തിനോടൊപ്പം അറിഞ്ഞോ അറിയാതെയോ അവരുടെ പാശ്ചാത്യ ജീവിത ശൈലികളും ഒരളവു വരെ പ്രചരിപ്പിക്കാൻ മുഖാന്തിരമായിട്ടുണ്ട് ഫലമോ ? ശത്രുക്കളുടെ കൈയിൽ സഭയെ പ്രഹരിക്കാൻ നാം തന്നെ ഒരായുധം കൊടുത്തു. ക്രിസ്തുമതം വൈദേശികമാണ്. ആർഷ ഭാരത സംസ്ക്കാരത്തിന് യോജിച്ചതല്ല എന്ന അനാവശ്യമായ മുറവിളി. ഇക്കാരണത്താലാണ് തീർത്തും ഭാരതീയമായ ചട്ടക്കൂട്ടിൽ തന്റെ സന്യാസസഭയെ ഒതുക്കി നിർത്താൻ മാർ ഈവാനിയോസ് നിഷ്ക്കർഷിച്ചത്.

പ്രഥമ പടിയായി അദ്ദേഹം മഹാകവി ടാഗോറിന്റെ ശാന്തിനികേതനും. മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമം



www.malankaralibrary.com

ആദിയായ തനി ദേശീയ സ്ഥാപനങ്ങൾ സന്ദർശിച്ചു. അവിടെത്തെ ജീവിതരീതി ശരിക്കും പഠിച്ചു. കൂടാതെ ഇന്ത്യയിൽ ഇന്ന് നിലവിലിരിക്കുന്ന ഇതര റീത്തുകളിൽ പെട്ട വിവിധ സന്യാസി സഭകളുടെ നിയമാവലിയും അദ്ദേഹം പരിശോധിച്ചു. ഇങ്ങനെ സമഗ്രമായ ഒരു പഠനത്തിനു ശേഷം കൊള്ളാവുന്നവയെ സ്വീകരിച്ചും. തന്റെ ആദർശത്തിന് യോജിക്കാത്തവയെ തള്ളിയും അദ്ദേഹം ഒരു നിയമാവലിക്ക് രൂപം കൊടുത്തു.

ആർഷ ഭാരതത്തിലെ സന്യാസിമാർ ജനനിബിഡമായ പ്രദേശങ്ങളിൽ നിന്നും ഒഴിഞ്ഞ് പർവ്വത സാനുക്കളിലും വന പ്രദേശങ്ങളിലും പർണ്ണശാലകൾ കെട്ടി ലോകത്തിന്റേതായ എല്ലാ പ്രൗഢികളും ഉപേക്ഷിച്ചു ( സമ്യക്കായി ന്യസിച്ച് കൊണ്ട് ) പ്രാർത്ഥനയിലും ധ്യാനത്തിലും ഏകാഗ്രചിത്തരായി.
കാർ കൊണ്ടു മിണ്ടാത്തൊരു കൊണ്ടൽ പോലെ

" കല്ലോലമില്ലാതെഴുമാഴി പോലെ
കാറ്റിൽ പെടാദ്ദീപവുമെന്ന പോലെ "
നിഷ്പന്ദമായ് പ്രാണനടക്കി വെച്ചും "

ദൈവോന്മുഖരായി ജീവിച്ചു. ഇതായിരുന്ന എം. എ. അച്ചന്റെ ആദർശവും കാഴ്ച്ചപ്പാടും. അതിനായി പെരുനാട് മുണ്ടൻ മലയിലെ വനനിബിഡമായ ചരിവു പ്രദേശം കണ്ടുപിടിച്ച സ്ഥലം കൈവശമാക്കി. ഇതിൽ നൂറ് ഏക്കർ സഭാസ്നേഹിയായ അഡ്വക്കേറ്റ്. ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ സംഭാവന ചെയ്തതാണ്. തൊട്ട് മുന്നൂറ് ഏക്കർ വനം പതിപ്പിച്ചെടുത്തതുമായിരുന്നു. ഈ പ്രദേശത്ത് സൗകര്യമായ സ്ഥാനം കണ്ടു പിടിച്ച് കാടു വെട്ടി കല്ലും മണ്ണും കാട്ടുമുളയും മേയാൻ കാട്ടുപുല്ലും ഉപയോഗിച്ചു പർണ്ണശാലകൾ കെട്ടി 1919 മേയ്മാസം 7-ാം തീയതി ബുധനാഴ്ച ബഥനി ആശ്രമം എന്ന പേരിൽ ആശ്രമം ഉത്ഘാടനം ചെയ്തു. തന്റെ സന്യാസസഭയ്ക്ക് " ക്രിസ്താനുകരണ സന്യാസസഭ " ( Order of the Imitation of Christ ) എന്ന പേരും നൽകി. അന്ന് ആശ്രമസ്ഥാപകനായ എം. എ. അച്ചനും യാക്കോബു ശെമ്മാശനും ( മാർ തെയോഫിലോസ് തിരുമേനി ) ഉൾപ്പെടെ പത്ത് പേരായിരുന്നു ആശ്രമാംഗങ്ങൾ. ആശ്രമ ജീവിതത്തിന്റെ നിയമങ്ങളും ജീവിത രീതിയും തനി ദേശീയവും, ദാരിദ്രം, കന്യാവ്രതം, അനുസരണം എന്നീ വ്രതത്രയങ്ങൾക്ക് അനുയോജിച്ചതുമായിരുന്നു. മൺ ചട്ടിയിയിൽ വിളമ്പിയ തനി സസ്യഭക്ഷണം, ധരിക്കുന്നത് വില



www.malankaralibrary.com

കുറഞ്ഞ തുണി കൊണ്ടുള്ള കാവി കുപ്പായവും ഇടക്കെട്ടും കാവി ഷോളും തലയിൽ കുരിശടയാളമുള്ള കറുത്ത തൊപ്പി, കറുത്ത ചരടിൽ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന കറുത്ത തടിക്കുരിശ്. ഇവയൊക്കെയാണ് അവിടെ കാണാൻ കഴിഞ്ഞത്. എനിക്ക് 13 വയസ്സുള്ളപ്പോൾ എന്റെ വീട്ടുകാരിൽ ചിലരോടൊപ്പം ആശ്രമം കാണാൻ ഞാൻ പോയിരുന്നു. ബ. ഏബ്രഹാം O. I. C ആയിരുന്നു അന്ന് ആതിഥേയന്റെ ചുമതല വഹിച്ചിരുന്നത്. അവിടുത്തെ പരിസരങ്ങളും ജീവിത ക്രമവും എല്ലാം കണ്ട് മനസ്സിലാക്കി ഉച്ച ഊണ് സമയത്ത് സ്വീകരണ മുറിയിൽ (തറ മെഴുകിയതും പുരപ്പുറം പുല്ല് മേഞ്ഞതും)നീണ്ട കൊരണ്ടി ഇട്ട് അതിലാണ് ഞങ്ങൾ ഇരുന്നത്. അതിഥികളായിരുന്നതിനാലായിരിക്കാം ഞങ്ങൾക്ക് ചട്ടി തന്നില്ല. പിഞ്ഞാണത്തിൽ തന്നെയാണ് ബഹു. ഏബ്രഹാം അച്ചൻ ഭക്ഷണം വിളമ്പി തന്നത്. തനി സസ്യഭക്ഷണം. വിഭവങ്ങളെല്ലാം തന്നെ ബഥനിയിൽ കൃഷി ചെയ്തുണ്ടാക്കിയത്. നെല്ല്, മുതിര, കപ്പ, പയർ, വാഴ, ചേന, കാച്ചിൽ, കറി നാരങ്ങാ, ചെറു നാരങ്ങാ മറ്റു വിവിധ ഇനം പച്ചക്കറികൾ എല്ലാംതന്നെ ബഥനിയിൽ സുലഭം. ആശ്രമത്തിന്റെ ആവശ്യം കഴിഞ്ഞുള്ളവ വടശ്ശേരിക്കര, പെരുനാട്, റാന്നി ആദിയായ സ്ഥലങ്ങളിലെ ചന്തകളിൽ കൊണ്ട് പോയി വിൽക്കുമായിരുന്നു. പശുക്കൾ വളർത്തപ്പെട്ടതിനാൽ പാലിനും തൈരിനും ക്ഷാമമില്ല. കാട്ടരുവിയിൽ നിന്നും മുളംപാത്തിയിൽ കൂടി വരുന്ന നല്ല സ്ഫടിക സമാനമായ തണുത്തവെള്ളമാണ് കുടിക്കാനും, കുളിക്കാനും, പാചക ആവശ്യങ്ങൾക്കും ഉപയോഗിച്ചിരുന്നത്. കാട്ടു പന്നികൾ അനുദിന സന്ദർശകരാണ്. കൃഷികൾക്ക് ശല്യവും ചെയ്യും. ദുർലഭമായി പുലികളും വരാറുണ്ട്.

ആശ്രമത്തിൽ പ്രാർത്ഥന, ധ്യാനം, കുർബ്ബാന, വിശ്രമം ഇവ കഴിഞ്ഞുള്ള സമയം എല്ലാവരും കൃഷി സ്ഥലത്ത് പണിയെടുത്തിരുന്നു. നിയമാനുസരണം മൗനം പാലിക്കുന്ന കാര്യത്തിലും നിഷ്ക്കർഷയുണ്ടായിരുന്നു. ഈ പർണ്ണശാലകളും, നിശബ്ദമായ അന്തരീക്ഷവും ചുറ്റുമുള്ള്യള ഗാംഭീരവും അതിവിസ്തൃതമായ വന പ്രദേശവും ഉയർന്ന കുന്നുകളും തണുത്ത കാറ്റും നീല ആകാശവുംഎല്ലാം കൂടി അലൗകീകമായ ഒരു അനുഭവമാണ് സന്ദർശകന് പ്രദാനം ചെയ്യുന്നത്. "നാം ഇവിടെ ആയിരിക്കുന്നത് നല്ലതാകുന്നു " എന്നു പത്രോസ്ശ്ലീഹാ മറുരൂപ മലയിൽ വച്ച് പറഞ്ഞ വാക്കുകൾ എന്റെ സ്മൃതിപഥത്തിൽ എത്തി.



www.malankaralibrary.com

ആശ്രമത്തിന്റെ ഉത്ഘാടനം പൊതുവെ യാക്കോബായ സഭയിൽ ഒരു പുതിയ യുഗപ്പിറവിയായി സ്വാഗതം ചെയ്യപ്പെട്ടു. ആശ്രമത്തിന്റെ ആവശ്യത്തിനായി പിടിയരി, വഞ്ചികപ്പിരിവ്, സംഭാവനകൾ എന്നിവയെല്ലാം ലോഭമെന്യേ ലഭ്യമായിത്തുടങ്ങി. വഞ്ചികപ്പിരിവിനായും മറ്റും വീടുകളിൽ വന്നുകൊണ്ടിരുന്ന ആശ്രമസ്ഥന്മാരെ അന്ന് ദൈവദൂതന്മാരെപ്പോലെ ഉപചാരം നൽകി സ്വീകരിച്ചിരുന്നു. ബ. ഏബ്രഹാമച്ചൻ, ബർസ്ലീബാ അച്ചൻ ആദിയായവർ പല പ്രാവശ്യം ഞങ്ങളുടെ വീട്ടിൽ വന്നിരുന്നത് ഞാനിപ്പോഴും ഓർക്കുന്നു. ഹിന്ദുക്കൾ പോലും ബഥന്യാശ്രമസ്ഥരെ ഹിന്ദുസന്യാസിമാരെയെന്നവണ്ണം സ്വീകരിക്കുകയും സംഭാവനകളാൽ സംതൃപ്തരാക്കുകയും ചെയ്തിരുന്നു. അങ്ങനെ ബഥനി പ്രസ്ഥാനം യാക്കോബായ സഭയ്ക്ക് ഒരു പുതിയ ജീവൻ നൽകി. ആശ്രമത്തോടനുബന്ധിച്ച് ഒരനാഥാലയവും സ്ഥാപിക്കപ്പെട്ടു. അനേകം അനാഥ ബാലന്മാരെ അവിടെ സംരക്ഷിക്കുകയും വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്തു.

## എം. എ. അച്ചന് വാതരോഗബാധ

സെറാമ്പൂരായിരിക്കുമ്പോൾ ആദ്യത്തെ വാതരോഗബാധ പിടിപെട്ടു നന്നായി ക്ലേശിക്കേണ്ടതായി വന്നു. അന്നു നാട്ടിൽ വന്ന് തൽപരിഹാരാർത്ഥം ആയുർവ്വേദ വിധിപ്രകാരം പിഴിച്ചിൽ കഴിച്ച് കുറെ ആശ്വാസം കിട്ടി. ബഥനിയിൽ താമസമാക്കിയ ശേഷവും ഈ ചികിത്സാവിധി ഇടക്കിടക്ക് ആവർത്തിക്കേണ്ടതായി വന്നു. ആ അവസരങ്ങളിലെല്ലാം വെണ്ണിക്കുളത്തുനിന്നും ഇതിനായിട്ടുള്ള ഔഷധങ്ങൾ തയ്യാറാക്കുന്നതിൽ വിദഗ്ദ്ധനായ മാരുത്തോട്ടത്തിൽ ഈപ്പച്ചൻ (എന്റെ പേരമ്മയുടെ ഭർത്താവ്) ബഥനിയിൽ പോയി ഏതാനും ആഴ്ചകൾ താമസിക്കുമായിരുന്നു. അദ്ദേഹം മടങ്ങുമ്പോൾ ബഥനിയുടെ കാർഷിക വിഭവങ്ങൾ ഉപഹാരമായി വാല്യക്കാരൻ വശം കൊടുത്തു വിടുമായിരുന്നു. ഇടയ്ക്ക് വിശ്രമിക്കുവാൻ പേരപ്പൻ ഞങ്ങളുടെ വീട്ടിൽ കയറുമ്പോൾ ബഥനി ഉപഹാരങ്ങളുടെ ഒരു ഭാഗം ഞങ്ങൾക്കും ഉപഹാരമായി തരുമായിരുന്നു. വാതരോഗബാധയുടെ ഫലമായി ദീർഘദൂരം നടക്കാൻ പ്രയാസമായിരുന്നതിനാൽ എം. എ. അച്ചനു വേണ്ടി ഒരു കുതിരയെ വാങ്ങി ബഥനിയിൽ സംരക്ഷിച്ചിരുന്നു. പിഴിച്ചിലിനായി ഉണ്ടാക്കിയ കാഞ്ഞിരപ്പലക കൊണ്ടുള്ള "തോണി "



www.malankaralibrary.com

പിൽക്കാലത്ത് തിരുവനന്തപുരത്ത് അരമന സ്റ്റോറിൽ സൂക്ഷിച്ച് വച്ചിരുന്നതായി ഞാൻ കണ്ടിട്ടുണ്ട്.

## ബഥനിമഠം

ആശ്രമം 1919-ൽ സ്ഥാപിച്ചെങ്കിലും സന്യാസിനികൾക്കായുള്ള മഠം സ്ഥാപനം ഉടനെ നടന്ന് കണ്ടില്ല. ബാരിസോളിലെ ആംഗ്ലിക്കൻ കന്യാസ്ത്രീകളാൽ വേണ്ട പരിശീലനം നൽകപ്പെട്ട സിസ്റ്റേഴ്സ് ഹൂബാ, സൾഗാ, ദനഹാ ആദിയായവർ തിരുമൂലപുരത്തു വന്നു താമസമാക്കി. ഹരിജനങ്ങൾക്കായി ഒരു പ്രൈമറി സ്ക്കൂളും ഏറ്റെടുത്ത് നടത്തിപ്പ് തുടങ്ങി. എന്നാൽ ഔപചാരികമായി കന്യാസ്ത്രീകൾക്കുള്ള മഠം തുടങ്ങാൻ അനുവാദം കൊടുക്കാൻ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവന്യാസ്യോസ് വിമുഖനായിരുന്നു. 1925- ൽ എം. എ. അച്ചൻ മാർഈവാനിയോസ് മെത്രാപ്പോലിത്താ ആയി അവരോധിതനായതിനു ശേഷം മാത്രമാണ് സ്വന്ത ഉത്തരവാദിത്വത്തിൽ ( ഒരു മെത്രാപ്പോലീത്തായ്ക്ക് അതിന് അധികാരമുണ്ട് ) തിരുവല്ലായിൽ തിരുമൂലപുരത്ത് ഔപചാരികമായി മഠം ഉത്ഘാടനം ചെയ്യപ്പെട്ടത്. സിസ്റ്റേഴ്സ് ഹാശാ ആഴ്ചയിലും മറ്റുമുള്ള വിശേഷാൽ ശുശ്രൂകളിൽ സംബന്ധിക്കാൻ ബഥനിയിൽ (പെരുനാട് പള്ളിയിൽ) പോയിരുന്നപ്പോൾ അവർക്ക് താമസിക്കാനും മറ്റുമായിട്ട് മുണ്ടൻ മലയുടെ അടിവാരത്തിൽ ഒരു സത്രവും പണിയിക്കപ്പെട്ടു.

## പാർശ്വവീക്ഷണം

മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ സന്യാസസഭാ സ്ഥാപനവും പ്രത്യേകിച്ച് അതിന്റെ തനി ഭാരതീയ സ്വഭാവവും ജാതിമതഭേദമെന്യേ എല്ലാവരാലും മുക്തകണ്ഠം പ്രകീർത്തിക്കപ്പെട്ടു. കഴിഞ്ഞ മുക്കാൽ നൂറ്റാണ്ട് കൊണ്ട് എണ്ണത്തിലും വണ്ണത്തിലും ആ സഭ വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടന്നുള്ളതും ഒരു വസ്തുതയാണ്. എന്നാൽ ഇന്ന് ആ സന്യാസ സഭ നിർഭാഗ്യവശാൽ അതിന്റെ സ്ഥാപകന്റെ മുഖ്യ ആദർശമായിരുന്ന ഭാരതീയ സന്യാസശൈലിയിൽ നിന്നും ബഹുദൂരം മാറിപ്പോയിരിക്കുന്നുവെന്ന് ആർക്കും കാണാൻ കഴിയുന്നതാണ്. - പ്രത്യേകിച്ച് ആദികാലങ്ങളിലെ മുണ്ടൻ മലയിലെ ഈ സഭയുടെ ജീവിതം കണ്ടിട്ടുള്ളവർക്ക് - വിശദാംശങ്ങളിലേക്ക് കടക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഇത് ബോധപൂർവ്വം



www.malankaralibrary.com

സൃഷ്ടിച്ച ഒരു അവസ്ഥാവിശേഷമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതുകൊണ്ട് ആരെയും കുറ്റം പറയേണ്ട ആവശ്യവും ഉദിക്കുന്നില്ല. സഭയുടെ കൗമാരദശയിൽ താങ്ങാൻ പാടില്ലാത്ത പ്രതികൂല സാഹചര്യങ്ങളിൽ കൂടി കടന്ന് പോകേണ്ടി വന്നപ്പോൾ കാലത്തിന്റെ കുത്തൊഴുക്കിൽ ഇങ്ങനെയെല്ലാം സംഭവിച്ചു എന്ന് വിചാരിച്ചാൽ മതി. പ്രതികൂല സാഹചര്യങ്ങളെന്ന് മേൽ പറഞ്ഞത് അല്പം വിശദീകരിക്കേണ്ടിയിരിക്കുന്നു.

1. സഭ സ്ഥാപിച്ച് 11 വർഷം മാത്രം കഴിഞ്ഞപ്പോൾ പുനരൈക്യത്തിനു വേണ്ടി ബഥനി ഉപേക്ഷിച്ച് പോകേണ്ടതായി വന്നു. പിന്നെ വളരെക്കാലത്തേക്ക് ആശ്രമസ്ഥർക്ക് സ്ഥിരമായ ഒരു ആശ്രമമോ പഴയപടി സമൂഹ ജീവിതമോ പുതിയ അതിഥികൾക്ക് പരിശീലനമോ ഇല്ലാതെ വന്നു.

2. പുനരൈക്യവേളയിൽ തന്നെ ആശ്രമസ്ഥന്മാർ രണ്ടായി പിരിഞ്ഞു. നാലുപേർ ( പില്ക്കാലത്തെ തേവോദന്യോസ് തിരുമേനി ഉൾപ്പെടെ ) ആശ്രമസ്ഥാപകനോടൊപ്പം നില്ക്കാതെ പിന്തിരിഞ്ഞു.

3. കത്തോലിക്കാ സഭയിൽ ചേർന്ന ശേഷവും പുനരൈക്യ പ്രസ്ഥാനത്തിന്റെ പുരോഗതിക്കു വേണ്ടി അഹോരാത്രം പ്രവർത്തിച്ച് കൊണ്ടിരുന്ന തിരുമേനിക്ക് ആശ്രമസ്ഥന്മാരുടെ കാര്യങ്ങൾ പഴയ പോലെ അന്വേഷിക്കാൻ സാവകാശം കിട്ടിയിരുന്നില്ല.

4. പുനരൈക്യപ്പെട്ടവരുടേയും, തെക്കൻ തിരുവിതാംകൂറിലെ മിഷ്യൻ പ്രവർത്തനം വഴി പുതിയതായി ക്രിസ്തീയ സഭയിൽ ചേർന്നവരുടേയും ആത്മീയ കാര്യങ്ങൾ അന്വേഷിക്കാൻ ആവശ്യത്തിന് വൈദികരില്ലാതെ വരികയാൽ ആശ്രമസ്ഥന്മാരായിരുന്ന വൈദികരെ മിഷ്യനിലേക്ക് നിയോഗിച്ചു. അവിടെ ഇടവകകൾ ഭരിക്കേണ്ട സാഹചര്യത്തിൽ സന്യാസ സഭയുടെ ആശ്രമജീവിതം തീർത്തും അസാദ്ധ്യമായിരുന്നു.

5. ഏറെക്കാലങ്ങൾക്കു ശേഷം അല്പാല്പമായി ആശ്രമം പുനഃ സംഘടിക്കപ്പെട്ടപ്പോൾ സന്യാസവൈദിക വിദ്യാർത്ഥികളെ മേജർ സെമ്മിനാരികളിൽ മറ്റു ഇടവക വൈദീക വിദ്യാർത്ഥികളോടൊപ്പം താമസിപ്പിച്ചു. പൊതുപരിശീലനം നൽകിയപ്പോൾ ആശ്രമ ജീവിതത്തിന്റെ ചിട്ടയാണ് നഷ്ടപ്പെട്ടത് (ഇപ്പോൾ പൂനായിൽ ആശ്രമ വിദ്യാർത്ഥികൾ ആശ്രമത്തിൽ താമസിച്ചുകൊണ്ട് സെമിനാരിയിൽ ക്ലാസുകൾക്ക് മാത്രം പോകുന്നതുകൊണ്ട് സാഹചര്യം വ്യത്യസ്തമാണ്. )

6. കേരളാ കത്തോലിക്കാസഭകളിലെ (മൂന്നു റീത്തുകൾ) ഇതരസന്യാസ



www.malankaralibrary.com

സഭകളെ അനുകരിക്കാനുള്ള ഒരു പ്രവണത - പ്രത്യേകിച്ചും രണ്ടാംവത്തിക്കാൻ കൗൺസിലിന് ശേഷം ലഭ്യമായ പുതിയ സ്വാതന്ത്ര്യബോധത്തിന്റെ വെളിച്ചത്തിൽ ഉണ്ടായ പുതിയ നടപടികൾ )

7. കാലം മാറുന്നതനുസരിച്ചും സന്യാസ സഭയിൽ അംഗങ്ങൾ വർദ്ധിക്കുന്നതനുസരിച്ചും എല്ലാ സന്യാസസഭകളിലും ചില വ്യതിയാനങ്ങൾ ഉണ്ടാകുക സഹജമാണ്. പക്ഷെ അവയെ അതിന്റെ മിനിമത്തിൽ നിർത്താൻ നിഷ്ക്കർഷിക്കേണ്ടതുണ്ട്.

ഇത്രത്തോളം വ്യതിയാനങ്ങൾ ആവശ്യമായിരുന്നോ എന്ന് ഒരു പുനർ വിചിന്തനം നടത്തുന്നത് നല്ലതാണ്. ഹിന്ദു സന്യാസിമാരും മുണ്ടൻ മലയിലെ ഇപ്പോഴത്തെ സന്യാസിമാരും കാലത്തിനൊത്ത് അത്യാവശ്യമായ വ്യത്യാസങ്ങൾ നടപടികളിൽ വരുത്തിയിട്ടുണ്ട്. നമുക്കും ആ പരിധിയ്ക്കുള്ളിൽ നിന്നാൽ പോരെ എന്ന് വിവേകപൂർവ്വം ചിന്തിക്കുന്നത് നല്ലതാണ്.

അങ്ങനെ ഇപ്പോൾ മിശിഹാനുകരണ സഭ കത്തോലിക്കാ സഭയിൽ ഉള്ള മറ്റനേകം സന്യാസ സഭകളിൽ ഒന്നിനെപ്പോലെ പ്രവർത്തിക്കുന്നു എന്നതല്ലാതെ മാർ ഈവാനിയോസിന്റെ ലക്ഷ്യവും ആദർശവും ജീവിത ശൈലിയും പാലിച്ചുകൊണ്ട് അതിന്റെ അനന്യത പാലിക്കുന്നു എന്നു പറയുവാൻ പ്രയാസമുണ്ട്.

നിലവിലിരിക്കുന്ന രീതിയിൽ പരിശീലിക്കപ്പെട്ട അനേകം ബാച്ചുകൾക്ക് അവർ പരിശീലിച്ചിട്ടില്ലാത്ത ആദ്യകാലത്തെ അരൂപിയിലേക്ക് തിരികെ പോകുക എന്നത് തീർത്തും അസാദ്ധ്യമാണ്. ആദ്യ അരൂപിയിൽ ജീവിച്ച രണ്ട് പേർ മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളൂ.

ഇനി ചെയ്യാവുന്ന ഒരു നല്ല കാര്യമുണ്ട്. ആശ്രമ സ്ഥാപകനായ അഭിവന്ദ്യ പിതാവിന്റെ ആദർശത്തേയും സ്മരണയേയും നിലനിർത്തുവാൻ തക്കവണ്ണം പെരുനാട്ടിലെ മുണ്ടൻ മലയ്ക്കടുത്ത് എവിടെയെങ്കിലും പഴയ ബഥനിയുടെ ശൈലിയിൽ ഒരു പുതിയ ബഥനി സ്ഥാപിക്കുക. ഇതിന് ആഗ്രഹിക്കുന്ന ഒരു ചെറിയ സമൂഹം ഇന്ന് O. I. C യിൽ ഉണ്ടെന്നാണ് എന്റെ ബോദ്ധ്യം. ഇങ്ങനെ രണ്ടാം ബഥനി ഉണ്ടായാൽ ഇന്നത്തെ കാലവസ്ഥയ്ക്കനുസരിച്ച് പോട്ടയിലെപ്പോലെ വിശ്വാസികൾക്കായി ഉള്ള ഒരു ധ്യാനമന്ദിരവും അതിനോടനുബന്ധിച്ച് ഉണ്ടായിരുന്നാൽ വളരെ ഗുണം ചെയ്യും. ധ്യാന ജീവിതത്തോടെ ( Contemplative Life ) കൂടുതൽ ആഭിമുഖ്യമുള്ള O. I. C ക്കാർക്ക് അവിടെ സ്ഥിര താമസമാക്കാം. അല്ലാത്തവർക്ക്



www.malankaralibrary.com

(മിഷ്യൻ വേലയും O. I. C യുടെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ ) ഇടയ്ക്കിടയ്ക്ക് ഈ കേന്ദ്രത്തിൽ വന്ന് തീവ്ര പ്രാർത്ഥനയിലും ധ്യാനത്തിലും സംബന്ധിച്ച് കുറഞ്ഞുപോയ ആത്മീയ ചൈതന്യം വീണ്ടെടുക്കുകയും ചെയ്യാവുന്നതാണ്.

ഞാൻ അടുത്ത കാലത്തു് കാര്യവശാൽ രണ്ട് മൂന്ന് പ്രാവശ്യം ഒറിജിനൽ ബഥനിയിൽ പോകുവാൻ ഇടയായി. അവിടെ കാര്യമായ ഒരു വ്യത്യാസവും കൂടാതെ പഴയ ജീവിതം തുടർന്നുകൊണ്ടു പോകുന്നതു കണ്ട് ചാരിതാർത്ഥ്യമടയുവാൻ സംഗതിയായി. പഴയ പർണ്ണശാലകൾക്കു പകരം ഉറപ്പുള്ള കെട്ടിടങ്ങൾ കാണുവാൻ സാധിച്ചു എന്നത് മാത്രമാണ് പ്രധാന വ്യത്യാസമായി അനുഭവപ്പെട്ടത്.

നമുക്ക് മേജർ സെമ്മിനാരി ഇല്ലാതിരുന്ന കാലത്ത് നമ്മുടെ വൈദികാർത്ഥികൾ ലത്തീൻ സെമ്മിനാരികളിൽ പോയി പഠിക്കുകയേ നിവർത്തിയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ നമുക്ക് മേജർ സെമ്മിനാരി ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. ആ സ്ഥിതിക്ക് മലങ്കര സഭയിൽ ജോലി ചെയ്യേണ്ട O. I. C വൈദികാർത്ഥികളും നമ്മുടെ മേജർ സെമ്മിനാരിയിൽ ചേർന്ന് പഠിക്കേണ്ടത് യുക്തവും ആവശ്യവുമാകുന്നു. മലങ്കര സഭയുടേതായ പ്രത്യേക പരിശീലനം അവിടെ നിന്ന് മാത്രമല്ലേ ലഭ്യമാകു. വേദപ്രചാര രംഗത്ത് ഒരുമിച്ച് ജോലി ചെയ്യുവാനുള്ള ഭാവി വൈദികർക്ക് ( ഇടവക വൈദീകരെന്നോ സന്യാസ വൈദികരെന്നോ വ്യത്യാസമില്ലാതെ) പരസ്പരം മനസ്സിലാക്കാനും സൗഹൃദം സൃഷ്ടിക്കുവാനും മേജർ സെമ്മിനാരി ട്രെയിനിംഗ് കാലത്തല്ലെ അവസരം ലഭ്യമാകൂ.

ഈ അനുബന്ധം ഞാൻ എഴുതിയത് അല്പം ആശങ്കയോടെയാണ്. ഒരു പക്ഷെ തെറ്റിദ്ധരിച്ചെങ്കിലോ എന്ന ചിന്ത. എന്നാൽ ഒരു കാര്യം നാം ഓർക്കണം. സൃഷ്ടിപരമായ വിമർശനം കൂടാതെ ലോകത്തിൽ ഒരു പ്രസ്ഥാനവും വളർന്നിട്ടില്ല. മലങ്കര കത്തോലിക്കാ സഭയുടെ പൊതു സ്വത്തായിട്ടാണ് മലങ്കര കത്തോലിക്കർ O. I. C. യെ കാണുന്നത്. അതിന്റെ വളർച്ചയിലും പുരോഗതിയിലും ആത്മാർത്ഥമായി അഭിമാനിക്കുന്നവരും സന്തോഷിക്കുന്നവരുമാണ് അവർ എല്ലാവരും. അടുത്ത കാലത്ത് മിശിഹാനുകരണ സഭ അംഗസംഖ്യയിലും പദവിയിലും ( Juris Pontifici ) ഉയർന്ന് വന്നതിൽ തീർച്ചയായും നമുക്ക് സന്തോഷിക്കുവാൻ അവകാശമുണ്ട്. ഇതെല്ലാം ഉപരി നേട്ടങ്ങൾക്ക് പ്രചോദനമായി ഭവിക്കട്ടെ എന്ന് പ്രത്യാശിക്കാം.



www.malankaralibrary.com

## ബഥനി സന്യാസിനികൾ ഇന്ന്

തിരുവല്ലായിൽ തിരുമൂലപുരത്ത് 1925-ൽ സ്ഥാപിച്ച മഠം ( S. I. C ) വളരെ വേഗം വളർന്ന് പുഷ്ടിപ്പെട്ട് ഇപ്പോൾ ഏതാണ്ട് അഞ്ഞൂറോളം സന്യാസിനികളെ ഉൾക്കൊള്ളുന്നു. ഇവർ വനിതാ വിദ്യാഭ്യാസ രംഗത്തും, ആതുര സേവനം, വേദപ്രചാരം, സാമൂഹ്യ സേവനം എന്നീ രംഗങ്ങളിലും വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് നൂറോളം മഠങ്ങളിലായി മൂന്നു രൂപതകളിലും ബാഹ്യകേരളമിഷൻ സെന്ററുകളിലുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ കന്യാസ്ത്രീകളെപ്പറ്റി നമുക്ക് ഏറെ അഭിമാനിക്കുവാൻ വകയുണ്ട്. മാർ ഈവാനിയോസ് തിരുമേനി അവർക്കുനൽകിയ സന്യാസിനീസഭാനിയമങ്ങൾ ഏറ്റം വിശ്വസ്തതയോടെ അവർ പരിപാലിച്ചും അഭിവൃദ്ധിയിൽനിന്നും അഭിവൃദ്ധിയിലേക്ക് വളർന്നു കൊണ്ടിരിക്കുന്നു എന്ന വസ്തുത ഏറ്റം സന്തോഷാവഹം തന്നെ.

## ആരാധനാ രംഗത്തെ നവോദ്ധാരകൻ

സന്യാസ ജീവിതത്തിന്റെ ആവിർഭാവത്തോടുകൂടി സഭയക്ക് ഒരു പുതിയ മുഖവും നവശക്തിയും കൈവന്നു. 1925 ൽ മെത്രാപ്പോലീത്തയായി (ഏറെ താമസിയാതെ മാർ തെയോഫിലോസ് മെത്രാനും ബഥനിക്കുവേണ്ടി അഭിഷേചിതനായി). അവരോധിതനായപ്പോൾ അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലം കൂടുതൽ വിപുലമായി. മദ്ധ്യതിരുവിതാംകൂറിലെ 14 കേന്ദ്രങ്ങളിൽ ( പെരുനാട്, തിരുവല്ല, വെണ്ണിക്കുളം, കല്ലൂപ്പാറ etc ) ' ബഥനി, പള്ളികൾ'സ്ഥാപിക്കുകയും ആരാധനാ ജീവിതത്തിന് കൂടുതൽ ചിട്ടയും നവജീവനും കൈവരുത്തുകയും ചെയ്തു. സമുദായവഴക്കിൽ നിന്നും ഒഴിഞ്ഞ് സ്വതന്ത്ര സ്ഥാപനങ്ങളായിട്ടാണ് മലങ്കര മെത്രാപ്പോലീത്തായുടെ ഒത്താശയോടുകൂടി ഇവ സ്ഥാപിക്കപ്പെട്ടത്. സമുദായക്കേസ് ദോഷപ്പെട്ടാലും തുടർന്നു നിൽക്കാൻ ഒരു സങ്കേതം വേണമല്ലോ എന്ന ചിന്തയാണ് മലങ്കര മെത്രാപ്പോലീത്തായുടെ അനുഭാവത്തിനു കാരണം.

ബഥനിപ്പള്ളികളിലെ ആരാധനയിൽ സംബന്ധിക്കുന്നത് ഭക്തിസംവർദ്ധകമായ ഒരു പ്രത്യേക അനുഭവമായിരുന്നു. ആരാധനയിൽ എല്ലാവരും നിർബന്ധപൂർവ്വം പങ്കെടുക്കുമെങ്കിലും അവരെ



www.malankaralibrary.com

ചിട്ടയോടെനയിക്കാൻ പ്രത്യേക പരിശീലനം നൽകിയ ഗായകസംഘത്തെ സംഘടിപ്പിച്ചു. പള്ളിയിൽ പുരുഷൻമാർ മുമ്പിലും സ്ത്രീകൾ പിറകിലും നിൽക്കുന്ന പഴയ പതിവ് മാറ്റി ഹൈക്കലായിൽ ഉടനീളം സ്ത്രീ പുരുഷൻമാരെ വേർതിരിച്ച് തെക്കും വടക്കുമായി വരിവരിയായി ചിട്ടയോടെ നിർത്തുന്ന പതിവ് ബഥനി പള്ളികളിലാണ് ആദ്യമായി ആരംഭിച്ചത് എന്നാണ് കേട്ടിട്ടുള്ളത്.പെരുനാട്ടിലെ ബഥനിപള്ളിയിൽ മാർ ഈവാനിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നിരുന്ന ഭക്തിസംവർദ്ധകമായ ഹാശാ ആഴ്ച ശുശ്രൂഷകളിൽ സംബന്ധിക്കുന്നതിന് ഭക്തജനങ്ങൾ കൂട്ടമായി തീർത്ഥാടകരായി പോയിരുന്നു. മരങ്ങളുടെ തണലിലും താൽക്കാലിക ഷെഡ്ഡുകളിലും സമീപത്തുള്ള ഭവനങ്ങളിലും താമസിച്ചുകൊണ്ട് ആത്മ സന്തോഷത്തോടെ അവർ ആരാധനാ കർമ്മങ്ങളിൽ പങ്കെടുത്തു. ആശ്രമസ്ഥൻമാർതന്നെ ഉണ്ടാക്കി നല്കിയിരുന്ന കഞ്ഞിയും മുതിര ചേർത്തുവേവിച്ച കപ്പയും ആയിരുന്നു തീർത്ഥാടകരുടെ ആഹാരം. 1930 ൽ ബഥനിയിൽ ആചരിച്ച അവസാനഹാശാ ആഴ്ചക്ക് അറുപതുപറ അരിയുടെ കഞ്ഞിയും അതിനാവശ്യമായ കറിയുമാണ് ചെലവായത് എന്ന് ഇന്നും ജീവിച്ചിരിക്കുന്ന ബഥനി ആദിവാസി റവ. ചക്കോമിയോസച്ചൻ സാക്ഷ്യപ്പെടുത്തുന്നു.

നിലത്തുകുഴികുഴിച്ച് അതിൽ കാട്ടിലെ തേക്കില പറിച്ച്വച്ച് കഞ്ഞിവിളമ്പി പ്ലാവില കുത്തി കോരിക്കുടിച്ചിരുന്നു. ബഥനി പള്ളികളിലെ ശുശ്രൂഷയ്ക്ക് പ്രാർത്ഥനകളും ഗാനങ്ങളും എല്ലാം തന്നെ മലയാളഭാഷയിൽ ആക്കി എല്ലാവർക്കും മനസ്സിലാക്കി ബോധപൂർവ്വം പങ്കെടുക്കുവാൻ തക്കവണ്ണം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മറ്റുള്ള പല പള്ളികളിലും പാരമ്പര്യപ്രകാരം സുറിയാനി ഭാഷയ്ക്കായിരുന്നു പ്രാമാണ്യം. അതുപോലെ ബഥനി പള്ളികളിലെ സണ്ടേസ്ക്കൂൾ പഠനവും വളരെ കാര്യക്ഷമമായി ചിട്ടയോടുകൂടി നടന്നു. സണ്ടേസ്ക്കൂൾ കുട്ടികൾക്ക് പറ്റിയ ലളിതമായ പുതിയ ഗാനങ്ങളും തിരുമേനിതന്നെ ശ്രദ്ധിച്ച് ഉണ്ടാക്കിയിരുന്നു. ഇതാ ഒരു സാമ്പിൾ (ഉത്ഥാനത്താൽ തൻസഭയെ വീണ്ടോനാം പുത്രാ എന്ന മട്ട്)

സ്തോത്രം സ്തോത്രം സ്തോത്രം നാഥാ ഹാലേലൂയ്യ
സ്തോത്രം ഞങ്ങൾ നിത്യം പാടാൻ കാത്തീടേണം.
എന്റെ ദൈവമായുള്ളോവേ എൻകർത്താവേ
നിൻ സ്നേഹത്താലെന്റെ യുള്ളം നീ നിറയ്ക്ക.



www.malankaralibrary.com

സ്നേഹം താഴ്മസൽഗുണങ്ങൾ നൽകി നീയും
എന്നിൽ നിന്നും ദൂരത്തായി പോയിടല്ലേ.

ആരാധനയിൽ സാംസ്ക്കാരിക അനുരൂപണത്തെപ്പറ്റി തിരുമേനി നേരത്തെ ചിന്തിച്ചതിന്റെ ഫലമാണ് ആരാധനയ്ക്ക് കൂടുതലായി മാതൃഭാഷ ഉപയോഗിക്കാൻ തുടങ്ങിയതും മറ്റു പരിപാടികളും. ബ. ലേഖകൻ പട്ടത്ത് പെറ്റി സെമിനാരിയിൽ പഠിക്കുന്ന കാലത്ത് തെക്കൻ തിരുവിതാംകൂറിൽ ഹിന്ദുനാടാന്മാരിൽനിന്നു നമ്മുടെ മിഷ്യൻ പ്രവർത്തനത്തിൽകൂടി ക്രിസ്ത്യാനികൾ ആയവർക്കുവേണ്ടി അവർക്ക് പരിചിതമായ ഹിന്ദു ഭജനരാഗത്തിൽ നമ്മുടെ ഏതാനും പ്രാർത്ഥനകൾ പരീക്ഷണാർത്ഥം ക്രമപ്പെടുത്തുകയുണ്ടായി. പട്ടത്തു നമ്മുടെ ഹൈസ്കൂളിലെ ഒരു ഹിന്ദു മുൻഷിയെക്കൊണ്ട് അങ്ങിനെ ചില പരിഭാഷഗാനങ്ങൾ എഴുതിക്കുകയും തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ വച്ചു തന്നെ സെമിനാരിയിലെ കൊയർ മാസ്റ്ററായിരുന്ന ഈ ലേഖകനെക്കൊണ്ട് പഠിപ്പിച്ചു പാടിക്കുകയുമുണ്ടായി.

ഇതാ ഒരു സാമ്പിൾ.

(കൗമ്മ പ്രാർത്ഥന ഭജന രീതിയിൽ )

(1940 കളിൽ പട്ടത്തു പ്രസ്സിൽ അടിച്ച ഒരു നമസ്കാര പുസ്തകത്തിലുണ്ട്)

ബാവാ പുത്രൻ പരിശുദ്ധ റൂഹായുമാം
സത്യൈക ദൈവതിരുനാമത്തിൽ ആമ്മീൻ
സ്തോത്രിശതങ്ങളാലെങ്ങും നിറയുന്ന
സർവ്വ ശക്തൻദൈവം തമ്പുരാൻ പരിശുദ്ധൻ
ബാവാ പുത്രൻ പരിശുദ്ധ----------
ദൈവമേ നീ പരിശുദ്ധനാകുന്നു
സർവ്വ ശക്തനേ നീ പരിശുദ്ധനേ
ബലവാനേ നീ പരിശുദ്ധനാകുന്നു
സർവ്വ ശക്തനേ നീ പരിശുദ്ധനേ.

ഇത്യാദി സാംസ്ക്കാരികാനുരൂപണത്തിൽ എത്രയും സൃഷ്ടിപരമായി ചിന്തിക്കുവാൻ തിരുമേനിക്ക് കഴിയുമായിരുന്നു എന്നതിന് ഒരു ചെറിയ തെളിവ് ഞാൻ ഇവിടെ ഹാജരാക്കുകയായിരുന്നു.

അന്നു പള്ളിപണിയാനും ശവക്കോട്ട ഉണ്ടാക്കാനും ഗവർമെന്റിന്റെ മുൻകൂർ രേഖാമൂലം അനുവാദം വേണമായിരുന്നു.



www.malankaralibrary.com

അത് കിട്ടുക പലപ്പോഴും അസാദ്ധ്യവുമായിരുന്നു. പള്ളിക്കു പകരം ഷെഡ്ഡുകെട്ടി. ശവക്കോട്ടപ്രശ്നം പരിഹരിക്കുന്നതിന് തെക്കുള്ള ഹൈന്ദവരുടെ മരിച്ചവരെ അവരുടെ പഴയ പതിവനുസരിച്ച് അവരുടെ തന്നെ പറമ്പിൽ ക്രിസ്തീയ ശുശ്രൂഷകളോടെ അടക്കാൻ പിതാവ് അനുവദിച്ചു. അങ്ങനെ ഒരേ സമയം ശവക്കോട്ട പ്രശ്നം പരിഹരിക്കുകയും നാടാൻമാരുടെ പാരമ്പര്യം അന്യൂനം തുടരാൻ അനുവദിക്കുകയും ചെയ്തു.

## പിതാവിന്റെ വിശ്വസ്ഥ അനുയായികൾ

പെരുനാട്ടിൽ ആശ്രമം സ്ഥാപിച്ചപ്പോഴും നാടിന്റെ നാനാഭാഗത്തും ബഥനി പള്ളികൾ പണിയിച്ചപ്പോഴും പിൽക്കാലത്തു പുനരൈക്യപ്പെട്ടപ്പോഴും പിതാവിനോടൊപ്പം അനുകൂലികളും, അനുയായികളുമായി നിന്ന വിശ്വസ്തരായ ഏതാനും സമുദായപ്രമാണിമാർ ഓരോ കേന്ദ്രങ്ങളിലും ഉണ്ടായിരുന്നു. അങ്ങനെയുള്ളവരിൽ എന്റെ അറിവിൽപ്പെട്ട ഏതാനും പേരാണ് പിതാവിന്റെ സഹോദരൻ മത്തായി പണിക്കർ, കല്ലൂപ്പാറ മാരേത്ത് പീലിപ്പോസ് ജഡ്ജി, വടശ്ശേരിക്കര ഇടശ്ശേരിൽ ഇക്കോച്ചൻ, വെണ്ണിക്കുളത്ത് മാരുതോട്ടത്തിൽ പാപ്പച്ചൻ ( അവിരാ ), പുളിക്കീഴ് മേളാംപറമ്പിൽ ഉമ്മച്ചൻ, അയിരൂർ വില്ലോത്ത് നൈനാൻ വറുഗീസ് ആദിയായവർ. ഈ കൂട്ടത്തിൽ മാരുതോട്ടത്തിൽ പാപ്പച്ചൻ എന്റെ പേരമ്മയുടെ മകനുംകൂടിയാണ്. P.W.D.കണ്ട്രാക്റ്ററായിരുന്ന ഇദ്ദേഹമാണ് വെണ്ണിക്കുളത്ത് ബഥനി പള്ളിയും തിരുവല്ലാരൂപത വക പുതിയ പള്ളിയും പണിതത്. ഇദ്ദേഹത്തിന് മാർ ഈവാനിയോസ് തിരുമേനിയുടെ കുടുംബവുമായി ബന്ധുതയുമുണ്ട്. ഇദ്ദേഹത്തിന്റെ മകൾ ആച്ചിയമ്മയെ തിരുമേനിയുടെ അനന്തിരവൻ (കല്ലംപുറത്തു കൊട്ടാരത്തിൽ കുഞ്ഞ് - ഫാ. അപ്രേം O.I.C യുടെ സഹോദരൻ ) തോമസ് ആണ് വിവാഹം കഴിച്ചിരിക്കുന്നത്. ഈ കുഞ്ഞിന്റെ മകനാണ് നാലുകൊല്ലം മുമ്പ് ജീപ്പ് അപകടത്തിൽപെട്ടു മരിച്ചുപോയ മാർ ഈവാനിയോസ് റിട്ടയേഡ് പ്രിൻസിപ്പൽ ഫാദർ തോമസ് കൊട്ടാരത്തിൽ. അതേ പാപ്പച്ചായന്റെ മകന്റെ മകനാണ് ഇന്നത്തെ മാർ ഈവാനിയോസ് പ്രിൻസിപ്പൽ പ്രൊഫസർ ആന്റണി ഈപ്പൻ.



www.malankaralibrary.com

## അല്പം നർമ്മം.

വെണ്ണിക്കുളത്തെ മലങ്കര പള്ളി കൂദാശ കഴിഞ്ഞ് സന്ധ്യാസമയത്ത് മാർ ഈവാനിയോസ് തിരുമേനിയും മാർസേവേറിയോസ് തിരുമേനിയും പള്ളിമുറ്റത്ത് ചാരുകസേരകളിൽ ആസനസ്ഥരാണ്. വൈദികരും വിശ്വാസികളും ചുറ്റും നിൽക്കുന്നു. പള്ളി പണിത മേൽപ്പറഞ്ഞ മാരുതോട്ടത്തിൽ പാപ്പിച്ചായനോട് മാർ ഈവാനിയോസ് തിരുമേനി ചോദിക്കുകയാണ് "പാപ്പീ,ഈ പള്ളിയുടെ മുഖവാരത്തെ മാലാഖമാരെ കണ്ടിട്ട് (രണ്ടു മാലാഖമാരുടെ പ്രതിമ ഇടത്തും വലത്തുമായി ഉണ്ടായിരുന്നു) കവിയൂർ കലേകാട്ടിലച്ചന്റെ പള്ളിയിലെ മാലാഖമാരെപ്പോലെയല്ലല്ലോ" പാപ്പിച്ചായനിൽ നിന്നും ഉടനെ മറുപടി ഉണ്ടായി. " പിതാക്കൻമാർ ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നത് മാലാഖമാർ ഒൻപതു ഗണമുണ്ടെന്നാണ്. ഇവിടുത്തേത് ഒരു ഗണം. കലേകാട്ടിലച്ചന്റേത് വേറൊരു ഗണമാണ്" എല്ലാവർക്കും നല്ല ഒരു ചിരിയ്ക്ക് വക കിട്ടി.

## പുനരൈക്യ പരിശ്രമം

പാത്രിയർക്കീസ് (ബാവാ) പക്ഷവും മലങ്കര മെത്രാപ്പോലീത്ത (മെത്രാൻ) പക്ഷവുമായി സമുദായത്തിൽ ചേരിതിരിഞ്ഞ് കോടതിയിൽ വട്ടിപ്പണത്തെപറ്റിയും ഇതര സമുദായ വസ്തുക്കളെപ്പറ്റിയും കേസ്സായി. അറുതിയില്ലാതെ നീണ്ടുപോയ ആ കേസ് ഓരോ പാർട്ടിക്കും ഗുണമായി. തിരിച്ചും മറിച്ചും വിധിയുണ്ടായി. ഇന്നും അത് തീർന്നിട്ടില്ല എന്ന് അറിയാമല്ലോ. ഒരിക്കൽ മെത്രാൻ പാർട്ടിക്കു ദോഷമായി വിധിച്ചിരുന്ന വേളയിലാണ് അവർക്ക് പുതിയ ബോധോദയമുണ്ടായത്. ഈ സഭയിൽ ഒരിക്കലും ശാശ്വതമായ സമാധാനം ഉണ്ടാകുകയില്ല. നമുക്ക് പൂർവ്വീക സഭയുമായി പുനരൈക്യപ്പെടാം. രണ്ടു വ്യവസ്ഥകൾ മാത്രം മുന്നോട്ടു വച്ചു. യാക്കോബായ സഭയിലെ പട്ടത്വം സാധുവായി അംഗീകരിക്കപ്പെടണം. അന്തോക്യൻ ആരാധന ക്രമവും പാലിക്കപ്പെടണം. തത്സംബന്ധമായ എഴുത്തുകുത്തുകൾ നടത്താൻ എപ്പിസ്ക്കോപ്പൽ സിനഡ് അംഗമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത തിരുമേനി നിയോഗിക്കപ്പെട്ടു. ആദ്യമായി അന്തോക്യായിലെ (ബേറൂട്ടിലെ) കത്തോലിക്ക പാത്രിയർക്കീസ് റഹിമാനിയുമായും പിന്നീട് വിദഗ്ദ്ധോപദേശപ്രകാരം നേരിട്ടു മാർപ്പാപ്പയുമായും എഴുത്തുകുത്തുകൾ നടന്നു. ഏതാണ്ടു രണ്ടു



www.malankaralibrary.com

വർഷങ്ങൾക്കുശേഷം പ്രതീക്ഷിച്ചപ്രകാരം അനുകൂലമായ മറുപടി ലഭിച്ചു. പക്ഷെ ഇതിനിടയ്ക്ക് സമുദായക്കേസിന്റെ അപ്പീൽ വിധി മെത്രാൻ പാർട്ടിക്ക് അനുകൂലമായി വന്നതിനാൽ മലങ്കര മെത്രാപ്പോലീത്തായും കൂട്ടരും പുനരൈക്യ സംരംഭത്തിൽനിന്നും. പിൻമാറി. മാർ ഈവാനിയോസ് തിരുമേനിയും സഹായമെത്രാനായ തെയോഫിലോസ് തിരുമേനിയും കലപ്പയക്ക് കൈവച്ചിട്ട് പിമ്പോട്ട് തിരിഞ്ഞ് നോക്കാതെ സ്ഥിര നിശ്ചയത്തോടു കൂടി മുമ്പോട്ടു തന്നെ പോകാൻ തീരുമാനിച്ചു. സത്യത്തോടു ബഹുമാനമില്ലാത്ത ചില സമുദായ പ്രമാണിമാർ റോമിലേക്കുള്ള എഴുത്തുകുത്തുകൾ മറ്റുള്ള എപ്പിസ്ക്കോപ്പൻമാരുടെ സമ്മതത്തോടെയല്ല, മാർ ഈവാനിയോസിന്റെ തന്നിഷ്ടപ്രകാരം ചെയ്തതാണ് എന്ന് അപവാദപ്രചാരണം നടത്തുവാൻ ശ്രമിച്ചു നോക്കിയെങ്കിലും ശോഭിച്ചില്ല. കർത്താവിന്റെ ഉയർത്തെഴുന്നേൽപ്പിന് എതിരായും ഇപ്രകാരം ഒരു ശ്രമം നടന്നില്ലേ." ഞങ്ങൾ ഉറങ്ങുമ്പോൾ അവന്റെ ശിഷ്യൻമാർ അവന്റെ ശരീരം മോഷ്ടിച്ചുകൊണ്ടുപോയി എന്നു പറയുവിൻ"( വി. മത്തായി 28 /13 ) ഇതിനു കുറിക്കുകൊള്ളുന്ന ഉത്തരം വി. അഗസ്തിനോസ് നൽകുന്നുമുണ്ട്. " അപ്പോൾ നിങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾക്ക് നല്ല കാഴ്ചശക്തിയാണ്. അല്ലേ" കുണ്ടറയിലെ മാർഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, (പിന്നീട് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്ക ബാവാ) പൂർവ്വീകസഭയുമായുള്ള പുനരൈക്യ പരിശ്രമ പുരോഗതിയെപ്പറ്റി ആരാഞ്ഞുകൊണ്ട് മാർ ഈവാനിയോസ് തിരുമേനി, തിരുമൂലപുരം തിരുവല്ല, എന്ന മേൽവിലാസത്തിൽ അഞ്ചൽ കവറിൽ സ്വന്തം കൈപ്പടയിൽ അയച്ച കത്ത് ഇപ്പോഴും തിരുവനന്തപുരത്ത് അതിമെത്രാസന അരമനയിൽ സൂക്ഷിച്ചിട്ടുണ്ട്. ചാൻസലർ ആയിരുന്ന ഈ ലേഖകൻ അഞ്ചാറുവർഷം അതിന്റെ സൂക്ഷിപ്പുകാരനുമായിരുന്നിട്ടുണ്ട്. അതിന്റെ ഫോട്ടോസ്റ്റാറ്റുകോപ്പിയും ബ. ഇഞ്ചക്കലോടി അച്ചൻ എഴുതിയ മാർ ഈവാനിയോസിന്റെ ജീവചരിത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

ഏകയോഗക്ഷേമമായി കഴിഞ്ഞിരുന്ന അപ്പസ്തോലിക സഭയായ കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ 17-ാം നൂറ്റാണ്ടിൽ (A.D. 1653) നടന്ന നിർഭാഗ്യകരവും വേദനാജനകവുമായ കൂനൻ കുരിശു സത്യത്തെ തുടർന്നുണ്ടായ വേർപിരിവുകളും ഉപരി ഉപ പിരിവുകളും അതുമുഖേന മലങ്കര ക്രൈസ്തവർക്കുണ്ടായ



www.malankaralibrary.com

ശോചനീയമായ ദുസ്ഥിതിയും ഇതു പരിഹരിക്കുവാനായി കാലാകാലങ്ങളിൽ ഉണ്ടായ ആത്മാർത്ഥതയുള്ള അനേകം പരിശ്രമങ്ങൾ ഓരോ കാരണവശാൽ നിഷ്ഫലമായിപോയതും അവസാനം ഉണ്ടായ പരിശ്രമത്തിൽ നിർണ്ണായകമായ സന്ദർഭത്തിൽ കൂടെയുണ്ടായിരുന്നവർ പിൻവാങ്ങിയതും എല്ലാം ഓർത്തുനോക്കുമ്പോഴാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത ദൈവനിയോഗത്താൽ സാധിച്ച പുനരൈക്യത്തിന്റെ പ്രാധാന്യവും പ്രസക്തിയും നമുക്ക് ശരിക്കും വിലയിരുത്താൻ കഴിയുക. കാലം ചെല്ലുന്തോറും ഇതിന്റെ പ്രസക്തിയും പ്രശസ്തിയും വർദ്ധിച്ചുകൊണ്ടേയിരിക്കും. ഇത്ര ചരിത്ര പ്രാധാന്യമുള്ള സംഭവത്തിന്റെ സ്മരണ ആചന്ദ്രതാരം നിലനിൽക്കുകയും ചെയ്യും.

## വട്ടശ്ശേരി തിരുമേനിയുമായി അവസാന സംഭാഷണം.

മാർ ഈവാനിയോസ് തിരുമേനിയുടെ ആസന്നമായ പുനരൈക്യത്തെപ്പറ്റി കേട്ട വട്ടശ്ശേരി തിരുമേനിക്ക് ഇരിപ്പ് ഉറച്ചില്ല. ഉടനെതന്നെ അദ്ദേഹം തിരുവല്ലാ തിരുമൂലപുരത്തുവന്നു മാർ ഈവാനിയോസ് തിരുമേനിയുമായി സന്ധിച്ചു. വട്ടശ്ശേരി തിരുമേനിയുടെ ചോദ്യം "അപ്പോൾ മെത്രാച്ചൻ നമ്മുടെ ജനങ്ങളെ വിട്ടിട്ട് പോകുവാൻ തീരുമാനിച്ചോ ? മറുപടി "പിതാവേ നമ്മുടെ ജനം എന്നു പറയുന്നത് ശരിയല്ല. ദൈവത്തിന്റെ ജനമാണ്. അവരെ നേർവഴിയിൽ നയിക്കാൻ നാം ദൈവത്താൽ നിയുക്തരാണ്. അതിനാണ് നാം പരിശ്രമിക്കുന്നത്."

ചോദ്യം - " മെത്രാച്ചൻ പോകുമ്പോൾ സർവ്വ വസ്തുക്കളും ഉപേക്ഷിച്ച് പോകേണ്ടി വരില്ലേ. എന്നിട്ട് അവിടെ പോയി തെണ്ടേണ്ടതായി വരില്ലേ?" ഉത്തരം " അതിൽ എനിക്കു ഭയമില്ല. കത്തോലിക്ക സഭയിലെ ഏതാണ്ട് അയ്യായിരം മെത്രാൻമാരുടെ കൂട്ടത്തിലല്ലേ ഞാൻ തെണ്ടിയാകുന്നത്. അതിൽ കുഴപ്പം ഇല്ല."

ദുഃഖിതനും നിരാശനുമായി വട്ടശ്ശേരി തിരുമേനി സമാധാന ചുംബനം പോലും കൊടുക്കാതെ ഇറങ്ങിപ്പോയി. എന്നിട്ടും മാർ ഈവാനിയോസ് തിരുമേനി തന്റെ ഗുരുവിന്റെ പിന്നാലെ ചെന്ന് പുറത്ത് ചുംബനം നൽകി മടങ്ങി. വർഷങ്ങൾക്കുശേഷം വട്ടശ്ശേരി തിരുമേനി ആസന്ന മരണനായി കിടക്കുമ്പോൾ അദ്ദേഹത്തെ അന്തിമമായി സന്ദർശിക്കുന്നതിനായി മാർ ഈവാനിയോസ് തിരുമേനി



www.malankaralibrary.com

കോട്ടയത്തിനു പോയി. പക്ഷെ അപ്പോഴേക്കും അദ്ദേഹം ബോധ രഹിതനായി കഴിഞ്ഞിരുന്നു.

## മുണ്ടൻ മലയേ, സമാധാനത്തോടെ വസിക്കുക.

അവസാനം ബഥനിവിട്ട് ഇറങ്ങുവാൻ തീരുമാനിച്ചു. എത്ര വലിയ വേർപാടിന്റെ ദുഃഖമാണ് ആ സമയം പിതാവിനു അനുഭവപ്പെട്ടത് എന്ന് ചിന്തിച്ചു നോക്കുക. താൻ ജനിച്ചു വളർന്ന സഭയേയും സമുദായത്തേയും തന്നെ പിതൃതുല്യം സ്നേഹിച്ചിരുന്ന വട്ടശ്ശേരി തിരുമേനിയേയും തന്റെ ബന്ധുക്കളേയും സ്നേഹിതരരേയും ഉപകാരികളേയും എല്ലാം ഉപേക്ഷിച്ച് ദൈവം കാണിച്ചുകൊടുക്കുന്ന ലക്ഷ്യത്തിലേക്ക് നീങ്ങുക. ബാക്കി കാര്യങ്ങളെല്ലാം ദൈവം നോക്കിക്കൊള്ളുമെന്നുള്ള ദൃഢമായ വിശ്വാസവും പ്രത്യാശയും മാത്രമാണ് തന്നെ മുമ്പോട്ട് നയിച്ചത്. "എന്നേക്കാൾ അപ്പനെയോ അമ്മയെയോ സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല. "

പുനരൈക്യത്തിനുള്ള അവസാന ചുവട് മുമ്പോട്ട് എടുക്കുവാൻ സ്വയം ഉറപ്പായ തീരുമാനമെടുത്തതിന് ശേഷമാണ് ബഥനി വിടുന്നതിന്റെ തലേദിവസം വൈകിട്ട് തന്നോടൊപ്പമുള്ള ആശ്രമസ്ഥ ന്മാരോടു പോലും വിവരം പറയുന്നത്. അപ്പോഴും ആരെയും താൻ നിർബന്ധിച്ചില്ല. അവർക്ക് യഥേഷ്ടം പ്രവർത്തിക്കുവാൻ പൂർണ്ണ സ്വാതന്ത്ര്യം കൊടുത്തു. പിറ്റെ ദിവസം രാവിലെ താൻ ബഥനി വിട്ട് ഇറങ്ങുമെന്നും തന്നോടൊപ്പം പോരാൻ തയ്യാറുള്ളവർ അന്നു പാതിരാത്രിയ്ക്കു മുമ്പായി തന്നെ വിവരം അറിയിക്കണമെന്നും അറിയിച്ചു. താൻ ആശ്രമചാപ്പലിൽ ഉണ്ടായിരിക്കുമെന്നും അറിയിച്ചു. സ്വമേധയാ ഒരോരുത്തരായി ചെന്ന് പിതാവിനെ അവരവരുടെ സമ്മതം അറിയിച്ചു. സെറാഫിയോൻ ശെമ്മാശനാണ് ഏറ്റവും അവസാനം പാതിരായ്ക്ക് ഏതാനും നിമിഷം മുമ്പ് ചെന്ന് വിവരം അറിയിച്ചത്.

റവ: അലക്സിയോസച്ചന്റെ നേതൃത്വത്തിൽ വിഘടിച്ചുനിന്ന നാലു പേർമാത്രം പിതാവിനെ കാണാൻ പോയില്ല. രണ്ടു പിതാക്കൻമാരെ കൂടാതെ നാല് അച്ചൻമാരും രണ്ടു ശെമ്മാശന്മാരും ബാക്കി സാധുക്കളുമായി പത്തൊൻപതുപേരാണ് 1930 ആഗസ്റ്റ്മാസം 20-ാംതീയതി അതിരാവിലെ ബഥനി വിട്ടിറങ്ങിയത്.

റവ. ഗീവറുഗീസച്ചൻ ഒരു വർഷം മുമ്പുതന്നെ കത്തോലിക്കാസഭയിൽ ചേർന്നു കഴിഞ്ഞിരുന്നു. അദ്ദേഹം അന്ന് ചെത്തിപ്പുഴ ആശ്രമത്തിൽ



www.malankaralibrary.com

താമസിക്കുകയായിരുന്നു. റവ. ബർസ്റ്റിപ്പാ അച്ചൻ അന്ന് വെണ്ണിക്കുളം ബഥനി പള്ളി വികാരിയായി വെണ്ണിക്കുളത്ത് താമസമായിരുന്നു. ആദ്യം പുനരൈക്യത്തിന് അനുകൂലിയായിരുന്നെങ്കിലും നിർണ്ണയ നിമിഷത്തിൽ പുറകോട്ടു മാറിക്കളഞ്ഞു.

പെരുനാട്ടിൽനിന്നും വള്ളത്തിൽ കോഴഞ്ചേരിയിൽ ഇറങ്ങി അവിടെ നിന്ന് വണ്ടി പിടിച്ച് തിരുവല്ലായിൽ തിരുമൂലപുരത്തു വന്ന് അവിടെ ഒരു വീട് വാടകയ്ക്ക് എടുത്തു താമസിക്കാനായിരുന്നു പ്ലാനിട്ടിരുന്നത്. എന്നാൽ വെണ്ണിക്കുളം വികാരിയായിരുന്ന റവ. ബരിസ്റ്റിപ്പായുടെ അഭിപ്രായപ്രകാരം കോഴഞ്ചേരിയിൽ നിന്നും വെണ്ണിക്കുളത്തേക്കാണ് പോയത്. അവിടെ ബഥനി പള്ളിക്കടുത്ത് വരിക്കണ്ണാവല വൈദ്യന്റെ വക ഒന്നര ഏക്കർ സ്ഥലവും തൊട്ടടുത്ത മൂന്നു ഏക്കർ സ്ഥലവും കൂടി വാങ്ങി അവിടെ ആശ്രമം പണിത് താമസം ആയി. ഇവിടെ നിന്നാണ് 1930 സെപ്റ്റംബർ 20 ന് കൊല്ലത്ത് ഓലിക്കര മെത്രാസന അരമനയിൽചെന്ന് പുനരൈക്യ പ്രതിജ്ഞ എടുക്കുന്നത്. സഭയിലെ വിവിധ ഘടകങ്ങൾക്കു പ്രാതിനിധ്യം വഹിച്ചുകൊണ്ട് എന്നവണ്ണം മാർ ഇവാനിയോസ് മെത്രാപ്പോലീത്തായും സഹായമെത്രാൻ മാർ തെയോഫിലോസും വൈദികൻ റവ. ജോണച്ചനും ശെമ്മാശൻ സെറാഫിയോനും അൽമായക്കാരൻ കിളീലേത്ത് ചാക്കോയുമാണ് ഇങ്ങിനെ സത്യ പ്രതിജ്ഞ ചെയ്തത്. അതിനടുത്ത ദിവസങ്ങളിലായി ചേപ്പാട്ട് റമ്പാച്ചൻ പീലിക്കോട്ട് റമ്പാച്ചൻ,ബാക്കി ആശ്രമസ്ഥൻമാർ, സന്യാസിനികൾ എല്ലാം പുനരൈക്യപ്പെട്ടു. അധികം താമസിയാതെതന്നെ പുനരൈക്യം നോക്കിപ്പാർത്തിരുന്ന യാക്കോബായിലെ ഏതാനും വൈദികരും പിതാവിന്റെ ഉറ്റ സ്നേഹിതരും ബന്ധുക്കളിൽ പലരും കത്തോലിക്കാ സഭാംഗങ്ങളായി.

## പുനരൈക്യത്തിന് സാക്ഷാൽ കാരണക്കാരൻ ആര്?

മലങ്കര കത്തോലിക്കാസഭാ മക്കളെല്ലാവരും തന്നെ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആത്മീയ ഗുണ ഭോക്താക്കളാണ്. എന്നാൽ അതിന്റെ യഥാർത്ഥ കാരണക്കാരൻ ദൈവത്താൽ ഇതിന് തെരഞ്ഞെടുക്കപ്പെട്ട് നയിക്കപ്പെട്ട മാർ ഈവാനിയോസ് മാത്രമാണെന്നുള്ള ചരിത്ര സത്യം നാം മറക്കുവാൻ പാടുള്ളതല്ല. ആരംഭ ദശയിലെ കാരണക്കാരായി



www.malankaralibrary.com

യാക്കോബായ മെത്രാൻ കക്ഷിയിലെ എപ്പിസ്ക്കോപ്പൽ സിനഡിനെ കണക്കാക്കാവുന്നതാണ്. പക്ഷെ അവരുടെ ലക്ഷ്യത്തിൽ നിന്നും അവർ തന്നെ പില്ക്കാലത്ത് പിന്തിരിഞ്ഞു. നിർണ്ണായക സമയത്ത് ആ ദൗത്യം പൂർത്തീകരിച്ചത് മാർ ഈവാനിയോസ് മെത്രോപ്പോലീത്താ മാത്രമാണ്. അതു കൊണ്ട് മറ്റാർക്കും പുനരൈക്യ പ്രസ്ഥാനത്തിന്റെ കാരണക്കാരാവുന്നതിൽ പങ്കില്ല. അങ്ങനെ ആരെങ്കിലും അവകാശപ്പെട്ടാൽ അത് വസ്തുനിഷ്ഠവുമല്ല. പുനരൈക്യത്തിനുള്ള അവസാന ചുവട് മുമ്പോട്ട് എടുക്കുവാൻ സ്വയം നിർണ്ണായക തീരുമാനം എടുത്ത ശേഷമാണ് തന്നോടൊപ്പമുണ്ടായിരുന്ന ആശ്രമസ്ഥരോടു പോലും അവസാന നിമിഷത്തിൽ വിവരം പറയുന്നത്. അവർ ആരേയും തന്നെ അനുഗമിക്കാൻ നിർബന്ധിക്കാതെ അവർക്ക് പൂർണ്ണസ്വാതന്ത്ര്യം കൊടുക്കുകയാണ് ചെയ്തത്. ആരും തന്നോടൊപ്പം ചെന്നില്ലെങ്കിലും മാർ ഈവാനിയോസ് തിരുമേനി തന്റെ തീരുമാനം നടപ്പാക്കുമെന്നത് തീർച്ചയായിരുന്നു. താൻ കാണിച്ച ശരിയായ വഴിയെ പോകുവാൻ ദൈവകൃപയാൽ തീരുമാനിച്ച നാമെല്ലാവരും തന്റെ അനുയായികൾ മാത്രമാണ്. ആരും പുനരൈക്യത്തിന്റെ കാരണക്കാരല്ല.

## പുനരൈക്യ പുരോഗതി.

രണ്ടുവർഷം കൊണ്ട് അനേകം വൈദികരും അനേകായിരം വിശ്വാസികളും പുനരൈക്യപ്പെട്ടു. ഇനിയും മലങ്കര കത്തോലിക്ക ഹയരാർക്കി സ്ഥാപിച്ചു കിട്ടണം. അത് സുഗമമായി സ്ഥാപിച്ചു കിട്ടുവാൻ മാർപ്പാപ്പയുമായി ഒരു കൂടിക്കാഴ്ച നടത്തണം. മാർപ്പാപ്പയും അതിന്നായി ആഗ്രഹിച്ചു കൊണ്ടിരിക്കുന്നതായി സൂചനകൾ ലഭിച്ചു. അപ്പോൾ അതിനു പുതിയ ഒരു അവസരവും ഉണ്ടായി. 1932ൽ ഐർലൻഡിന്റെ തലസ്ഥാനമായ ഡബ്ലിൻ നഗരത്തിൽ വച്ചുനടക്കുവാൻ തീരുമാനിക്കപ്പെട്ട ദിവ്യകരുണ കോൺഗ്രസ്സിൽ സംബന്ധിക്കുവാനുള്ള ക്ഷണം പിതാവിനു ലഭിച്ചു. റോമിൽ പോയി പരിശുദ്ധ പിതാവിനെ സന്ദർശിച്ചിട്ട് ഡബ്ലിനിൽ പോകാൻ പരിപാടി ഒരുക്കി. കൂടെ പോയത് അന്ന് പിതാവിന്റെ സഹായി ആയിരുന്ന കുറവിലങ്ങാട്ടുകാരൻ മറ്റത്തിൽ കുര്യച്ചനാണ് എറണാകുളം ആർച്ച് ബിഷപ്പായിരുന്ന കണ്ടത്തിൽ മാർ ആഗസ്തിനോസ് തിരുമേനിയുമായി ആലോചിച്ച് മാർപ്പാപ്പയോട് സന്ദർശനാവസരത്തിൽ പറയേണ്ടകാര്യങ്ങൾ മറക്കാതെ കുറിച്ചു. തിരുവല്ലാരൂപതയും തെക്കോട്ട് മാറി അടൂര് അതിരൂപതയും എന്ന ചിന്തയാണ് ആദ്യം ഉണ്ടായിരുന്നത്. തെക്കോട്ട് അധികം



www.malankaralibrary.com

സുറിയാനിക്കാർ ഇല്ലാത്തതിനാൽ കൂടുതൽ തെക്കോട്ട് മാറി അതിരൂപത സ്ഥാപിക്കുന്നതിൽ അർത്ഥമില്ല എന്നാണ് ചിന്തിച്ചിരുന്നത്. തിരുവിതാംകൂറിന്റെ രാഷ്ട്രീയ തലസ്ഥാനമായ തിരുവനന്തപുരത്ത് ആയിരിക്കണം അതിരൂപത എന്ന് ആലോചന പറഞ്ഞുകൊടുത്തത് കണ്ടത്തിൽ തിരുമേനിയായിരുന്നു. ഇപ്പോഴത്തെ സ്ഥിതിയല്ല, ഭാവിയിലെ സ്ഥിതി കൂടി കണക്കിലെടുക്കണമെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചതിന്റെ ഫലമായി തിരുവനന്തപുരം തന്നെ അതിരൂപതയുടെ ആസ്ഥാനമാക്കി തിരഞ്ഞെടുക്കപ്പെട്ടു. അത് എത്രയോ ബുദ്ധിപൂർവ്വമായ തീരുമാനമായി എന്ന് ഇപ്പോൾ എല്ലാവർക്കും ബോദ്ധ്യമായയല്ലോ.

പുനരൈക്യം മൂലം ശത്രുക്കളായി തീർന്ന പഴയസ്നേഹിതന്മാർ (മെത്രാൻ പാർട്ടിയിലെ ചില നേതാക്കന്മാർ) നേരത്തെ തന്നെ പല കോപ്രായങ്ങളും കാണിച്ചിരുന്നു. ഇപ്പോൾ തിരുമേനിയുടെ പാശ്ചാത്യപര്യടനം തടയുന്നതിന് വേണ്ട കരുക്കൾ കോടതി തലത്തിൽ ഒരുക്കിയെങ്കിലും രഹസ്യത്തിൽ അതെപ്പറ്റി മുൻകൂർ അറിവു കിട്ടിയ തിരുമേനി വേണ്ട മുൻകരുതൽ എടുത്ത് അവരുടെ കുരുക്കിൽ പെടാതെ രക്ഷപ്പെട്ട് ബോംബയിൽ എത്തി. അവിടെ വച്ചാണ് തന്റെ പ്രിയ മാതാവിന്റെ നിര്യാണവാർത്ത അറിയുന്നത്. അന്നത്തെ സാഹചര്യത്തിൽ ശവസംസ്കാരത്തിനായി നാട്ടിലേക്ക് മടങ്ങുക ബുദ്ധിയല്ലെന്നു മനസ്സിലാക്കിയ തിരുമേനി മുമ്പോട്ടു തന്നെ പോയി. ഒരു കുറവും കൂടാതെ എല്ലാവരും ചേർന്ന് ശവസംസ്ക്കാരം മാവേലിക്കരയിൽ നടത്തുകയും ചെയ്തു. റോമിൽ എത്തി മാർപ്പാപ്പയുമായി യഥാവിധി കൂടിക്കാഴ്ച നടത്തി (വിശദ വിവരങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു) ഉദ്ദേശിച്ചിരുന്നതുപോലെ എല്ലാ കാര്യങ്ങളും സാധിച്ച് ഡബ്ലിനിൽ പോയി ദിവ്യകാരുണ്യ കോൺഗ്രസ്സിലും സംബന്ധിച്ച്, ലണ്ടനിൽ ചെന്ന് ജോർജ് പഞ്ചമൻ രാജാവിനേയും സന്ദർശിച്ച് വിജയകരമായി തന്റെ പര്യടനം പൂർത്തിയാക്കി മടങ്ങി എത്തി. അങ്ങനെ 1932- ൽ ആണ് തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും സ്ഥാപിക്കുവാനുള്ള ഔപചാരികമായ അനുവാദം റോമിൽ നിന്നും ലഭിക്കുന്നത്. മൂന്നു മാസത്തിനകം കല്പന നടപ്പാക്കിയിരിക്കണം. പെട്ടെന്ന് പാളയത്തുള്ള പോംപിഡോർ തീയറ്റർ വാങ്ങി പള്ളിയായി രൂപാന്തരപ്പെടുത്തി, അവിടെവച്ച് മെത്രാപ്പോലീത്തായുടെ സിംഹാസനാരോഹണ ശുശ്രൂഷയും നടത്തി. പിതാവിനെ



www.malankaralibrary.com

കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ച ബൻസിഗർ തിരുമേനിയെ തന്നെയാണ് സിംഹാസനാരോഹണ ചടങ്ങും നടത്തുന്നതിന് റോം അധികാരപ്പെടുത്തിയിരുന്നത്.

റോമിൽ നിന്നും മടങ്ങി തിരുവനന്തപുരത്ത് വന്നപ്പോൾ വെള്ളയമ്പലത്ത് ഡോക്ടർ രാമൻ തമ്പിയുടെ ഒരു വീട് കൂലിക്കെടുത്ത് ഏതാനും മാസം താമസിച്ചു. തുടർന്ന് ശരവണക്കുന്നിൽ ( ഇന്നത്തെ അരമന ഇരിക്കുന്നസ്ഥലം) ഇപ്പോഴും അരമനയുടെ ഭാഗമായ പഴയ കെട്ടിടം കൂലിക്കെടുത്ത് അവിടെ ഏതാനും വർഷം താമസിച്ചു. അവിടെ നിന്നും സർ സി.പി.യുമായുള്ള സ്വരച്ചേർച്ചക്കേടു കാരണം ഇറങ്ങിപ്പോരേണ്ടി വന്നപ്പോളാണ് ഇപ്പോഴത്തെ കത്തീഡ്രലും പഴയ അരമനയും ഇരിക്കുന്ന സ്ഥലം വാങ്ങുന്നതും അവിടേക്ക് താമസം മാറ്റുന്നതും പെട്ടെന്ന് അവിടെ പഴയ അരമന പണിയിക്കുന്നതും അതിനോടു ചേർന്നുപറ്റി സെമിനാരി സ്ഥാപിക്കുന്നതും.

## ലത്തീൻകാരുടെ ശുണ്ഠി

ഔപചാരികമായി ഹയറാർക്കി അനുവദിച്ച് കിട്ടുന്നതിന് മുമ്പ്തന്നെ തിരുവനന്തപുരത്തെ ലത്തീൻകാർ, തിരുവനന്തപുരത്ത് സുറിയാനിക്കാർ വരുന്നതിന്റെ പ്രതിഷേധം പല രൂപത്തിൽ പ്രകടിപ്പിച്ചു. പിതാവ് റോമിലിരിക്കുമ്പോൾ മാനേജർ കിളിലേത്ത് ചാക്കോയുടെ പേർക്കെഴുതിയതിൻ പ്രകാരം പട്ടത്തെ ചെറിയ പള്ളി പണിയിക്കയായിരുന്നു. പെട്ടെന്ന് ലത്തീൻ അധികാരികൾ അവിടെ പ്രത്യക്ഷപ്പെട്ട് പള്ളി പണി നിർത്താൻ ആവശ്യപ്പെട്ടു. അവർക്കു മാത്രം അധികാരമുള്ള പ്രദേശത്ത് സുറിയാനിക്കാർ പള്ളി വയ്ക്കാൻ പാടില്ല എന്നതായിരുന്നു അവരുടെ അവകാശവാദം. മാനേജർ പറഞ്ഞു " ഞങ്ങളുടെ പിതാവ് കത്തോലിക്കാസഭയിലെ ഒരു ആർച്ച് ബിഷപ്പ് ആണ്. അദ്ദേഹം പറഞ്ഞിട്ടാണ് ഞാൻ ഇതു പണിയിക്കുന്നത് .അദ്ദേഹം കല്പിക്കുന്നത് എന്താണെന്ന് അദ്ദേഹത്തിന് അറിയാം. നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ നേരിട്ട് അദ്ദേഹത്തെ അറിയിക്കുക". ഇതുപോലെ തന്നെ കുന്നുകുഴിയിൽ ഡോക്ടർ മാനുവേലിന്റെ വീട് കൂലിക്കെടുത്ത് ഫാദർ ജോഷ്വാ O.I.C. യും ബർസ്ലീബാ O.I.C.യും പിതാവിന്റെ കല്പന അനുസരിച്ച് താമസിച്ചിരുന്നു. അവരുടെ കാവികുപ്പായം മുറ്റത്ത് അയയിൽ ഉണക്കാനിട്ടിരിക്കുന്നതുകണ്ട് ലത്തീൻ അധികാരികൾ അവിടെയും



www.malankaralibrary.com

കയറിച്ചെന്ന് "ഇവിടെ ഞങ്ങളുടെ അനുവാദം കൂടാതെ ആരും ആശ്രമം സ്ഥാപിക്കാൻ പാടില്ല". എന്നു പറഞ്ഞു വിലക്കി. മാനേജർ കൊടുത്തതുപോലെയുള്ള ഒരു മറുപടി കൊടുത്ത് അവരെ മടക്കി.

ഔപചാരികമായി തിരുവനന്തപുരത്ത് അതിരുപതയ്ക്ക് അനുവാദം കിട്ടിയപ്പോൾ അവരുടെ എതിർപ്പ് ദശഗുണീഭവിച്ചു. അവർ അതിരൂപത തിരുവനന്തപുരത്ത് പ്രതീക്ഷിച്ചിരുന്നു. കൂടാതെയും സുറിയാനിക്കാരില്ലാത്ത ഒരു സ്ഥലത്ത് അതിരൂപത സ്ഥാപിച്ചുകിട്ടാൻ നാം ശ്രമിക്കുമെന്നോ അങ്ങനെ റോമിൽ നിന്നും അനുവദിക്കുമെന്നോ അവർ സ്വപ്നേവി വിചാരിച്ചിരുന്നില്ല. അത് അവരുടെ താൽപര്യത്തിന് വിരുദ്ധമായിരുന്നു. അവരുടെ എതിർപ്പ് പല തലത്തിലും കൂടി അതിരൂക്ഷമായി അനുഭവപ്പെട്ടു. വിശദാംശങ്ങളിലേക്ക് കടക്കുന്നത് ഉചിതമല്ല. ആ എതിർപ്പ് കെട്ടടങ്ങാൻ വളരെ സമയം എടുത്തു.

## അല്പം നർമ്മം.

സംഗതികൾ മേൽപ്പറഞ്ഞരൂപത്തിൽ മുമ്പോട്ട് പോകുമ്പോൾ ഒരു മാർപ്പാപ്പ ദിനത്തിൽ സെന്റ് ജോസഫ്സ് സ്കൂൾ ഗ്രൗണ്ടിൽ വച്ച് നടക്കുന്ന ഒരു സമ്മേളനത്തിൽ പ്രസംഗിക്കാൻ അതിന്റെ ചുമതലക്കാരായിരിക്കുന്ന ചീഫ് ജസ്റ്റീസ് തളിയത്ത്, എൻജിനിയർ ഐ.സി ചാക്കോ ആദിയായ ചില സുറിയാനിക്കാർ അരമനയിൽ വന്ന് റമ്പാച്ചനെ ക്ഷണിച്ചു. റമ്പാച്ചൻ ഒരു തടസ്സവും പറയാതെ ക്ഷണം സ്വീകരിച്ചു. പ്രസംഗസമയത്ത് റമ്പാച്ചൻ നമ്മൾ പുനരൈക്യപ്പെട്ട വിവരവും മാർപ്പാപ്പയുടെ കാരുണ്യവും വളരെ ഹൃദയസ്പർശിയായി വിവരിച്ചു. മുടിയനായ പുത്രന്റെ ഉപമയാണ് ഉദാഹരണമായി എടുത്തത്. റമ്പാച്ചന്റെ സ്വതസിദ്ധമായ ശൈലിയിൽ മുടിയനായ പുത്രന്റെ തിരിച്ചുവരവും കാരുണ്യമൂർത്തിയായ പിതാവിന്റെ ദയാവായ്പും അതിനോടനുബന്ധിച്ച് മൂത്ത പുത്രന്റെ പിണക്കവും എല്ലാം വിവരിച്ചിട്ട് കലായ കോട്ടയ്ക്ക് തീകൊടുത്തത് ഇങ്ങനെയാണ്. "ഞങ്ങളാണ് ആ മുടിയനായ പുത്രൻ നിങ്ങൾ തന്നെയാണ് ജേഷ്ഠൻ". ഇതിലും ഭംഗിയായി ഒരു തിരിച്ചടി കൊടുക്കാൻ കഴിയുമോ എന്ന് ആലോചിച്ചു നോക്കുക. റമ്പാച്ചനെ ക്ഷണിച്ചവർ അരമനയിൽ വന്ന് റമ്പാച്ചനെ അനുമോദിക്കുകയും ദീർഘനേരം ഔചിത്യപൂർണ്ണമായ ആ വാക്കുകൾ ആവർത്തിച്ച് പറഞ്ഞ് ചിരിക്കുകയും ചെയ്തു.



www.malankaralibrary.com

## എന്റെ ദൈവവിളി.

കാര്യങ്ങൾ ഇങ്ങനെയൊക്കെ ഇരിക്കുമ്പോഴാണ് ഞാൻ തിരുവനന്തപുരത്ത് പെറ്റി സെമിനാരിയിൽ ഒരു വൈദിക വിദ്യാർത്ഥി യായി വന്നു ചേരുന്നത്. ഞാൻ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് കോളജിൽ ചേരാൻ ആഗ്രഹിച്ച് പിതാവിനെ കണ്ടു കത്തു വാങ്ങാൻ പോകുകയും അവിടെ വച്ച് പിതാവ് എന്നോട് സെമിനാരിയിൽ ചേരാൻ പറയുകയും ചെയ്തിരുന്നുവല്ലോ. പിതാവിന്റെ വിളിയ്ക്ക് അനുകൂലമായ പ്രതികരണം പ്രദർശിപ്പിക്കാഞ്ഞ ഞാൻ എങ്ങനെയാണ് അവസാനം പിതാവ് വിളിച്ച വഴിക്കുതന്നെ വന്നു ചേരാൻ ഇടയായത് എന്ന് വളരെ ചുരുക്കുത്തിൽ പറയേണ്ടത് കഥാ കഥനത്തിന്റെ പൂർണ്ണതയ്ക്ക് ആവശ്യമാണെന്ന് ഞാൻ വിചാരിക്കുന്നു. എന്നോടു ക്ഷമിക്കുക.

തൃശ്ശൂനാപ്പള്ളിക്കു പുറപ്പെടാൻ ഒരുങ്ങുമ്പോൾ കൊളമ്പിൽ ജോലിയായിരുന്ന എന്റെ ജേഷ്ഠന്റെ ടെലഗ്രാം വന്നു. "തൃശ്ശൂനാ പ്പള്ളിയ്ക്ക് പോകേണ്ട എൻജിനീയറിംഗ് പഠിക്കാൻ കോളമ്പിലേക്കു പോരിക". അതനുസരിച്ച് കൊളമ്പിലേക്ക് പോയി. ലണ്ടൻ മട്രിക്കുലേഷൻ പഠിച്ച് പാസ്സായി (അതായിരുന്നു ലണ്ടൻ ബി.എസ്സി. എൻജിനീയറിംഗിനു ചേരാൻ മിനിമം ക്വാളിഫിക്കേഷൻ) എൻജിനിയറിങ്ങ് പ്രിലിമിനറിക്കു ചേർന്നു പഠിച്ചു റാങ്കോടെ പാസ്സായി. സ്കോളർഷിപ്പും ലഭിച്ചു. ബി.എസ്സി ഫൈനൽ പരീക്ഷാ സെന്റർ ലണ്ടനിലേ ഉള്ളൂ. കോഴ്സിന് കൊളമ്പിൽ പഠിക്കാം. ലണ്ടനിലേക്കുള്ള യാത്രക്കും മറ്റും കരുതിയിരുന്ന പണം നാഷണൽ ആൻഡ് ക്വയിലോൺ ബാങ്കിലാണ് നിക്ഷേപിച്ചിരുന്നത്. സർ സി.പി ബാങ്ക് പൊട്ടിച്ചു. പണവും നഷ്ടപ്പെട്ടു. ലണ്ടനിലേക്ക് പോകാൻ നിവർത്തിയില്ലാതെ ഞാൻ നാട്ടിലേക്ക് മടങ്ങി. ഈ സമയം ജേഷ്ഠന് കൂടുതൽ നല്ല ജോലി കിട്ടി ബ്രിട്ടീഷ് ഈസ്റ്റാഫ്രിക്കയിലേക്ക് ( ഡാറസലാം - അന്നത്തെ റ്റാൻഗനിക്കാരുടെ തലസ്ഥാനം) പോയി. എന്നെയും അങ്ങോട്ട് വിളിച്ചു. ഞാൻ പോയി. ഡറസലത്തെ G.P.O.യിൽ പോസ്റ്റ് ആൻഡ് ടെലഗ്രാഫ് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽ സാമാന്യം നല്ല ജോലി കിട്ടി. ജോലിയിൽ സ്ഥിരപ്പെട്ട് ഒരു വർഷം കഴിഞ്ഞപ്പോൾ ജീവിതത്തിൽ നിർണ്ണായകമായ ഒരു വഴിത്തിരിവിൽ എത്തി എന്നു തോന്നി. ഇനിയും എന്ത് എന്ന് കാര്യമായി ചിന്തിക്കുന്നത് അപ്പോഴാണ്. " രാജാവിനെ സേവിക്കണമോ, അതോ ദാസനെ സേവിക്കണമോ ",



www.malankaralibrary.com

എന്ന് തന്റെ മാനസാന്തരത്തിനു മുമ്പ് അസ്സീസ്സിയിലെ ഫ്രാൻസിസിനെ നേരിട്ട ചോദ്യം എന്നെയും ഗൗരവമായി അഭിമുഖീകരിച്ചു. ലൗകീക ജീവിതത്തിൽ ഇത്രയും മുമ്പോട്ടു പോയ സ്ഥിതിക്ക് മറിച്ച് ഒരു തീരുമാനം എടുക്കുന്നെങ്കിൽ അത് കൂലംകഷമായ ചിന്തയ്ക്കും വെളിച്ചത്തിനായുള്ള പ്രാർത്ഥനയ്ക്കും ശേഷമല്ലേ പറ്റു. ഭാഗ്യത്തിന് അന്ന് എന്റെ സ്പിരിച്വൽ ഫാദറായിരുന്നത് ഇതുപോലുള്ള കാര്യങ്ങളിൽ ഉപദേശം കൊടുക്കുവാൻ പറ്റിയ അതി വിദഗ്ദ്ധനായ ഒരു ഐർലൻഡുകാരൻ സന്യാസി വൈദീകനായിരുന്നു. (അദ്ദേഹം ഐർലൻഡിൽ മേന്നൂത്ത് മേജർ സെമിനാരി റെക്റ്ററായിരുന്നു. ഞാൻ ആഫ്രിക്ക വിട്ട ശേഷം അദ്ദേഹം നൈറോബിയിലെ ആർച്ചു ബിഷപ്പായും ബ്രിട്ടീഷ് ഈസ്റ്റാഫ്രിക്കയിലെ അപ്പസ്തോലിക്ക് ഡെലിഗേറ്റായും ഉയർത്തപ്പെട്ടു. 1954 ൽ ഞാൻ അതിരൂപതയ്ക്കു വേണ്ടി മിഷൻ പണ പിരിവിനു വേണ്ടി ചെന്നപ്പോൾ എന്റെ ആതിഥേയനും ഉറ്റ സഹായിയും കൂടെ ആയിരുന്നു.) അദ്ദേഹവുമായി ആഴ്ചതോറും ഏതാണ്ട് ആറുമാസം ചർച്ച നടത്തി. നന്നായി പ്രാർത്ഥിക്കുകയും ചെയ്തു. എന്റെ വൈദീക ദൈവവിളിയെപ്പറ്റി അദ്ദേഹത്തിനും എനിക്കും പൂർണ്ണ ബോധ്യം വന്നു. ഒട്ടും താമസിയാതെ കത്തു മുഖേന വിവരം മാർ ഈവാനിയോസ് തിരുമേനിയെ അറിയിച്ചു. തുടർന്ന് ഏതാനും മാസം കൂടി ജോലി ചെയ്യുവാൻ അനുവദിച്ചാൽ എന്റെ സെമിനാരി വിദ്യാഭ്യാസത്തിനാവശ്യമായ മുഴുവൻ തുകയും കൂടി കൊണ്ടുവരുവാൻ കഴിയുമെന്നും എഴുതിയിരുന്നു. തിരുമേനിയുടെ മറുപടി ഉടനെ കിട്ടി. ഉടനെ പുറപ്പെടുക. ഒട്ടും താമസിക്കേണ്ട. വിവരം സ്പിരിച്വൽ ഫാദറിനേയും ഡാറസലത്തെ ആർച്ചു ബിഷപ്പിനേയും അറിയിച്ചു. ആഫീസിൽ ചെന്ന് ജോലി രാജി വെയ്ക്കാൻ 24 മണിക്കൂർ നോട്ടീസു നൽകി. നിയമ പ്രകാരമുള്ള ഒരു മാസത്തെ നോട്ടീസിനു പകരം ഒരു മാസത്തെ ശമ്പളം വിട്ടുകൊടുത്തു. അന്നു തന്നെ കപ്പൽ കമ്പനിയിൽ പോയി മൂന്നു ദിവസം കഴിഞ്ഞ് ബോംബയ്ക്ക് പുറപ്പെടുന്ന കപ്പലിൽ പാസ്സേജ് ബുക്കു ചെയ്തു. ഇതെല്ലാം കഴിഞ്ഞ് താമസസ്ഥലത്ത് (ജേഷ്ഠനോടും കുടുംബത്തോടും ഒന്നിച്ചായിരുന്നു എന്റെ താമസം) ചെല്ലുന്നതിനു മുമ്പായി കപ്പൽ കമ്പനിയിൽ ജോലി ചെയ്തിരുന്ന ആരോ മുഖേന വിവരം ജേഷ്ഠനു ലഭിച്ചു കഴിഞ്ഞിരുന്നു. പിന്നെ ചെറിയ ഒരു ഭൂകമ്പം തന്നെ അവിടെ നടന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.



www.malankaralibrary.com

എന്റെ തീരുമാനം അനവസരത്തിലുള്ളതാണെന്നായിരുന്നു ജേഷ്ഠന്റെ പരാതി. തീരുമാനത്തിൽ നിന്നും ഞാൻ ഒട്ടും വ്യതിചലിച്ചില്ലെങ്കിലും ജേഷ്ഠന്റെ ശക്തമായ എതിർപ്പ് എനിക്ക് അനല്പമായ മനഃക്ലേശം ഉണ്ടാക്കി. ഫലമോ 103 ഡിഗ്രി പനി. പനിയോടെയാണ് കപ്പലിൽ കയറിയത്. പിറ്റേ ദിവസം കപ്പൽ മൊംബാസായിൽ അടുത്തു. അപ്പോൾ വേറൊരു ഭൂകമ്പം ! അന്നു രാത്രി ഇറ്റലി രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടനെതിരായി ജർമ്മനിയോട് ചേർന്നു. മുസ്സോളിനി ഹിറ്റലറുമായി സഖ്യം പ്രഖ്യാപിച്ചു. മൊംബാസാ ആബിസിനിയായ്ക്ക് (അന്ന് ഇറ്റാലിയൻ ഈസ്റ്റാഫ്രിക്ക) തൊട്ടടുത്താണ്. തുടർന്നു ബോംബയ്ക്കുള്ള യാത്ര അതീവ അപകടമാണ്. ഇറ്റാലിയൻ മുങ്ങി കപ്പലുകൾ വഴിയിൽ പതിയിരിപ്പുണ്ടാകും. കപ്പൽ ഏതായാലും പട്ടാളത്തെ കൊണ്ടുവരുവാൻ ബോംബയ്ക്കു പോയെ മതിയാവൂ. ഉടനെ കപ്പലിന്റെ ക്യാപ്റ്റൻ നോട്ടീസിട്ടു. " ആരുടേയും ജീവന് ഉത്തരവാദിത്വം ഏറെടുക്കുവാൻ ഈ സാഹചര്യത്തിൽ കമ്പനി തയ്യാറല്ല. യാത്രക്കാർക്ക് ഇവിടെ കരയ്ക്കിറങ്ങി കരമാർഗ്ഗം അവർ യാത്ര പുറപ്പെട്ട് പോർട്ടുകളിലേക്ക് തിരികെ പോകാം. കപ്പൽ ഏതായാലും ബോംബയ്ക്കു പോയെ മതിയാവൂ. ആരെങ്കിലും ബോംബയ്ക്കു യാത്ര തുടരാൻ ഉദ്ദേശിക്കുന്നെങ്കിൽ അതവരുടെ സ്വന്തം ഉത്തരവാദിത്വത്തിലായിരിക്കും." നല്ല ഒരു പങ്കാളുകൾ കരയ്ക്കിറങ്ങി മടങ്ങിപോയി. ഞങ്ങൾ പിറ്റേദിവസം ബോംബയ്ക്കു പുറപ്പെട്ടു. കപ്പൽ ചാനലിൽ അല്പം ഭേദപ്പെടുത്തി ഇരട്ടി സ്പീഡിലായിരുന്നു യാത്ര. രാത്രിയിൽ കപ്പലിൽ ബ്ലാക്ക് ഔട്ട്. ഇടയ്ക്കിടയ്ക്ക് ലൈഫ് ബെൽട്ട് ഡ്രിൽ. ഏതായാലും ആറാം ദിവസം ബോംബെ കര ദൃശ്യമായി. ഹാർബറിന് 25 മൈൽ പുറത്തുവച്ചുതന്നെ ഹാർബർകാവൽ കപ്പൽ "S- S. പത്താൻ" ഞങ്ങളെ ചെക്കു ചെയ്ത് ഹാർബറിലേക്ക് വിട്ടു. പക്ഷെ ഞങ്ങൾ കരയ്ക്കടുക്കുന്നതിനുമുമ്പായി തന്നെ മേൽ പറഞ്ഞ കാവൽ കപ്പലിനെ ഞങ്ങളുടെ പുറകെ വന്നിരുന്ന ഇറ്റാലിയൻ മുങ്ങികപ്പൽ റ്റോർപിഡോ ചെയ്തു മുക്കി കളഞ്ഞു. ഒരു വലിയ അപകടത്തിൽ നിന്നും ദൈവം ഞങ്ങളെ രക്ഷിച്ചു. ബോംബയിൽനിന്നും നാലാം ദിവസം ഞാൻ തിരുവനന്തപുരത്ത് അരമനയിൽ എത്തി ചേർന്നു. പിതാവിനും എനിക്കും ഒരുപോലെ സന്തോഷം. പിതാവു പറയുകയാണ്. " അന്ന് മൈലപ്രായിൽ വച്ച് പറഞ്ഞപ്പോൾ നിനക്കു ബോദ്ധ്യമായില്ല, ഇപ്പോൾ ബോദ്ധ്യമായല്ലോ. ഒരു കണക്കിനു ലോകം ഒന്നു ശരിയായി കണ്ടിട്ടു



www.malankaralibrary.com

വന്നത് നന്നായി. തിരികെ ലോകത്തിലേക്കു പോകാൻ പരീക്ഷ ഉണ്ടാകുകയില്ലല്ലോ." പിറ്റേ ദിവസം തന്നെ വീട്ടിൽ പോയി അമ്മച്ചിയെ കണ്ട് മൂന്നാലു ദിവസം കൂടെ താമസിച്ചിട്ട് മടങ്ങി വരുവാൻ കല്പിച്ചതനുസരിച്ച് അപ്രകാരം ചെയ്തു. വീട്ടിൽ ചെന്നപ്പോൾ ഈസ്റ്റാഫ്രിക്കയിലെ ജ്യേഷ്ഠന്റെ പ്രതികരണത്തിന്റെ ആവർത്തനം. അമ്മച്ചിമാത്രം എനിക്കനുകൂലം. ഞാൻ സെമിനാരിയിൽ വന്ന് രണ്ടു ദിവസം കഴിയുന്നതിനുമുമ്പേ എന്റെ മൂത്ത ജ്യേഷ്ഠൻ (പി.സി ചാക്കോ സാർ) അരമനയിൽ വന്നു തിരുമേനിയെ കണ്ടു സങ്കടം പറഞ്ഞു. "അതിനെന്താ, അയാൾക്ക് മനസ്സാണെങ്കിൽ വിളിച്ചുകൊണ്ടുപൊയ്ക്കോ" എന്നായിരുന്നു തിരുമേനിയുടെ പ്രതികരണം. ജ്യേഷ്ഠൻ പോയി കഴിഞ്ഞപ്പോൾ തിരുമേനി എന്നോട് പറയുകയാണ് " ഞാൻ അങ്ങനെ പറഞ്ഞതല്ലേ ഉചിതം."

## മൽപാൻ തിരുമേനി.

ദൈവവിളിയുടെ ബാലപാഠങ്ങൾ പഠിക്കുന്നതോടൊപ്പം ആരാധനക്രമത്തിൽ വ്യുൽപത്തി നേടുകയും സുറിയാനി, ലത്തീൻ ഭാഷകൾ പഠിക്കുകയും ആയിരുന്നു പെറ്റി സെമിനാരിയിലെ പ്രവർത്തന പരിപാടി . ലത്തീൻ ഭാഷ പഠിപ്പിക്കാൻ കാൻഡി സെമിനാരിയിൽ പഠിച്ചു പാസായി വന്ന പ്രഗൽഭരായ വൈദീകരുണ്ടായിരുന്നു സുറിയാനിയിലുള്ള നമസ്ക്കാരക്രമവും ആരാധനാഗാനങ്ങളും പഠിപ്പിക്കാൻ അതിൽ പ്രാവണ്യം നേടിയ വൈദീകരും ഉണ്ടായിരുന്നു. എന്നാൽ സുറിയാനി ഭാഷ പഠിപ്പിച്ചിരുന്നത് ആർച്ചു ബിഷപ്പ് തിരുമേനി നേരിട്ടായിരുന്നു. സെമിനാരി വർഷം ആരംഭിച്ച് രണ്ടാഴ്ച കഴിഞ്ഞാണ് ഞാൻ പെറ്റി സെമിനാരിയിൽ വന്നു ചേരുന്നത്. അതിനാൽ എനിക്ക് പ്രത്യേക ട്യൂഷൻ നൽകി ഏതാനും ദിവസം കൊണ്ട് മറ്റുള്ളവരോടൊപ്പമാക്കി. സുറിയാനി എഴുതുക, വായിക്കുക, ഭാഷാന്തരം ചെയ്യുക, സുറിയാനി ഗ്രാമർ പഠിക്കുക ഇതൊക്കെ തന്നെ അഭ്യസനരീതി. പിതാവ് എഴുതിയ ഗ്രാമർ തന്നെയാണ് പഠിക്കേണ്ടത്.അത് പിൽക്കാലത്ത് മുദ്രണം ചെയ്ത് കോളേജിലെ സുറിയാനി ഭാഷ പാഠപുസ്തകമായി അംഗീകരിപ്പിച്ച് എടുക്കുകയുണ്ടായി. ക്ലാസ്സിന് കൃത്യസമയം ഒന്നും ഇല്ല. ചിലപ്പോൾ രാവിലെ, ചിലപ്പോൾ ഉച്ചകഴിഞ്ഞ്, ചിലപ്പോൾ രാത്രിയിൽ, പിതാവിന് സൗകര്യം ഉണ്ടാകുമ്പോഴാണ് ഞങ്ങളുടെ ക്ലാസ്സ് എടുക്കുക. "പിള്ളേരെ" എന്ന വിളി കേട്ടാലുടൻ



www.malankaralibrary.com

ബാക്കി പരിപാടികൾ എല്ലാം നിർത്തി ബുക്കും പേനയും പുസ്തകവുമായി ചെന്നു കൊള്ളണം. അസ്സൽ ഗുരുകുലം സ്റ്റൈൽ. പിതാവ് പാർലറിലെ സെറ്റിയിൽ ഇരിക്കും,ഞങ്ങൾ കയറ്റു പായിൽ നിലത്തും. ഞാൻ പ്രീഫെക്ട് ആയിരുന്നതിനാൽ പിതാവിന്റെ അടുത്തിരിക്കണം. ആവശ്യമായ വല്ല സഹായവും ചെയ്യുവാൻ. അതിന് ചിലപ്പോൾ ചില പ്രായശ്ചിത്തവും ചെയ്യേണ്ടി വരും. ദൂരെയിരിക്കുന്ന ബ്രദറിനോട് ചോദ്യം ചോദിച്ച് ഉത്തരം കിട്ടിയില്ലെങ്കിൽ 'അവനെന്താ ഉത്തരം പറയാത്തത്' എന്നു ചോദിച്ചുകൊണ്ട് എന്റെ പുറത്തായിരിക്കും അടി വീഴുക. അതിന്റെ ക്ഷീണം തീരാൻ ചിലപ്പോൾ മധുര പലഹാര വിതരണവും കാണും.. ക്ലാസ്സിന് സമയ പരിധി ഒന്നും ഇല്ല. ഒന്നുകിൽ പിതാവ് ക്ഷീണിക്കണം. അല്ലെങ്കിൽ ഞങ്ങൾ ഉറക്കം തൂങ്ങണം. അതുമല്ലെങ്കിൽ അപ്രതീക്ഷിതമായി വല്ല V.I.P. അതിഥികൾ വരണം. ചിലപ്പോൾ ക്ഷീണിച്ചാലും വിടുകയില്ല. പകരം വിഷയം മാറ്റുക മാത്രം ചെയ്യും ചിലപ്പോൾ സഭാ ചരിത്രം പറയും. മറ്റു ചിലപ്പോൾ തനിക്കുണ്ടായ ചില വിശിഷ്ടാനുഭവങ്ങളെപ്പറ്റി പറയും. ഒരിക്കൽ പിതാവിന്റെ ആദ്യ പ്ലെയിൻ യാത്രയിൽ ആകാശത്തിൽ വച്ച് വി.കുർബാന അർപ്പിച്ച വിവരം പറഞ്ഞു. കറാച്ചിയിൽ നിന്നും റോമിലേക്ക് പറക്കുന്ന KLM (ഡച്ച്) വിമാനം. അറുപത്തഞ്ചു കൊല്ലത്തിന് മുമ്പുള്ള വിമാനമാണ എന്നോർക്കണം. കുർബാനയ്ക്ക് വീഞ്ഞ് ഒഴിച്ചപ്പോൾതന്നെ പ്ലെയിനിന്റെ കുലുക്കം കൊണ്ട് കാസായിൽ വീഞ്ഞ് ഓളം വെട്ടാൻ തുടങ്ങി. കാസാമറിഞ്ഞു പോയേക്കുമോ എന്നും ഭയപ്പെട്ടു. അതുകൊണ്ട് അധികസമയവും കാസായുടെ തണ്ടിൽപിടിച്ചുകൊണ്ടാണ് കുർബാന പൂർത്തീകരിച്ചത്.

## അരമനയിലെ ജീവിതം.

കനോനാ നമസ്കാരത്തിന് പിതാവ് ഞങ്ങളോടൊപ്പം ഉണ്ടാകും. പിതാവിന്റെ കുർബാനയ്ക്ക് ഞങ്ങൾ മാറി മാറി ശുശ്രൂഷകരായി വരും. തെറ്റ് എന്തെങ്കിലും കണ്ടാൽ തിരുത്തി തരും. ക്രമരഹിതമായി എന്തെങ്കിലും കണ്ടാൽ പിതാവിന്റെ ഉഗ്രമായ ഒരു നോട്ടം മതി എല്ലാം നേരെയാക്കുവാൻ. ഒരിക്കൽ ബ്രദർ ഗീവറുഗീസ് പണിക്കരും ഞാനും കൂടി അടൂർ പള്ളിയിൽ വച്ച് സേവേറിയോസ് തിരുമേനിയുടെ ആഘോഷമായ കുർബാനയിൽ ശുശ്രൂഷകരായിരുന്നു. മാർ ഈവാനിയോസ് പിതാവും മദ്ബഹായിൽ ആസനസ്ഥനാണ്, വിശ്വാസപ്രമാണം ആരംഭിച്ച് കാർമ്മികൻ കൈകഴുകാൻ വന്നപ്പോൾ



www.malankaralibrary.com

അബദ്ധവശാൽ ബ്രദർ പണിക്കർ വെളിച്ചെണ്ണ കുപ്പിയാണ് എടുത്ത് ഒഴിച്ചുകൊടുത്തത്. കാർമ്മികന് ചിരിപൊട്ടിയപ്പോഴാണ് ഞങ്ങൾക്ക് അബദ്ധം മനസ്സിലായത്. കുർബാനയ്ക്കിടയിൽ നിനച്ചിരിയാതെ ചിരിയുണ്ടായപ്പോൾ വലിയപിതാവിന്റെ ഒരു ഉഗ്രൻ നോട്ടം ചിരി അവിടെ നിന്നു. പിന്നെ വളരെ ബദ്ധപ്പെട്ടാണ് ബേസിനും വെള്ളവും സോപ്പും എല്ലാം കൊണ്ടു വന്ന് എല്ലാം നേരെയാക്കിയത്.

ചില സായാഹ്നങ്ങളിൽ പിതാവിന് നേരം കിട്ടുമ്പോൾ അരമനമുറ്റത്ത് ബാഡ്മിന്റൻ കളിക്കാൻ ഞങ്ങളോടൊപ്പം കൂടുമായിരുന്നു. ഭക്ഷണകാര്യങ്ങളിൽ തീരെ ശ്രദ്ധയില്ലായിരുന്നു. മറ്റെന്തെങ്കിലും ആലോചിച്ചുകൊണ്ടോ സംസാരിച്ചുകൊണ്ടോ ആയിരിക്കും ഭക്ഷണം കഴിക്കുക. ഉറക്കം നാലു മണിക്കൂർ മാത്രം. ശെമ്മാശനായിരിക്കുമ്പോൾ തന്നെ അങ്ങനെ പരിശീലിച്ചതാണ്. ഇരുപതു മണിക്കൂറും ജോലി. എഴുത്തുകുത്തുകൾ എല്ലാം വളരെ കൃത്യനിഷ്ഠയോടുകൂടി ചെയ്തിരുന്നു. ഒന്നും കുടിശിക ഇടുമായിരുന്നില്ല.

പിതാവിന്റെ പ്രധാന വ്യായാമം വൈകിട്ട് അരമനവളപ്പിൽ കൂടിയുള്ള നടപ്പായിരുന്നു. കൂട്ടിനു പലപ്പോഴും പിതാവിനെ സന്ദർശിക്കാൻ വന്ന ആരെങ്കിലും കാണും. തനിക്ക് ഏറ്റവും അടുപ്പ മുള്ളവരാണെങ്കിൽ പലപ്പോഴും അവരുടെ തോളിൽ കൈയ്യിട്ടു കൊണ്ടായിരിക്കും നടപ്പ്. അതിനിടയിൽ പല സംഭാഷണങ്ങളും നടക്കും. പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടുപിടിച്ചിരിക്കുകയും ചെയ്യും. നടപ്പിനിറങ്ങുമ്പോൾ തന്റെ പ്രിയങ്കരനായ വളർത്തു പട്ടി "നീറോ," (കറുപ്പ് നിറമുള്ള ലാബ്രഡോർ ഇനം) പൈലറ്റായി മുമ്പിൽ കാണും. അതിനു നല്ല ശിക്ഷണം കൊടുത്തു വളർത്തിയതിനാൽ അതിനെകൊണ്ട് പല കാര്യങ്ങളും ചെയ്യിക്കുമായിരുന്നു. "Go get the walking stick" എന്ന് ഓർഡർ കൊടുത്താൽ ആ നിമിഷം തിരിഞ്ഞോടി പിതാവിന്റെ മുറിയിൽ നിന്നും വടി കടിച്ചുകൊണ്ട് കൈയ്യിൽ കൊടുക്കും. അതിനെ പല വിദ്യകളും പഠിപ്പിക്കാനായി അതിന്നായി ഉള്ള ഒരു പുസ്തകം അമേരിക്കയിൽ നിന്നും വരുത്തി. പല ചെറിയ സർക്കസും വേലകളും അതിനെ പഠിപ്പിച്ചു. അതിന് ഒരു കോട്ട് തൈപ്പിച്ച്. അതിന്റെ പോക്കറ്റിൽ എഴുത്തുകൾ ഇട്ടു അടുത്ത അഞ്ചൽ ആപ്പീസിൽ കൊണ്ടു പോയി ഏല്പിക്കാനും തിരിച്ച് അരമനയ്ക്ക് വരുന്ന കത്തുകൾ കൊണ്ടു വരുവാനും പഠിപ്പിച്ചു. ഈ പരിപാടിയുടെ തുടക്കം കാണാനെ എനിക്കു സംഗതിയായുള്ളു. അപ്പോഴേക്കും



www.malankaralibrary.com

ഉപരി പഠനത്തിന് കാൻഡിലേക്കു പോയി. ഞങ്ങൾക്ക് പിതാവ് സുറിയാനി ക്ലാസ്സ് എടുക്കുമ്പോൾ "നീറോ " മാന്യമായി ഒരു റ്റീപ്പോയിന്മേൽ ഞങ്ങളുടെ അടുത്ത് ആസനസ്ഥനായിരിക്കും. ഒരിക്കൽ ഇങ്ങനെ ക്ലാസ്സ് നടക്കുമ്പോൾ തിരുവല്ലായിൽ നിന്നും സേവേറിയോസ് തിരുമേനി അരമനയിലേക്ക് വന്നു പട്ടിയുടെ ഇരിപ്പു കണ്ടിട്ട് സേവേറിയോസ് തിരുമേനി നമ്മുടെ പിതാവിനോട് ചോദിക്കുകയാണ് " എന്താ, ഇവനും പട്ടം കൊടുക്കാനാണോ ഉദ്ദേശം " എല്ലാവർക്കും നല്ല ഒരു ചിരിയ്ക്ക് വക കിട്ടി.

സെമിനാരിക്കാരോടുള്ള പിതാവിന്റെ പ്രത്യേക വാത്സല്യം എടുത്തു പറയത്തക്കതായിരുന്നു. ഒരു പ്രത്യേക സന്ദർഭം ഇപ്പോഴും ഞാൻ ഓർക്കുന്നു., ഈസ്റ്റാഫ്രിക്കയിൽ നിന്നും വന്ന് സെമിനാരിയിൽ ചേർന്നപ്പോൾ സെമിനാരിയിലെ ഭക്ഷണത്തോട് എന്റെ വയറ് പ്രതിഷേധം പ്രകടിപ്പിച്ചു. ഫലം കലശലായ വയറ്റുകടി. ഡോക്ടറെ വരുത്തി ചികിത്സിപ്പിച്ചെങ്കിലും ഒരാഴ്ചയോളം കിടക്കയിൽ കഴിയേണ്ടതായി വന്നു. വളരെ ക്ഷീണിതനുമായി. ആ ദിവസങ്ങളിൽ രാവിലെ കുർബാന കഴിഞ്ഞാലുടൻ പിതാവ് എന്നെ സന്ദർശിച്ച് ആശ്വസിപ്പിക്കാനും മേൽനടപടിക്ക് നിർദ്ദേശം കൊടുക്കുവാനും വരുമായിരുന്നു. റെക്റ്ററച്ചനെ വിളിച്ച് (സുഖക്കേട് കുറഞ്ഞപ്പോൾ) എനിക്ക് പ്രത്യേക ഡയറ്റ് തരുവാൻ നിർദ്ദേശിച്ചു. കമ്മ്യൂണിറ്റിയിൽ പ്രത്യേകത വേണ്ടാ എന്നു ഞാൻ പറഞ്ഞിട്ടും നിർബന്ധപൂർവ്വം എന്നെ കല്പനയ്ക്കു വിധേയനാക്കി. മിഷ്യൻ ജോലി ഫലപ്രദമായി ചെയ്യാൻ നല്ല ആരോഗ്യം ആവശ്യമാണെന്നും അതിന് നല്ല ഭക്ഷണം കഴിക്കണമെന്നും പിൽക്കാലത്ത് പലപ്പോഴും ഉപദേശിച്ചിട്ടുണ്ട്.

പിതാവിന്റെ കാരുണ്യവും കരുതലും പ്രത്യേകമായും പ്രത്യക്ഷപ്പെട്ട വേറൊരു അവസരവും എന്റെ സ്മൃതിപഥത്തിൽ എത്തുന്നു. കാൻഡിയിലെ എട്ടു വർഷത്തെ പഠനത്തിന് ഇടയ്ക്ക് ആദ്യത്തെ നാലു വർഷം കഴിഞ്ഞേ വർഷാവസാന അവധിക്ക് വീട്ടിൽ പോകാൻ അനുവാദമുള്ളു. എന്നാൽ എന്റെ രണ്ടാമത്തെ വർഷംകഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായി റെക്റ്ററച്ചന് പിതാവിന്റെ ടെലഗ്രാം വന്നു എന്നെ അവധിയ്ക്ക് വീട്ടിലേക്ക് വിടാൻ. റെക്റ്ററച്ചന് ഈ പ്രത്യേകത തീരെ ഇഷ്ടപ്പെട്ടില്ല. ഞാൻ ഇതൊന്നും അറിഞ്ഞതല്ലെന്ന് ക്ഷമാപണ സഹിതം പറഞ്ഞു. അവധിയ്ക്കു വീട്ടിൽ വരുമ്പോഴാണ് അറിയുന്നത് വൃദ്ധനായ എന്റെ മാതാവിന്റെ നിർബന്ധപൂർവ്വമായ



www.malankaralibrary.com

അപേക്ഷയെ പരിഗണിച്ചാണ് പിതാവ് ടെലഗ്രാം അയച്ചതെന്ന്. അന്ന് എന്റെ വീട്ടിൽ അമ്മയും ഒരു സഹായിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. നാലാം കൊല്ലം കഴിഞ്ഞ് പതിവനുസരിച്ചുള്ള അവധിയ്ക്ക് ഞാൻ വീട്ടിൽ വന്നു. ആദ്യത്തെ അവധിയ്ക്ക് വന്നിട്ട് കാൻഡിക്കു മടങ്ങുമ്പോൾ പിതാവ് അരമനയിൽ ഇല്ലായിരുന്നു. പിതാവ് പ്രൊക്കുറേറ്ററച്ചനെ പ്രത്യേകം ശട്ടം കെട്ടിയിട്ടാണ് പോയത്. "കാൻഡിയ്ക്ക് മടങ്ങാൻ ബ്രദർ വരുമ്പോൾ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് ചോദിച്ചു മനസ്സിലാക്കി ലോഭം കൂടാതെ അതെല്ലാം കൊടുത്തു വിടണം ". അങ്ങനെ എന്നും ഒർക്കുവാൻ തക്കവണ്ണം പിതാവിന്റെ പുത്ര വാത്സല്യം ശരിക്കും അനുഭവിക്കുവാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചു.

## കാൻഡിയിൽ

1942 ജനുവരിയിൽ കാൻഡിപേപ്പൽ സെമിനാരിയിൽ തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി രണ്ടു ശെമ്മാശന്മാരെ ചേർക്കാൻ അനുവാദം ലഭിച്ചു. ഒരു സീറ്റിനെ ബനഫാക്ടർ (ചെലവു വഹിക്കുവാനുള്ള ആൾ) ഉണ്ടായിരുന്നുള്ളു. മറ്റേതിനു ബനഫാക്റ്ററെ കണ്ടുപിടിക്കണം. എനിക്ക് ബനഫാക്റ്ററെ ഞാൻ തന്നെ കണ്ടുപിടിച്ചുകൊള്ളാമെന്ന് ഞാൻ പിതാവിനോടു പറഞ്ഞു. ഞാൻ ഈസ്റ്റാഫ്രിക്കയിൽ ആയിരുന്നപ്പോൾ എന്റെ സ്പിരിച്വൽ ഫാദർ ആയിരുന്ന ഐർലണ്ടുകാരൻ മക്കാർത്തി തിരുമേനിക്കു ഞാൻ എഴുതി. അപ്പോഴേക്കും അദ്ദേഹം ഈസ്റ്റാഫ്രിക്കയിലെ അപ്പസ്തോലിക് ഡലിഗേറ്റായി ഉയർത്തപ്പെട്ടു കഴിഞ്ഞിരുന്നു. (പിൽക്കാലത്ത് അദ്ദേഹം നയ്റോബിയിലെ ആർച്ചുബിഷപ്പായി) അദ്ദേഹം ആ കത്ത് എന്നെ പരിചയമുള്ള ഡാറസലത്തെ ആർച്ചുബിഷപ്പിനെ കാണിച്ചു. അപ്പോൾ തന്നെ അദ്ദേഹം (സ്വിറ്റ്സർലണ്ടുകാരൻ എഡ്ഗർ മറാന്ത തിരുമേനി) എന്റെ ബനഫാക്റ്ററായിരിക്കാൻ സസന്തോഷം സമ്മതിച്ച് എനിക്കും സെമിനാരി റെക്റ്റർക്കും എഴുതി. ആ വിവരം ഞാൻ പിതാവിനും എഴുതി. പിതാവ് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടുള്ള കത്ത് ഡാറസലത്തെ ആർച്ചുബിഷപ്പിന് അയയ്ക്കുകയും ചെയ്തു. ഈ വിവരം ഈവാനിയോസ് തിരുമേനി സേവറിയോസ് തിരുമേനിയോട് പറഞ്ഞപ്പോൾ അദ്ദേഹവും തിരുവല്ലാ രൂപതയ്ക്കുവേണ്ടി ഒരു വൈദിക വിദ്യാർത്ഥിയുടെ ചിലവു വഹിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്



www.malankaralibrary.com

മറാന്താ തിരുമേനിക്ക് എഴുതി. ആ ചുമതല അദ്ദേഹം ഏറ്റെടുക്കുകയും ചെയ്തു 1947ൽ സേവറിയോസ് തിരുമേനി കാൻഡി സെമിനാരി സന്ദർശിക്കാൻ വന്നിരുന്നു. ആഘോഷമായ കുർബാനയും പ്രത്യേക മീറ്റിംഗും മലയാളം അക്കാഡമിയുടെ നേതൃത്വത്തിൽ കലാപരിപാടികളും മറ്റും നടന്നു.

## മാർ ഈവാനിയോസ് തിരുമേനിയുടെ കാൻഡി സന്ദർശനം.

1947 ൽ ഒട്ടാവായിലെ മറിയൻ കോൺഗ്രസ്സിൽ സംബന്ധിച്ചശേഷം കാർഡിനൽ സ്പെൽമാനോടൊപ്പം ആസ്ത്രേലിയായിലെ മെൽബോൺ രൂപതയുടെ ശതാബ്ദി ആഘോഷത്തിലും സംബന്ധിച്ചപ്പോഴേയ്ക്കും പിതാവ് നന്നെ ക്ഷീണിച്ചിരുന്നു. ഈ അവസരത്തിൽ ആരോഗ്യം വീണ്ടെടുക്കുവാൻ ഒരു കപ്പൽ യാത്രയായിരിക്കും നല്ലത് എന്നുള്ള കാർഡിനൽ സ്പെൽമാന്റെ അഭിപ്രായപ്രകാരം പിതാവ് കപ്പലിൽ കൊളമ്പിൽ എത്തി. വിവരം പത്രദ്വാരാ കാൻഡിയിൽ ഞങ്ങളും അറിഞ്ഞു. ഞാൻ കാൻഡിയിൽ നിന്നും കൊളമ്പിൽ ആർച്ചു ബിഷപ്പ്സ് ഹൗസിൽ വിശ്രമിക്കുന്ന പിതാവുമായി ഫോണിൽ ബന്ധപ്പെട്ടു. കാൻഡിയിൽ വന്നു ഞങ്ങളെ കണ്ടിട്ടു മാത്രമെ തിരുവനന്തപുരത്തിനു പോകാവു എന്നു നിർബന്ധപൂർവം അപേക്ഷിച്ചു. പിതാവു പനി ബാധിച്ചു കിടക്കുകയാണെന്നും പനി കുറഞ്ഞാൽ കാൻഡിയിൽ വന്നിട്ടെ നാട്ടിൽ പോകൂ എന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു. പിറ്റെ ദിവസം തന്നെ വൈകിട്ട് പിതാവ് കാൻഡിയിൽ വരുമെന്ന് ടെലഗ്രാം കിട്ടി. ഞങ്ങളുടെ സന്തോഷം പറയേണ്ടതുണ്ടോ. എല്ലാവരും കൂടി പിതാവിനെ സെമിനാരിയിലേക്ക് സ്വാഗതം ചെയ്തു. അന്നു തന്നെ സന്ധ്യയ്ക്ക് ശേഷം പിതാവ് സെമിനാരി സ്റ്റാഫിനേയും ശെമ്മാശന്മാരെയും അഭിസംബോധന ചെയ്തു കൊണ്ട് " സഭയിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം" എന്ന വിഷയത്തെ പുരസ്ക്കരിച്ച് ഒരു മണിക്കൂർ നീണ്ടുനിന്ന പ്രൗഢഗംഭീരമായ ഒരു പ്രസംഗം ചെയ്തു. പിറ്റേ ദിവസം രാവിലെ പിതാവിന്റെ ആഘോഷമായ കുർബാനയായിരുന്നു. അതിന് ഞങ്ങൾക്ക് പിതാവ് തലേ രാത്രിയിൽ പ്രത്യേക പരിശീലനവും നൽകിയിരുന്നു. കുർബാനയ്ക്കിടയ്ക്ക് രണ്ടു മൂന്നു പ്രാവശ്യം നമ്മുടെ



www.malankaralibrary.com

അന്തോക്യൻ കുർബ്ബാനയെപ്പറ്റി വിശദീകരണം നൽകി. കുർബ്ബാന കഴിഞ്ഞപ്പോൾ സെമിനാരിയിലെ ലിറ്റർജി പ്രൊഫസർ എന്നെ വിളിച്ച് "നിങ്ങളുടെ ആർച്ചു ബിഷപ്പിന് കുർബ്ബാന ഇടയ്ക്കു നിർത്തി പ്രസംഗിക്കുവാൻ എവിടെ നിന്നാണ് അനുവാദം കിട്ടിയത് ". എന്നു ചോദിച്ചു. (ലത്തീൻകാർക്ക് അത് അചിന്ത്യമായിരുന്നു ) ഞാൻ ഉത്തരമായി പറഞ്ഞു. " ഞങ്ങളുടേത് പൗരസ്ത്യ റീത്താണ്. ലത്തീൻ റീത്തുപോലെ വഴങ്ങാത്തതല്ല. കൂടാതെ ഞങ്ങളുടെ ആർച്ച് ബിഷപ്പ് മലങ്കര റീത്തിന്റെ തലവനാണ്. അദ്ദേഹം കല്പിക്കുന്നതാണ് ഞങ്ങളുടെ ആരാധനാ ക്രമത്തിന്റെ വിശദാംശങ്ങൾ അദ്ദേഹം എന്താണ് ചെയ്യുന്നത് എന്നതിനെപ്പറ്റി തികച്ചും ബോധവാനാണ് ". മലങ്കര ശെമ്മാശൻമാരെ പൊതുവായും ചിലരെ പ്രത്യേകമായും വിളിച്ചു സംസാരിച്ചു. അമേരിക്കൻ യാത്രാ വിവരണങ്ങൾ എല്ലാവരെയും വിശദമായി പറഞ്ഞു കേൾപ്പിച്ചു. അന്നു വൈകിട്ട് തന്നെ കൊളമ്പിലേക്കു മടങ്ങി.

## കാൻഡി അപകടമേഖല.

രണ്ടാം ലോകമഹായുദ്ധത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ കാൻഡി അപകടമേഖലയായി രൂപാന്തരപ്പെട്ടു. ഏതു സമയത്തും ജപ്പാന്റെ ബോംബാക്രമണം ഉണ്ടാകാം എന്ന നില വന്നു. കാൻഡിയിൽ നിന്നും അധികം ദൂരമല്ലാത്ത കൊളമ്പിലും ട്രിങ്കോമാലിയിലും ജപ്പാൻ ബോംബാക്രമണം നടത്തി വലിയ നാശനഷ്ടങ്ങൾ വരുത്തി. പ്രതിരോധനിരയുടെ സുപ്രധാനഘടകമായ സൗത്ത് ഈസ്റ്റ് ഏഷ്യ കമാൻഡ് ലോർഡ് മൗണ്ട് ബാറ്റന്റെ നേതൃത്വത്തിൽ കാൻഡിയിൽ സെമിനാരിയ്ക്ക് വളരെ അടുത്താണ് സ്ഥാപിച്ചിരുന്നത്. ഇതെല്ലാംകൊണ്ട് അന്തരീക്ഷം വളരെ അസ്വസ്ഥമായി. ഭക്ഷ്യവും വളരെ കമ്മി. ആവശ്യമായി വന്നാൽ കാൻഡി സെമിനാരി മിലിറ്ററി ഹോസ്പിറ്റലാക്കുമെന്ന മുന്നറിയിപ്പ് ലഭിച്ചു റവ. റെക്റ്ററച്ചൻ സെമിനാരി ക്കാരെ വിളിച്ച് അപകടസാഹചര്യത്തിന്റെ ഗുരുത്വം പറഞ്ഞു മനസ്സിലാക്കി. ആഗ്രഹിക്കുന്നവർക്ക് സ്വന്തം നാട്ടിലേക്ക് മടങ്ങിപ്പോ കുവാൻ അനുവാദവും കൊടുത്തു. അവസാന വർഷ ക്ലാസ്സിൽപ്പെട്ട പലരും വേറെചിലരും നാട്ടിലേക്കു മടങ്ങി. അവർക്ക് നാട്ടിൽ പട്ടമേൽക്കാം. പക്ഷെ ഞങ്ങൾ താഴത്തെ ക്ലാസ്സിലുള്ളവർ



www.malankaralibrary.com

പിരിഞ്ഞുപോയാൽ പിന്നെ പഠനം പൂർത്തിയാക്കാൻ കഴിയുമോ? എന്ന്? എവിടെ? എന്നെല്ലാമുള്ള ചോദ്യങ്ങൾ ഞങ്ങളെ അഭിമുഖീകരിച്ചു. തിരുവനന്തപുരം അതിരൂപതയിലെ ശെമ്മാശന്മാർക്ക് വേണ്ടി ഞാൻ വല്യപിതാവിന്റെ പേർക്ക് സാഹചര്യത്തിന്റെ ഗുരുത്വവും അപകടസാദ്ധ്യതയും റവ.റെക്റ്ററച്ചന്റെ അഭിപ്രായവും എല്ലാം കാണിച്ച് എഴുതി. ഞങ്ങൾ എന്തുചെയ്യണമെന്ന് പിതാവ് നിശ്ചയിച്ച് അറിയിക്കാനപേക്ഷിച്ചു. തീരുമാനം റക്റ്ററച്ചനു വിട്ടുകൊടുത്തുകൊണ്ട് ഉടനെ മറുപടിവന്നു. അങ്ങനെയെങ്കിൽ ഭാവി പൂർണ്ണമായും ദൈവപരിപാലനയ്ക്ക് വിട്ടുകൊടുത്തുകൊണ്ട് എന്തും വരട്ടെ എന്ന തീരുമാനത്തിൽ മുന്നോട്ടു പോകുവാൻ നിശ്ചയിച്ചു. യുദ്ധസാഹചര്യത്തിൽ വിശപ്പിന്റെ വിളി നന്നായി അനുഭവപ്പെട്ടെങ്കിലും സെമിനാരി ജീവിതം അസ്വസ്ഥതയുടെ ഇടയിൽ കൂടി മുമ്പോട്ടുകൊണ്ടുപോയി ലക്ഷ്യത്തിൽ എത്തിക്കാൻ ദൈവം അനുവദിച്ചു.

## വൈദീകപട്ടവും നാട്ടിലേക്ക് തിരിച്ചു വരവും

1949 ആഗസ്റ്റ് 24-ാം തീയതി തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി റവ. പണിക്കരച്ചനും ഞാനും തിരുവല്ലാ രൂപതയ്ക്കുവേണ്ടി റവ. പീറ്റർ തേക്കുംപറമ്പിലച്ചനും ഉൾപ്പെടെ 14 പേർ വൈദീകപട്ടം സ്വീകരിച്ചു. പിറ്റെ ദിവസം എല്ലാവരുടെയും നവപൂജാർപ്പണവും നടത്തി. ഞങ്ങളുടെതന്നെ റക്ടർ മോൺസിഞ്ഞോർ ഗ്ലെനി (ആയിടയ്ക്ക് ട്രിങ്കോമാലി രൂപതയുടെ ബിഷപ്പായി അഭിഷിക്തനായി) തന്നെയാണ് ഞങ്ങൾക്ക് പട്ടം നൽകിയത്. അദ്ദേഹം ആയിടയ്ക്കാണ് റോമിൽ പോയി മാർപ്പാപ്പാ 12-ാം പീയുസ്സിനെ സന്ദർശിച്ചത്. ആ വേളയിൽ നടക്കാൻ പോകുന്ന ഞങ്ങളുടെ വൈദീകപട്ടത്തെപ്പറ്റി മാർപ്പാപ്പയോട് പറയുകയും മാർപ്പാപ്പാഞങ്ങൾക്ക് പാരിതോഷികമായി ഓരോ മെഡൽ കൊടുത്തുവിടുകയും ചെയ്തു. ഞാൻ അവസാന പരീക്ഷയ്ക്കിരിക്കേണ്ടതിന്റെ നാലു ദിവസം മുമ്പ് എന്റെ മൂത്തസഹോദരൻ പി.സി ചാക്കോ മരണാനന്തനായിരിക്കുന്നു എന്ന കമ്പി വാർത്ത കിട്ടുകയാൽ പെട്ടെന്ന് പരീക്ഷ തീർത്ത് നാട്ടിലേക്ക് മടങ്ങി. ഞാൻ വന്നു നാലു ദിവസം കഴിഞ്ഞു ജേഷ്ഠൻ മരിക്കുന്നു. അനന്തരനടപടികളെല്ലാം പൂർത്തിയാക്കി ഞാൽ അരമനയിലേക്കു മടങ്ങി.



www.malankaralibrary.com

## ആദ്യനിയമനം

" വേറെ ചില കാര്യങ്ങൾക്കാണ് തന്നെ ഞാൻ ഉദ്ദേശിച്ചിരുന്നത്. തൽക്കാലം മാർ ഈവാനിയോസ് കോളേജിലേക്കു പോകുക. കോളേജ് തുടങ്ങിയിട്ട് നാലു മാസമേ ആയിട്ടുള്ളൂ. ആ ബനഡികറ്റ് അച്ചൻ തനിച്ചായതുകൊണ്ട് വളരെ ക്ലേശിക്കയാണ്. താൻ കോളേജ് ബർസാറുടെ ചുമതല ഏറ്റെടുക്കണം. ലോജിക്കും സുറിയാനിയും പഠിപ്പിക്കണം. കോളേജ് എസ്റ്റേറ്റിന്റെ ചുമതലയും വഹിക്കണം. കൂടാതെ തിരുവനന്തപുരത്തുള്ള രണ്ടു മിഷ്യന്റെ ചുമതലയും കൂടെ തന്നെ ഏല്പിക്കുകയാണ് ". ഇതാണ് വല്യപിതാവിൽ നിന്നും കിട്ടുന്ന ആദ്യത്തെ നിയമന ഉത്തരവ്. അന്നു വൈകിട്ടുതന്നെ കോളേജിൽ പോയി താമസമാക്കി. കോളേജിന്റെ സയൻസ്ബ്ലോക്കു മാത്രമേ അന്നു തീർന്നിട്ടുള്ളൂ. രണ്ടാം നില താല്ക്കാലിക ഹോസ്റ്റലാണ്. ഏതാണ്ട് 150 കുട്ടികൾ ഹോസ്റ്റലിലുണ്ട്. പ്രിൻസിപ്പൽ ബനഡിക്റ്റച്ചനും ഞാനും രണ്ടാം നിലയിൽ ഹോസ്റ്റലി നോട് അടുത്ത് ഓരോ മുറികളിൽ താമസമാക്കി. ഇന്റർമീഡിയറ്റിന്റെ ഒന്നാം വർഷവും ബി.എയുടെ ഒന്നാം വർഷവും മാത്രമേ തുടങ്ങിയിട്ടുള്ളൂ. യശ്ശശരീരനായ പ്രൊഫസർ എം.പി.പോൾ, തമ്പിഹാരീസ് ( പിന്നീട് നമ്മുടെ പ്രഥമ ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ) ആദിയായ പ്രഗത്ഭൻമാരെല്ലാം സ്റ്റാഫിലുണ്ട്.ഞങ്ങളുടെ ഭക്ഷണം കോളേജ് മെസ്സിൽ നിന്നു തന്നെ. ഒരു മെസ്സ് നടത്തുന്നത് മാനേജർ കിളീലേത്ത് ചാക്കോയാണ്. പിതാവിന്റെ പുത്ര വാത്സല്യവും കരുതലും ഇവിടേയും എനിക്കനുഭവപ്പെട്ടു എന്ന് വിളിച്ചു പറയുകയാണ്. "എടോ മെസ്സിലെ ഭക്ഷണം തനിക്കത്ര പിടിച്ചില്ലെന്നു വരാം. പ്രത്യേകം സ്പെഷ്യലുകൾ ഉണ്ടാക്കിത്തരാൻ ശട്ടംകെട്ടണം. മെസ്സിന് എത്ര രൂപ ചിലവായി എന്നു ഞാൻ ചോദിക്കുകയില്ല. ആരോഗ്യമില്ലാതെ ശരിയായി ജോലിചെയ്യാൻ സാധ്യമല്ല ". ഇടയ്ക്കിടയ്ക്ക് പിതാവിനെകണ്ട് കോളേജിനെപ്പറ്റി റിപ്പോർട്ട് കൊടുക്കണം. സുറിയാനി പഠിപ്പിക്കുന്നത് എന്റെ ആദ്യത്തെ അനുഭവമാകയാൽ പിതാവ് ശരിയായ മാർഗ്ഗനിർദ്ദേശം നൽകും. സുറിയാനി പരീക്ഷയുടെ ചോദ്യക്കടലാസ് പിതാവിനെ നേരത്തെ കാണിക്കണം. അങ്ങിനെ കുറെക്കാലംകൊണ്ട് എന്നെ ഒരു ചെറിയ സുറിയാനി മൽപ്പാനാക്കിയെടുത്തു എന്നു പറഞ്ഞാൽ മതിയല്ലോ.



www.malankaralibrary.com

## അല്പംനർമ്മം.

പുതിയ കോളേജാകുമ്പോൾ ആദ്യവർഷങ്ങളിൽ ചില പ്രത്യേക ഘട്ടങ്ങളിൽ യൂണിവേഴ്സിറ്റി കമ്മീഷന്റെ കോളേജ് സന്ദർശനം ഉണ്ടാകും. അങ്ങിനെ ഒരിക്കൽ ഞാൻ സുറിയാനി പഠിപ്പിച്ചുകൊണ്ടിരുന്ന ഇന്റർമീഡിയേറ്റ് ക്ലാസ്സിലേക്ക് അവർ കയറി വന്നു. അവർ അഞ്ചുപേരുടെ കൂട്ടത്തിൽ ആലുവാ U.C കോളേജ് പ്രിൻസിപ്പൽ അയിരൂർകാരൻ എന്റെ അയൽവാസി പ്രൊഫസർ സി. പി. മാത്യൂ മാത്രമാണ് സുറിയാനിക്കാരൻ. മാർത്തോമാക്കാരനായ അദ്ദേഹത്തിനും സുറിയാനി ഭാഷ വലിയ വശമില്ലെന്ന് എനിക്കറിയാം. അദ്ദേഹം എന്നോട് ചോദിക്കുകയാണ്" ആകട്ടെ അച്ചൻ സുറിയാനി പ്രൊഫസർ അല്ലേ.. സുറിയാനിയിൽ ഏതാനും വാചകങ്ങൾ പറയാമോ " പുസ്തകം എടുത്തു വായിച്ചാൽ നാണക്കേട്. എനിക്ക് പെട്ടെന്നു കിട്ടിയ പ്രചോദനം അനുസരിച്ച് ഞാൻ "മ് ഹൈമ്മനീനാൻ ബ്ഹാദ് ആലോഹോ ശാറീറോ "എന്നു തുടങ്ങി നല്ല ഒഴുക്കിൽ വിശ്വാസപ്രമാണം പകുതി ചൊല്ലിത്തീർത്തു. അവരെല്ലാവരും ഒരു സുറിയാനി പ്രഭാഷണം കേട്ട സംതൃപ്തിയോടെ അഭിനന്ദനം നൽകിയിട്ട് ക്ലാസ്സുമുറി വിട്ടു പോയി.

ഏതാണ്ട് നാലു മാസം കഴിഞ്ഞപ്പോൾ റവ. ജോർഇജ്ജ് മലഞ്ചരിവിലച്ചൻ പട്ടമേറ്റ് വൈദീകനായി. കല്പനപ്രകാരം അദ്ദേഹത്തെ ബർസാറുടെ ചുമതല ഏൽപ്പിച്ചുകൊണ്ട് ഞാൻ കോളേജ് ഗെയിറ്റിലുള്ള ബംഗ്ലാവിലേക്ക് താമസം മാറ്റി. ക്ലാസ്സുകൾ കഴിഞ്ഞുള്ള സമയം എസ്റ്റേറ്റിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയായിരുന്നു ഉദ്ദേശ്യം. ഒരു നല്ല കുക്കിനേയും കിട്ടി. അങ്ങനെ കഷ്ടിച്ചു രണ്ടു വർഷം കഴിഞ്ഞപ്പോൾ പിതാവ് എന്നെ വിളിച്ചു പറയുകയാണ് " ഉടനെ അരമനയിലേക്കു പോന്നോളൂ. എന്റെ സെക്രട്ടറിയും ചാൻസലറും പ്രൊക്കുറേറ്ററും മിനിസ്റ്ററുമായി തന്നെ നിയമിക്കുകയാണ്. കോളേജിലെ ക്ലാസ്സുകൾ ഇവിടെ നിന്നും സമയത്തു പോയി എടുത്തുകൊള്ളണം. എസ്റ്റേറ്റിന്റെ ചുമതലയും താൻ തന്നെ വഹിച്ചേ പറ്റൂ. പള്ളികളുടെ ചുമതല പഴയതു തന്നെ ". ഞാൻ അമ്പരന്നു. കല്പനയാണ്. അനുസരിച്ചേ പറ്റൂ. ഇനി വിശ്രമം എന്നത് കണികാണാൻ കിട്ടില്ല എന്നു എനിക്കുറപ്പായി.



www.malankaralibrary.com

## അരമന ജീവിതത്തിന്റെ ആരംഭം.

പിറ്റേ ദിവസം തന്നെ അരമനയിലേക്കു താമസം മാറ്റി. പ്രൊക്കുറേറ്ററുടെ ചാർജ്ജ് ഏൽപ്പിക്കുന്നത് പിതാവ് ശരിക്കും ഔപചാരികമായ ഒരു ചടങ്ങാക്കി മാറ്റി. വൈദീകപട്ടം കൊടുക്കുന്നതിന് മുമ്പ് കാർമ്മികൻ അർത്ഥിക്കു കൊടുക്കുന്ന ഉപദേശം പോലെ ഗൗരവപൂർവ്വമായ ഒരു ഉപദേശം നൽകുകയാണ് ആദ്യമായി ചെയ്തത്."പണസംബന്ധമായ കാര്യങ്ങളിൽ ആരെയും പൂർണ്ണമായി വിശ്വസിക്കരുത്. എനിയ്ക്ക് ഉണ്ടായ ചില അനുഭവങ്ങളിൽ നിന്നും പഠിച്ച പാഠമാണ് അത് അനർഹമായ അപേക്ഷയുമായി വരുന്നവർക്ക് ചെവി ചായിക്കരുത്. അവർ ചിലപ്പോൾ പിണങ്ങിയേക്കും സാരമില്ല. ഇത് കുന്തിരിക്കപ്പുക തട്ടിയ ചക്രമാണെന്ന് ഓർത്തുകൊണ്ടു വേണം കൈകാര്യം ചെയ്യുവാൻ. അനർഹമായി ഇതുകൊണ്ടു പോകുന്നവന് നാശകാരണമായിരിക്കും. അനർഹനു കൊടുത്താൽ താനും ദൈവമുമ്പാകെ കുറ്റക്കാരനായിരിക്കും. പല അക്കൗണ്ടുകൾ ഉള്ളതുമാറ്റി പ്രധാനമായി ഒരു അക്കൗണ്ടാക്കിയിട്ടുണ്ട്. ഓപ്പറേറ്റു ചെയ്യുന്നത് ആർച്ച് ബിഷപ്പ് അല്ലെങ്കിൽ പ്രൊക്കുറേറ്റർ. ആർച്ചു ബിഷപ്പ് എന്ന് വച്ചിരിക്കുന്നത് എനിയ്ക്ക് അധികാരമുണ്ട് എന്നു കാണിക്കാൻ വേണ്ടിമാത്രമാണ്. എന്നാൽ മേലാൽ താൻ മാത്രമേ അത് ഓപ്പറേറ്റ് ചെയ്യുകയുള്ളു എല്ലാം മനസ്സിലായല്ലോ. ഇനി മുട്ടിന്മേൽ നിൽക്ക്" (ഞാൻ മുട്ടിന്മേൽ നിന്നു ) പാസ്സുബുക്കുകളും ചെക്കുബുക്കുകളും കൈമാറി. വിലപിടിപ്പുള്ള സാധനങ്ങൾ ഇരിക്കുന്ന സേഫിന്റെ താക്കോൽ എന്നെ ഏൽപ്പിച്ചു. റൂശ്മാ ചെയ്തു. ഞാൻ കൈമുത്തി എഴുന്നേറ്റു. ഇത്ര നാടകീയമായ ചാർജ്ജ് ഏൽപ്പിക്കൽ ഞാൻ പ്രതീക്ഷിച്ചില്ല. പക്ഷെ ചുമതലയുടെ ഗൗരവവും ഉത്തരവാദിത്വവും ശരിക്കും എനിക്ക് മനസ്സിലാക്കുവാൻ അതുപകരിച്ചു. അക്കൗണ്ടു ബുക്കുകളും റിക്കാർഡുകളുമെല്ലാം എന്റെ മുൻഗാമി റവ. കുര്യൻ ഇലഞ്ഞിമറ്റം അച്ചനിൽനിന്നും ഞാൻ നേരത്തെ ഏറ്റുവാങ്ങിയിരുന്നു.

പിതാവിന്റെ ആരോഗ്യം, ഭക്ഷണകാര്യം മുതലായവ ശ്രദ്ധിക്കാൻ അനേകകൊല്ലം പിതാവിന്റെ A.D.C. ആയിരുന്ന തഴക്കവും പഴക്കവും ഉള്ള ചാക്കോചേട്ടൻ ഉണ്ടായിരുന്നതിനാൽ മിനിസ്റ്ററുടെ ജോലിയിൽ എനിക്ക് കുറെ ലാഘവം അനുഭവപ്പെട്ടു. ആഫീസിൽ ദീർഘനേരം ജോലിചെയ്ത് മുഷിയുമ്പോൾ അടുത്തുള്ള ചേപ്പാട്ട് റമ്പാച്ചന്റെ മുറിയിലേക്ക് കടന്നു ചെല്ലും. റമ്പാച്ചന്റെ നർമ്മോക്തികൾ ചിരിയുടെ



www.malankaralibrary.com

മാലപ്പടക്കത്തിന് തീകൊളുത്തുക തന്നെ ചെയ്യും. പിതാവിന്റെ വളർത്തുനായ്ക്കളായ അൽസേഷ്യൻ " അക്ബറും" ലാബ്രഡോർ ഇനം "നീറോയും" നമ്മെ വളരെ രസിപ്പിക്കും. എല്ലാവരും ഉറങ്ങിക്കഴിഞ്ഞ് ഏതാണ്ട് പാതിരാത്രിയോടടുത്താണ് പിതാവ് ഉറങ്ങുന്നത്. ഉറക്കത്തിനു മുമ്പായി ചാപ്പലിലേക്ക് ഒരു അവസാന വിസിറ്റുണ്ട്. എല്ലാരും ഉറക്കമായതിനാൽ അധികം പേർക്ക് അത് അറിഞ്ഞുകൂടാ. ഉറക്കമില്ലാതെ ഞാൻ കിടക്കുന്ന ചില രാത്രികളിൽ ചാപ്പലിൽനിന്നും പിതാവിന്റെ ദീർഘശ്വാസവും നെഞ്ചത്തിടിയും കേൾക്കാൻ ഇടയായിട്ടുണ്ട്.

## പിതാവിന്റെ ആലസ്യം

അമേരിക്കൻ യാത്രയും അവിടത്തെ ദീർഘപരിപാടികളും തുടർന്നുള്ള ഓസ്ട്രേലിയൻ പര്യടനവും എല്ലാംകൂടി പിതാവിന്റെ പ്രായത്തിന് താങ്ങാൻ പാടില്ലാത്ത ആഘാതം ഏല്പിച്ചു. തിരിച്ചെത്തിയിട്ടും തന്റെ പഴയ ആരോഗ്യം വീണ്ടെടുക്കാൻ പിതാവിന് കഴിഞ്ഞില്ല. എന്നു മാത്രമല്ല ആരോഗ്യസ്ഥിതി അനുദിനം കൂടുതൽ മോശമായിക്കൊണ്ടിരുന്നു. ദേവികുളത്തെ നമ്മുടെ ബംഗ്ലാവിൽ പോയി ഏതാനും ആഴ്ച വിശ്രമിച്ചാൽ പ്രയോജനം ചെയ്യുമെന്നുള്ള പ്രതീക്ഷയിൽ ദേവികുളത്തു പോയി. പിതാവ് പോകുന്നതിന് മുമ്പായി സാധാരണ എറണാകുളം ആർച്ചുബിഷപ്പ് കണ്ടത്തിൽ തിരുമേനിയെ അറിയിക്കും. അദ്ദേഹവും ദേവികുളത്തു പോയി നമ്മുടെ ബംഗ്ലാവിനടുത്തുള്ള അവരുടെ ബംഗ്ലാവിൽ താമസിച്ചുകൊണ്ട് നമ്മുടെ പിതാവുമായി പരസ്പര സന്ദർശനവും സൗഹൃദവും പുലർത്തുക പതിവായിരുന്നു. ഇപ്രാവശ്യവും അങ്ങനെ തന്നെ ചെയ്തു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ പിതാവിന്റെ വയറിന്റെ ഭാഗത്ത് അസാധാരണമായി ഒരു മുഴ പ്രത്യക്ഷപ്പെടുകയും വേഗത്തിൽ അത് വളർന്നുകൊണ്ടിരിക്കുന്നതായി അനുഭവപ്പെടുകയും ചെയ്തു. അതുകൊണ്ട് ദേവികുളത്തെ താമസം മതിയാക്കി ചികിത്സാർത്ഥം പെട്ടെന്നു മടങ്ങുകയാണ് ഉണ്ടായത്. തിരുവനന്തപുരത്തെ പ്രാരംഭ പരിശോധനകൾക്കുശേഷം വിദഗ്ദ്ധ ചികിത്സക്കായി താമസംവിനാ മദ്രാസിനു പുറപ്പെട്ടു. കൂടെ അന്നു അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ട റവ. സാലസച്ചൻ C.M.I,യും സെറാഫിയോനച്ചനും തിരുമേനിയുടെ സഹോദരപുത്രൻ ബേബിയും ഉണ്ടായിരുന്നു. അവിടുത്തെ



www.malankaralibrary.com

പരിശോധനകളുടെ ഫലമായി ഓപ്പറേഷൻ വേണമെന്ന് തീരുമാനിക്കപ്പെട്ടു. തിരുവിതാംകൂർ ഇളയരാജാ മാർത്താണ്ഡവർമ്മയുടെ ശ്വശുരൻ ഡോക്റ്റർ പണ്ടാലയുടെ പ്രൈവറ്റ് ആശുപത്രിയിലാണ് വയർ ഓപ്പറേഷൻ നടന്നത്. പ്രത്യേക ഡാക്റ്ററായി ഡാക്റ്റർ. മസിലാമണിയും ഹാജരായിരുന്നു. ഓപ്പറേഷനിൽകൂടി രോഗം ബാധിച്ചിരിക്കുന്നത് കരളിനെയാണെന്നും അതു പൂർണ്ണമായി സുഖപ്പെടുത്താൻ അസാദ്ധ്യമാണെന്നും വിധിയുണ്ടായി. ഏതാനും ദിവസം അവിടെ തുടർന്ന ശേഷം അത്യാവശ്യമായിരുന്ന വിശ്രമത്തിനുവേണ്ടി ബാംഗ്ലൂർ സെന്റ് മാർത്താസ് ഹോസ്പിറ്റലിലേക്കു പോയി. അതിരൂപതയുടെ താൽകാലിക അഡ്മിനിസ്ട്രേറ്ററായി റവ. സാലസച്ചനെ നേരത്തെ നിയമിച്ചെങ്കിലും അദ്ദേഹം മിക്കവാറും സമയം പിതാവിനോടൊത്ത് ബാംഗ്ലൂരിൽ താമസിക്കേണ്ടി വന്നു. അങ്ങനെ ഏതാണ്ട് മൂന്നു മാസം കഴിഞ്ഞപ്പോൾ പിതാവിനെ തിരികെ തിരുവനന്തപുരത്തിന് കൊണ്ടു വരണമെന്ന് തീരുമാനമായി. ആലസ്യവിധേയനെങ്കിലും പിതാവിന്റെ വിവേകവും കൂർമ്മബുദ്ധിയും തെളിയിക്കുന്ന ഒരു ചെറിയ സംഭവം പറയട്ടെ. പിതാവിനെ കൊണ്ടുപോരാൻ അഭിവന്ദ്യ സേവേറിയോസ് തിരുമേനി ബാംഗ്ലൂരിൽ എത്തിയിട്ടുണ്ട്. എല്ലാവരും തിരുവനന്തപുരത്തിനുള്ള വിമാനത്തിൽ കയറി കഴിഞ്ഞു. പുറപ്പെടാൻ ഏതാനും മിനിട്ടുകൾമാത്രം ബാക്കിയുള്ളപ്പോൾ പിതാവ് പെട്ടെന്ന് സേവേറിയോസ് തിരുമേനിയെ വിളിച്ചു പറയുകയാണ് "കൊച്ചു തിരുമേനി ഇവിടെ ഇറങ്ങിക്കോ പുറകെ വണ്ടിയിൽ വന്നാൽ മതി". കുണ്ഠിതത്തോടും അത്ഭുതത്തോടും കാരണം ആരാഞ്ഞ തിരുമേനിയ്ക്ക് കിട്ടിയ മറുപടി എന്തായിരുന്നെന്നോ? "തിരുമേനി, നാം രണ്ടുപേരല്ലേ മലങ്കര സഭയ്ക്ക് ഇടയന്മാരായിട്ടുള്ളൂ. ഈ വിമാനത്തിന് എന്തെങ്കിലും സംഭവിച്ചാലത്തെ സ്ഥിതി എന്താണ്. ശത്രുക്കൾ ചിരിക്കുകയും ചെയ്യില്ലേ". സേവേറിയോസ് തിരുമേനി അപ്പോൾ തന്നെ വിമാനത്തിൽ നിന്നിറങ്ങി, പിറ്റെ ദിവസം വണ്ടിയിൽ തിരുവനന്തപുരത്തെത്തി.

വിമാനം തിരുവനന്തപുരത്തെത്തുമ്പോൾ ആംബുലൻസുമായി ഞങ്ങൾ റഡിയായിരുന്നു. നേരത്തെ ആലോചിച്ചു തീരുമാനിച്ച പ്രകാരം രോഗ ശുശ്രൂഷാസൗകര്യം പ്രമാണിച്ച് പിതാവിനെ നേരെ നാലാഞ്ചിറാശ്രമത്തിലേക്കാണ് കൊണ്ടുപോയത്. അവിടുത്തെ ഗെസ്റ്റ്ഹൗസിൽ താമസിച്ചാൽ ആശ്രമസ്ഥൻമ്മാർക്കും കന്യാസ്ത്രീകൾക്കും



www.malankaralibrary.com

രാപകൽ ശുശ്രൂഷചെയ്യാൻ അവസരം കിട്ടും. സന്ദർശകർക്കും കാണാൻ സൗകര്യമായിരിക്കും. എല്ലാദിവസവും രാവിലേയും വൈകിട്ടും റവ.സാലസച്ചനും ഞാനും പിതാവിന്റെ അടുത്തുപോയി സംസാരിക്കുകയും ആവശ്യങ്ങൾ തിരക്കുകയും വേണ്ട ശുശ്രൂഷകൾ ചെയ്യുകയും ചെയ്തു. രാവിലെയും വൈകിട്ടും ഡോക്ടർ ചാക്കോച്ചൻ (പിതാവിന്റെ കസിന്റെ മകൻ) വന്ന് ഇൻജക്ഷൻ കൊടുക്കും. മരുന്നും ഭക്ഷണവും കന്യാസ്ത്രീകളുടെ പ്രത്യേക മേൽനോട്ടത്തിൽ ക്രമീകരിച്ചും അനുസ്യൂതമായി വന്നുകൊണ്ടിരിക്കുന്ന സന്ദർശകരെ കുറെ നിയന്ത്രിക്കേണ്ടിവന്നു. നാലാഞ്ചിറ ആയിരിക്കുമ്പോൾ പിതാവിനെ സന്ദർശിച്ച പ്രമുഖന്മാർ കത്തോലിക്കാബാവാ ഗീവറുഗീസ് ദ്വിതീയൻ, എറണാകുളംആർച്ചു ബിഷപ്പ്, തൂത്തുക്കുടി ബഷപ്പ്, മറ്റ് കാതോലിക്കാ, യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമാ, ബിഷപ്പുമാർ മുതൽ പേരായിരുന്നു. റവ. പാറാട്ട് മാത്യൂസച്ചന്റെ ഒരു പ്രത്യേക കത്തു വന്നു. അദ്ദേഹം പിതാവിനോടോപ്പം പഴയ സെമിനാരിയിലും സെറാമ്പൂരിലും ഉണ്ടായിരുന്ന ആളാണ്. പിൽക്കാലത്ത് ഓർത്തഡോക്സ് സഭയിലെ കോട്ടയം ഭദ്രാസന ബിഷപ്പായി മാർ ഈവാനിയോസ് എന്ന പേരും സ്വീകരിച്ചു. കത്ത് ഞാൻ പിതാവിനെ വായിച്ചു കേൾപ്പിച്ചു. "എന്നെ മേൽപട്ടസ്ഥാനത്തേക്ക് ഓർത്തഡോക്സ് എപ്പിസ്ക്കോപ്പൽ സിനഡ് തിരെഞ്ഞെടുത്തിരിക്കുകയാണ്. പക്ഷെ എനിക്ക് അത് സ്വീകരിക്കാൻ ഇഷ്ടമില്ല. വിവരം പിതാവിനെ അറിയിക്കാനായി എഴുതുന്നു." പിതാവ് എന്നെക്കൊണ്ട് മറുപടി എഴുതിച്ചു." തിരെഞ്ഞെടുപ്പ് നിരസിക്കരുത് ഇവിടെ വന്ന് എന്നെ കാണുക ശേഷം കാഴ്ചയിൽ". അതിൻപടി അദ്ദേഹം വന്നു. രണ്ടു മൂന്നു ദിവസം താമസിച്ച് മടങ്ങി. പിതാവ് ആവശ്യപ്പെട്ടപ്രകാരം മെത്രാഭിഷേകം കഴിഞ്ഞ് വീണ്ടും അരമനയിൽ വന്ന് ഏതാനും ദിവസം താമസിക്കുകയുണ്ടായി. (അപ്പോഴേക്കും അരമനയിലേക്ക് താമസം മാറ്റിയിരുന്നു) കാതോലിക്കാബാവാ നേരത്തെ അറിയിച്ചിട്ടാണ് വന്നത്. പിതാവിനെ സന്ദർശിച്ചു സംഭാഷണം നടത്തി. കാപ്പികുടികഴിഞ്ഞ് വീണ്ടും വന്ന് സ്നേഹചുംബനം നൽകി പിരിഞ്ഞു. അപ്പോൾ കൂടെയുള്ള അച്ചനോടും ശെമ്മാശനോടും ബാവാ പറയുകയാണ് "കണ്ടോ, എത്ര ജാഗ്രതയോടെയുള്ള ശുശ്രൂഷ. നമുക്ക് ആവശ്യം വരുമ്പോൾ ഇങ്ങനെ വല്ലതും കിട്ടുമോ, എന്തോ"

എനിക്കും അതിരൂപതയിലെ മറ്റനേകം വൈദീകർക്കും വലിയ



www.malankaralibrary.com

ഇച്ഛാഭംഗത്തിനിടയാക്കിയ ഒരു സംഭവം പിതാവിന്റെ ആശ്രമത്തിലെ താമസത്തിന്റെ ഇടയ്ക്ക് ഉണ്ടായി. നേരത്തെ തന്നെ പിതാവിന്റെ കന്തീലാ ശുശ്രൂഷ വളരെ ആർഭാടമായിതന്നെ നടത്തണമെന്ന് തീരുമാനിച്ചിരുന്നു. അതിന് കേരളത്തിലെ എല്ലാ കത്തോലിക്കാ മെത്രാൻമാരെയും മലങ്കര സഭയിലെ എല്ലാ വൈദീകരെയും കന്യാസ്ത്രീകളേയും വിശ്വാസികളേയും ക്ഷണിക്കണം. അധികം താമസിപ്പിക്കേണ്ട എന്ന് ആലോചിച്ചുറച്ചു. അപ്പോഴാണ് എനിയ്ക്ക് പരേതനായ എന്റെ ജേഷ്ഠന്റെ മകളുടെ വിവാഹം നടത്തികൊടുക്കാൻ വീട്ടിലേക്ക് പോകേണ്ടിവന്നത് . എന്നോടൊപ്പം മൈലപ്ര അച്ചൻ, കൊട്ടാരക്കര അച്ചൻ, കുമ്പഴ അച്ചൻ എന്ന പ്രമുഖന്മാരെല്ലാം വിവാഹത്തിൽ സംബന്ധിക്കാൻ വന്നു. പോകുന്നതിനു മുമ്പ് കന്തീലായുടെ തീയതിയെപ്പറ്റി പിതാവിന്റെ അഭിപ്രായം ഞാൻ ചോദിച്ചിരുന്നു. "താൻ പോയി വരിക, അതു കഴിഞ്ഞ് തീരുമാനിക്കാം" എന്ന് പിതാവ് പറഞ്ഞതുകേട്ട് സമാധാനത്തോടു കൂടി പോയി. വിവാഹം കഴിഞ്ഞ് പിറ്റേ ദിവസം തന്നെ ഞങ്ങൾ മടങ്ങി എത്തി. അപ്പോൾ എന്താണ് കേൾക്കുന്നത് "പിതാവിന്റെ കന്തീലാശുശ്രൂഷ ആശ്രമ ചാപ്പലിൽ വച്ച് ഇന്നലെ നടന്നു.". എനിക്കും കൂടെ വന്നവർക്കും അതിയായ ദുഃഖവും ഇച്ഛാഭംഗവും ഉണ്ടായി. "പിതാവേ, ഞാൻ കന്തീലായുടെ കാര്യം ചോദിച്ചിട്ടല്ലേ പോയത്. പിന്നെ എന്തിന് ഇപ്രകാരം ചെയ്തു. ഇതിൽ ഞങ്ങൾക്ക് തീർത്താൽ തീരാത്ത ദുഃഖമുണ്ട് " എന്നു ഞാൻ അല്പം കടുപ്പിച്ചു തന്നെ പറഞ്ഞു. "എടോ അതിനു ഞാനല്ല ഉത്തരവാദി, കാരണക്കാരൻ ഈ നിൽക്കുന്ന സേവേറിയോസ് തിരുമേനിയാണ്. എറണാകുളം ആർച്ചുബിഷപ്പും തൂത്തുക്കുടിബിഷപ്പും ഒക്കെ വന്നിട്ടുണ്ട്. പിന്നീട് അവരെ കിട്ടുകയില്ല. അതുകൊണ്ട് ഇപ്പോൾതന്നെ നടത്തണമെന്ന് പറഞ്ഞ് നിർബന്ധിച്ചു നടത്തുകയായിരുന്നു." എന്നു പറഞ്ഞശേഷം അല്പം നർമ്മത്തോടുകൂടി പിതാവ് തുടരുകയാണ്. " അതുകൊണ്ട് ഒരു കാര്യം ചെയ്യ്, കന്തീലായിൽ സംബന്ധിക്കാൻ പറ്റാതെപോയ നിങ്ങളെല്ലാവരും കൂടി ഇതിനുത്തരവാദിയായ സേവേറിയോസ് തിരുമേനിയെ പിടിച്ചു കിടത്തി ഒരു കന്തീല അങ്ങ് നടത്തുക, പോരേ ?" എല്ലാവരും കൂടി ചിരിച്ചു കേസ് അങ്ങനെ തീർന്നു.

ഏതാനും ദിവസം കൂടി കഴിഞ്ഞപ്പോൾ ഇനി അരമനയിൽ പോകുകയാണ് നല്ലതെന്ന് പിതാവിനു തോന്നി. വിവരം



www.malankaralibrary.com

സാലസച്ചനോടും എന്നോടും പറഞ്ഞു. ആശ്രമക്കാർക്കും മഠംകാർക്കും തീരെ ഇഷ്ടപ്പെട്ടില്ലെങ്കിലും പിതാവിന്റെ ആഗ്രഹപ്രകാരം അരമനയിലേക്ക് കൊണ്ടുപോന്നു. സന്ദർശകരുടെ സൗകര്യം പ്രമാണിച്ചു പാർലർ മുറിയിൽ തന്നെ ശയ്യയൊരുക്കി. ബ. കോശി O.I.C അച്ചനെ പിതാവിന്റെ പ്രത്യേക ശുശ്രൂഷയ്ക്കായി നിയോഗിച്ചു. കൂടെ ഡ്രൈവർ കീവറീച്ചനും, കളിയന്താനം തോമസും എപ്പോഴും സഹായത്തിനുണ്ട്.

ഇടയ്ക്കിടെ നാലാഞ്ചിറനിന്നും കന്യാസ്ത്രീകൾ പിതാവിന്റെ പ്രഭാത ഭക്ഷണവുമായി വരും. ഒരിക്കൽ കൊണ്ടു വന്നത് മൂന്നു പാലപ്പവും കറിയും. രണ്ട് എണ്ണം പിതാവ് കഴിച്ചു. മൂന്നാമത്തേതും കഴിക്കാൻ കന്യാസ്ത്രീകൾക്ക് നിർബന്ധം. ഇതുകണ്ട് മദർ ബാസിമിനെ സൈഡിലേക്ക് വിളിച്ച് ഞാൻ അല്പം രഹസ്യം പറഞ്ഞു ചിരിച്ചു. ഇതു പിതാവിന്റെ ശ്രദ്ധയെ ആകർഷിച്ചു. " എന്താടോ രണ്ടുപേരും കൂടി പറഞ്ഞു രസിക്കുന്നത്" എന്നായി പിതാവ്. ഞാൻ പറഞ്ഞു "മറ്റൊന്നുമല്ല പിതാവേ ഞാൻ പറഞ്ഞത് മെത്രാച്ചന്മാർക്കായി അപ്പം ചുട്ട് കൊണ്ട് പോകുന്നത് സാധാരണ വലിയ കുട്ട നിറച്ചാണ് തിരുമേനി ഒന്നോ മുറിയോ എടുത്തെന്ന് വരും. ബാക്കിയെല്ലാം തീർക്കുന്നത് കൂടെയുള്ള അച്ചന്മാരും ശെമ്മാശന്മാരും വാലിയക്കാരുമാണ്. ഇവിടെ കൊണ്ടു വന്നത് ആകെ മൂന്നപ്പം അതിൽ ഒരെണ്ണം പോലും മിച്ചം വെയ്ക്കാൻ അവർ സമ്മതിക്കുന്നില്ല. ഇക്കണക്കിന് കൂടെയുള്ള ഞങ്ങൾ പട്ടിണി കിടക്കുകയേ ഉള്ളു ഞാൻ പറഞ്ഞത് പിതാവിന് ഇഷ്ടപ്പെട്ടു തൽഫലമായി പിതാവ് പറയുകയാണ് "സെക്രട്ടറി അച്ചൻ പറഞ്ഞത് കേട്ടില്ലേ അതാണ് സുറിയാനിക്കാരുടെ പാരമ്പര്യം. അതുകൊണ്ട് നാളെത്തന്നെ അരമനയിലെ എല്ലാവർക്കും തികയത്തക്കവണ്ണം അപ്പവും കറിയും ഉണ്ടാക്കിക്കൊണ്ട് വരണം" അങ്ങനെ ചെയ്യാമെന്ന് അവർ സമ്മതിക്കുകയും പിറ്റെ ദിവസം അങ്ങനെ ചെയ്യുകയും ചെയ്തു.


V. I. P മാരുടെ ഒരു ശൃംഖല തന്നെയാണ് അനുദിനം അരമനയിൽ പിതാവിനെ സന്ദർശിക്കാൻ വന്നുകൊണ്ടിരുന്നത്. സാധാരണക്കാരുടെ കാര്യം പറയുകയും വേണ്ടാ. ഒടുവിൽ സന്ദർശനം ഡോക്ടർ നോട്ടീസ് എഴുതി വെച്ച് നിയന്ത്രിക്കേണ്ടതായി വന്നു.

## കാർഡിനൽ ഗിൽറോയിയുടെ ആഗമനം

1952 ഡിസംബറിൽ മാർത്തോമ്മായുടെ കേരളത്തിലേക്കുള്ള വരവിന്റെ 19-ാം നൂറ്റാണ്ടും. ഇന്ത്യയുടെ രണ്ടാം അപ്പോസ്തലനായ



www.malankaralibrary.com



ഇരിക്കുന്നവർ: റമ്പാച്ചൻ, മാർ ഗ്രിഗോറിയോസ്, മാർ ഈവാനിയോസ് ([redacted])
1952–ലെ എറണാകുളം സെൻറിനറി ആഘോഷത്തിൽ സംബന്ധിക്കാൻ റോമിൽനിന്നും അയച്ച രണ്ടു മോൺസിഞ്ഞോറന്മാർ.
നിൽക്കുന്നവർ: അഡ്മിനിസ്ട്രേറ്റർ ബ. സാലസച്ചൻ, ലേഖകൻ, പിൽക്കാലത്ത് ഗുജറാത്തിലെ രാജ്ക്കോട്ട് രൂപതാദ്ധ്യക്ഷനായ ഫാ. ജോനാസ് തളിയത്ത്.

www.malankaralibrary.com

ഫ്രാൻസിസ് സേവിയറുടെ ചരമത്തിന്റെ നാലാം നൂറ്റാണ്ടും സംയുക്തമായി എറണാകുളത്തുവെച്ച് ആഘോഷിക്കാൻ വേണ്ട ആലോചനകൾ ഹയാറാർക്കി തലത്തിൽ നടന്നു. പൗരസ്ത്യ തിരുസംഘത്തിന്റെ പ്രിഫെക്ടറായ കാർഡിനൽ ടിസറന്റ് തിരുമേനി ആഘോഷങ്ങളിൽ അഗ്രാസനാധിപത്യം വഹിക്കുമെന്നും തീരുമാനിക്കപ്പെട്ടിരുന്നു. അപ്പോഴാണ് ലത്തീൻകാരിൽ ചിലർ ഇടം കോലിടുന്നത്. മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ വന്നു എന്നതിന് ചരിത്രപരമായ തെളിവുകൾ ഒന്നും ഇല്ല അതിനാൽ വി. ഫ്രാൻസിസ് സേവിയറുടെ മാത്രം ജൂബിലി ആഘോഷിച്ചാൽ മതി എന്നുമായിരുന്നു അവരുടെ വാദം. ഈ കുത്തിത്തിരിപ്പ് ഉണ്ടാക്കിയ അസ്വസ്ഥമായ അന്തരീക്ഷത്തിന്റെ വെളിച്ചത്തിൽ കാർഡിനൽ റ്റിസറന്റ് വരുന്നില്ല എന്ന് തീരുമാനിച്ചു പക്ഷെ 1953-ൽ മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പുമായി കാർഡിനൽ റ്റിസറന്റ് കേരളത്തിലേക്ക് വരിക തന്നെ ചെയ്തു. കേരളത്തിലെ സുറിയാനിക്കാരോട് മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ സുവിശേഷം അറിയിക്കാൻ വന്നില്ല എന്നു പറഞ്ഞാൽ ഉണ്ടാകുന്ന സ്ഥിതിവിശേഷത്തേപ്പറ്റി പറയാതിരിക്കുകയായിരിക്കും ഭേദം. പക്ഷെ വിവരമുള്ള ചില പാശ്ചാത്യ മിഷനറിമാർ കേരളത്തിൽ ഉണ്ടായിരുന്നു. ആലുവാ സെമ്മിനാരിയിലെ പരിണിത പ്രജ്ഞനും പുണ്യശ്ലോകനുമായ കർമ്മലീത്താ ഒന്നാം സഭയിലെ അംഗം പ്രൊഫസർ സക്കറിയാസ് O. C. Dയെ ഈ അബദ്ധ പഞ്ചാംഗം വല്ലാതെ ചൊടിപ്പിച്ചു. പക്ഷെ പിതാവ് അപ്പോൾ ദേവികുളത്തായിരുന്നു. ബ. ചേപ്പാട്ട് ഫിലിപ്പോസ് റമ്പാനും ഈ ലേഖകനും അന്ന് അരമനയിലുണ്ടായിരുന്നു. പിതാവിനെ കാണാൻ വന്നതിന്റെ ഉദ്ദേശ്യം പറഞ്ഞിട്ട് അദ്ദേഹം പറയുകയാണ്. “ഞാൻ നേരെ റോമിന് പോവുകയാണ് പരിശുദ്ധ പിതാവിനെ (12-ാം പിയൂസ് മാർപ്പാപ്പാ) നേരിട്ട് കണ്ട് കാര്യങ്ങളുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്തി ഈ വിവരമില്ലാത്തവരുടെ ജല്പനം അവസാനിപ്പിക്കും” അദ്ദേഹം ഉടനെ റോമിന് പോയി. പരിശുദ്ധ പിതാവിനേയും ബന്ധപ്പെട്ടവരേയും കണ്ട് കാര്യങ്ങൾ ഗ്രഹിപ്പിച്ചു. മാർത്തോമ്മാ ശ്ലീഹായുടെ കേരളത്തിലെ പ്രേഷിതത്വം തിരുസഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള സത്യമാണെന്ന് റോമിൽ നിന്ന് പ്രഖ്യാപനം ഉണ്ടായി. അതോടെ ലത്തീൻകാരുടെ കുത്സിത പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്നു. അപ്പോഴേക്ക് സമയം വൈകിപ്പോയി. പെട്ടെന്ന് ആസ്ട്രേലിയൻ



www.malankaralibrary.com

കർദ്ദിനാൾ ഗിൽ റോയിയെ മാർപ്പാപ്പയുടെ ലെഗേറ്റായി അയക്കുവാൻ തീരുമാനം ആകുകയും ചെയ്തു. മാർ ഈവാനിയോസ് തിരുമേനിയുമായി ആസ്ട്രേലിയായിൽ വെച്ച് ( അമേരിക്കയിൽ നിന്ന് മടങ്ങും വഴി) പരിചയപ്പെട്ട കർദ്ദിനാൾ തിരുമേനി രോഗാതുരനായ മാർ ഈവാനിയോസ് തിരുമേനിയെ സന്ദർശിച്ചിട്ടേ എറണാകുളത്ത് പോകുന്നുള്ളൂ എന്നു തീരുമാനിക്കുകയും ആ വിവരം അരമനയിൽ അറിയിക്കുകയും ചെയ്തു. സംസ്ഥാനാതിഥിയായിട്ടാണ് കർദ്ദിനാൾ സ്വീകരിക്കപ്പെട്ടത്. തിരുവനന്തപുരത്തെ വിമാനത്താവളത്തിൽ നിന്നും നേരെ പട്ടത്തുള്ള (നമ്മുടെ) അരമനയിലേക്ക് സ്റ്റേറ്റ് അകമ്പടിയോടെ വന്നു. നേരത്തെ അറിയിപ്പ് കിട്ടിക്കഴിഞ്ഞതിനാൽ നാമും ഒരു നല്ല സ്വീകരണം ഒരുക്കിയിരുന്നു. ഗവർമെന്റു തലത്തിലും സഭാതലത്തിലും, പൗരമുഖ്യതലത്തിലും ഉള്ള ഏതാണ്ട് മുന്നൂറോളം V. I. Pകളെ നാം ക്ഷണിച്ചിരുന്നു. സാധാരണക്കാരുടെ ഒരു വലിയ കൂട്ടവും സന്നിഹിതരായിരുന്നു. അരമനയുടെ മുറ്റത്ത് പന്തൽ ഇട്ട് അലങ്കരിച്ചിരുന്നു. കാർഡിനൽ വന്നയുടനെ പിതാവിനെ കണ്ട് ചുംബനം കൈമാറി. ഏതാനും മിനിറ്റ് സംസാരിച്ച ശേഷം സമ്മേളന വേദിയായ പന്തലിലേക്ക് വന്ന് എല്ലാവരുമായി പരിചയപ്പെട്ടു. നല്ല ഒരു പ്രഭാഷണവും നടത്തി. പിതാവിനേയും താങ്ങിപ്പിടിച്ച് വേദിയിൽ കൊണ്ടു വന്ന് ഇരുത്തിയിരുന്നു. സമ്മേളനത്തിനുശേഷം ഗവർമെന്റ് ഗസ്റ്റ് ഹൗസിൽ പോയി ഡിന്നറും കഴിച്ച് മഹാരാജാവുമായി കൂടിക്കാഴ്ച നടത്തി വിമാനത്തിൽ എറണാകുളത്തേക്ക് പോയി.

## കെ. സി. മാമ്മൻ മാപ്പിളയുടെ സന്ദർശനം

പിതാവും കെ. സി. മാമ്മൻ മാപ്പിളയുമായുള്ള സുദീർഘവും ദൃഢവുമായ മൈത്രീ ബന്ധം പിതാവിന്റെ ജീവചരിത്രം വായിച്ചിട്ടുള്ളവരെ പറഞ്ഞ് മനസ്സിലാക്കേണ്ട ആവശ്യമില്ല. പിതാവിന്റെ രോഗാവസ്ഥയെപ്പറ്റി അറിവ് കിട്ടിയ മാമ്മൻ മാപ്പിള പിതാവിനെ കാണാൻ വരുന്നു എന്ന് ടെലഗ്രാം മുഖേന അരമനയിൽ അറിയിച്ചു. സന്ധ്യ കഴിഞ്ഞാണ് വരുന്നത്. വിവരം ഞാൻ പിതാവിനോട് പറഞ്ഞപ്പോൾ അത്യധികം സന്തോഷിച്ചു. നല്ല ഒരു ഡിന്നർ കൊടുക്കണമെന്ന് എന്നോട് പ്രത്യേകം പറയുകയും ചെയ്തു ഏതാണ്ട് ഏഴുമണിയായപ്പോൾ ഒരു കാറിൽ മാമ്മൻ മാപ്പിള അരമനയിൽ എത്തി. അദ്ദേഹത്തിന്റെ കൂടെ തെള്ളി വക്കീലും, കൊട്ടുകാപ്പള്ളി എം. പി.യും കാഞ്ഞിരപ്പള്ളി കൊല്ലംകുളത്ത് മാത്തച്ചനും ഉണ്ടായിരുന്നു. എല്ലാവരും പിതാവിന്റെ



www.malankaralibrary.com

കിടക്കയ്ക്ക് അരികിൽ ചെന്ന് കൈമുത്തി ഏതാനും മിനിറ്റ് സംസാരിച്ചു കഴിഞ്ഞപ്പോൾ പിതാവ് എന്നോട് പറയുകയാണ് "അച്ചാ ഇവർ ദീർഘ യാത്ര ചെയ്ത് വന്നതല്ലെ ഭക്ഷണ മുറിയിലേക്ക് കൊണ്ടുപോയി ഭക്ഷണം കൊടുക്കുക "എന്ന് എന്നെ വിളിച്ച് രഹസ്യമായി പറഞ്ഞു. "കുഞ്ഞിനെ (മാമ്മൻ മാപ്പിളയെ) തനിച്ച് ഒന്ന് കാണണം" ഭക്ഷണ മുറിയിൽ പോയി ഭക്ഷണം കഴിച്ച് ഏതാണ്ട് തീരാറായപ്പോൾ ഞാൻ രഹസ്യമായി മാമ്മൻ മാപ്പിളയോടു വിവരം പറഞ്ഞു. അദ്ദേഹവും അത് പ്രതീക്ഷിച്ചിരിക്കുകയായിരുന്നുവെന്ന് മുഖഭാവം വെളിപ്പെടുത്തി. ഞാൻ ഇപ്പോൾ വന്നേക്കാമെന്ന് കൂട്ടുകാരോടു പറഞ്ഞ് മാമ്മൻ മാപ്പിള എഴുന്നേറ്റ് എന്നോടൊപ്പം വന്നു. പിതാവിന്റെ മുറിയുടെ പുറത്ത് വന്നപ്പോൾ ചെരുപ്പ് ഊരി വെച്ചു. തോളിൽ കിടന്ന നേരിയതെടുത്ത് അരയിൽ കെട്ടി വിനയാന്വിതനായി നല്ല പഴയ തറവാട്ടുകാരനായ സുറിയാനിക്കാരന്റെ ഭാവത്തോടെ ഏതോ ദിവ്യ സങ്കേതത്തിലേക്ക് പ്രവേശിക്കുംപോലെ തൊഴുത് പിടിച്ചുകൊണ്ട് മുറിക്ക് ഉള്ളിലേക്ക് പ്രവേശിച്ചു. കട്ടിലിൽ കിടക്കുകയായിരുന്ന പിതാവിന്റെ തലയ്ക്കൽ ചെന്ന് നിലത്ത് മുട്ട് കുത്തി . അപ്പോഴേക്ക് പിതാവ് ആ വശത്തേക്ക് തിരിഞ്ഞ് കിടന്ന് മാമ്മൻ മാപ്പിളയുടെ കഴുത്തിൽ കെട്ടിപ്പിടിച്ച് മുഖം തന്നോടടുപ്പിച്ച് കണ്ണീർ വാർത്തുകൊണ്ട് തെരുതെരെ ചുംബിച്ചു എന്നിട്ട് പറയുകയാണ് "കുഞ്ഞേ എന്നിൽ നിന്ന് എന്തെങ്കിലും അനിഷ്ടകരമായിട്ടുണ്ടായിട്ടുണ്ടെങ്കിൽ എന്നോട് ക്ഷമിക്കണം." മാമ്മൻ മാപ്പിളയും കണ്ണീർ വാർത്തു കൊണ്ട് പറയുകയാണ് "പിതാവേ അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. എന്നിൽ നിന്ന് പിതാവിന് പലതും അനിഷ്ടകരമായി ഉണ്ടായിക്കാണും അതെല്ലാം എന്നോട് പൊറുക്കണം" (ഇതിന് മുമ്പ് പിതാവ് ആരോഗ്യവാനായിരിക്കുമ്പോൾ കാര്യവശാൽ മാമ്മൻ മാപ്പിളയെ കണ്ടപ്പോൾ അദ്ദേഹം പറയുകയുണ്ടായി "എന്നിൽ നിന്നോ, എന്റെ പത്രത്തിൽ കൂടെയോ പിതാവിനോ പുനരൈക്യ പ്രസ്ഥാനത്തിനോ എതിരായി ഒരിക്കലും ഒന്നും ഉണ്ടാവുകയില്ല") വീണ്ടും ദീർഘമായ ആലിംഗനത്തിനു ശേഷം മാമ്മൻ മാപ്പിള എഴുന്നേറ്റു . അപ്പോഴേക്കും ഞാൻ മറ്റുള്ള കൂട്ടുകാരേയും വിളിച്ചുകൊണ്ട് വന്നു. എല്ലാവരും കൂടി അല്പനേരം കൂടി രോഗകാര്യങ്ങളും ലോക കാര്യങ്ങളും സംസാരിച്ച് കൈമുത്തി യാത്ര പറഞ്ഞു പിരിഞ്ഞു. പിതാവിന്റെ ചരമ വാർത്ത അറിഞ്ഞപ്പോൾ പിറ്റേ ദിവസത്തെ മനോരമയിൽ പിതാവിന്റെ



www.malankaralibrary.com

അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് പ്രൗഢഗംഭീരമായ ഒരു എഡിറ്റോറിയലും മാമ്മൻ മാപ്പിള എഴുതുകയുണ്ടായി.

## മോൺസിഞ്ഞോർ കാർഡൈന്റെ സന്ദർശനം.

ബൽജിയത്തിൽ നിന്നും കാര്യവശാൽ തിരുവനന്തപുരത്ത് വന്ന മോൺസിഞ്ഞോർ കാർഡൈൻ ( പിന്നീട് അദ്ദേഹം കാർഡിനൽ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.) തിരുവനന്തപുരം ലാറ്റിൻ ബിഷപ്പ് ഡോക്ടർ വിൻസെന്റ് ഡെരേരായും കൂട്ടി പിതാവിനെ സന്ദർശിക്കാൻ വന്നിരുന്നു. ഇദ്ദേഹം യൂറോപ്പിലെ യുവജനപ്രസ്ഥാനത്തിന്റെ ജനയിതാവും അദ്ധ്യക്ഷനുമായിരുന്നു.

## സന്ദർശക ബാഹുല്യം


സമയം കഴിയുംന്തോറും V. I. P. സന്ദർശകരുടെ തിരക്ക് ശരിക്കും അനുഭവപ്പെട്ടു. ക്രൈസ്തവ സഭയിലെ എല്ലാ വിഭാഗങ്ങളിലുംപെട്ട മെത്രാപ്പോലീത്താമാർ, മെത്രാച്ചന്മാർ, വൈദികന്മാർ സാമുദായിക പ്രമാണിമാർ, ഹൈന്ദവ നേതാക്കന്മാർ, മന്ത്രിമാർ, എം. എൽ. എ,മാർ ഉന്നത സർക്കാരുദ്യോഗസ്ഥർ എന്നിവരുടെ ഒരു പരമ്പര തന്നെ സന്ദർശകരുടെ കൂട്ടത്തിൽ പെട്ടിരുന്നു. തിരുവനന്തപുരം അതിരൂപ തയിലെ വൈദികരിൽ നല്ല ഒരു വിഭാഗം എല്ലാ ദിവസവും അരമനയിൽ കാണും. ഇടയ്ക്കിടെ രോഗം മൂർച്ഛിക്കുന്ന അവസരങ്ങളിൽ വൈദികർ എല്ലാവരും തന്നെ അരമനയിൽ കാണും. വൈകിട്ട് കിടക്കുന്നത് പട്ടം ഹൈസ്ക്കൂളിൽ ആയിരിക്കും. പിതാവിന്റെ വീട്ടുകാരും ചാർച്ചക്കാരും മാറിമാറി നാലഞ്ചു പേരെങ്കിലും സ്ഥിരമായി അരമനയിൽ കാണും. നമ്മുടെ വിവിധ ഇടവകകളിൽ നിന്നും മിഷ്യനുകളിൽ നിന്നും വരുന്ന അനേകം പേരെ നിയന്ത്രിക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു.

## ആൽബർട്ട് ലൂയിസ്

പിതാവിന്റെ അമേരിക്കയിലെ പ്രത്യേക സ്നേഹിതനും അമേരിക്കൻ പര്യടന വേളയിൽ തന്റെ A. D. C ആയി വർത്തിക്കുകയും ചെയ്തിരുന്ന മിസ്റ്റർ ആൽബർട്ട് ലൂയീസ് എല്ലാ ആഴ്ചയും പിതാവിന്റെ രോഗ വിവരം തിരക്കിക്കൊണ്ട് അമേരിക്കയിൽ നിന്ന് ഫോൺ ചെയ്യുമാ യിരുന്നു. അയാൾക്ക് തന്നെ രോഗം പിടിപെട്ടതിനാൽ തിരുവനന്തപുരത്ത് വന്ന് പിതാവിനെ കാണാൻ ആഗ്രഹിച്ചെങ്കിലും പറ്റിയില്ല. പിതാവിന്റെ



www.malankaralibrary.com



ഇരിക്കുന്നവർ: മാർ ഗ്രിഗോറിയോസ്, മോൺ. കാർഡൈൻ, മാർ ഈവാനിയോസ്, തിരുവനന്തപുരം ലാറ്റിൻ ബിഷപ്പ് മോൺ. ഡെരേരാ.
നിൽക്കുന്നവർ: ഫാ. ഇലഞ്ഞിലേത്ത്, തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ ബ. സാലസച്ചൻ, സി.എം.ഐ. റമ്പാച്ചൻ, മോൺ. കാർഡൈൻെറ സെക്രട്ടറി, ലേഖകൻ.

www.malankaralibrary.com

മരണശേഷം അദ്ദേഹം വരികയും അരമനയിൽ ഒരു മാസം ഞങ്ങളോടൊപ്പം താമസിക്കുകയും ചെയ്തു. അയാൾ അമേരിക്കയിൽ നിന്ന് കൊണ്ടുവന്ന ഐക്കൺ മോഡൽ കർത്താവിന്റെ ക്രൂശിത രൂപമാണ് തിരുവനന്തപുരത്തെ കത്തീഡ്രലിന്റെ പ്രധാന അൾത്താരയ്ക്കു മുകളിൽ തൂക്കിയിരിക്കുന്നത്.

## രക്തദാനം

എല്ലാ ദിവസവും രാവിലെയും വൈകിട്ടും ഡോക്ടർമാർ വന്ന് പരിശോധിച്ച് ഇൻജക്ഷൻ കൊടുക്കുമായിരുന്നു. ഒരിക്കൽ ചെക്ക് അപ്പ് നടത്താൻ ഡോക്ടർ പണ്ടാല ( പിതാവിനെ ഓപ്പറേറ്റ് ചെയ്ത ഡോക്ടർ ) മദ്രാസ്സിൽ നിന്നും വന്നിരുന്നു. രണ്ടു പ്രാവശ്യം ഡോക്ടർ മസിലാമണിയും മദ്രാസ്സിൽ നിന്ന് വന്നിരുന്നു. മദ്രാസ്സിൽ നിന്നു് പ്ലാസ്മാ അന്നന്നത്തെ വിമാനത്തിൽ വരുത്തി കുറെ ദിവസം കുത്തി വെച്ചു. ഒടുവിൽ രക്തദാനം തന്നെ ( Blood Transfusion ) നടത്തണമെന്ന് മദ്രാസ്സിൽ നിന്ന് വന്ന ഡോക്ടർമാർ നിർദ്ദേശിക്കുകയാൽ അതും നടത്തി. അന്ന് തിരുവനന്തപുരത്ത് ബ്ലഡ് ബാങ്കില്ല. ബ്ലഡ് ഗ്രൂപ്പ് പരിശോധിച്ച് ചേരുന്ന രക്തം എടുത്ത് അപ്പോൾ തന്നെ രോഗിയുടെ സിരയിലേക്ക് കുത്തിവെയ്ക്കേണ്ടിയിരുന്നു. ഞങ്ങളിൽ നാലുപേരുടെ രക്തം പരിശോധിച്ചതിൽ ഫാദർ ജോസ് മാത്യുവിന്റെ രക്തമാണ് യോജിക്കുന്ന ഗ്രൂപ്പായി കണ്ടത്. നിശ്ചിത ദിവസം ട്രാൻസ്ഫ്യൂഷൻ നടത്താൻ മെഡിക്കൽ കോളജിൽ നിന്ന് ഒരു ഡസൻ പേർ അടങ്ങുന്ന വിദഗ്ദ്ധ സംഘം ഡോക്ടർ കേശവൻ നായരുടെ നേതൃത്തിൽ അരമനയിൽ എത്തി. ഫാദർ ജോസ് മാത്യുവിനെ അടുത്ത മുറിയിൽ കിടത്തി പതിനാറ് ഔൺസ് രക്തം എടുത്ത് പിതാവിന്റെ സിരകളിലേക്ക് സാവധാനം കടത്തി വിട്ടു. തുടങ്ങി അഞ്ചു മിനിറ്റ് കഴിഞ്ഞപ്പോഴേക്കും പിതാവിന് ശക്തമായ വിറയൽ അനുഭവപ്പെട്ടു. ബ. കോശി O. I. Cയും ഞാനും മുറുക്കെ പിടിച്ചിട്ടും വിറയൽ നില്ക്കുന്നില്ല. ചിലർക്ക് ഇങ്ങനെയൊരു റി ആക്ഷൻ ഉണ്ടാകാറുണ്ട് പേടിക്കാനൊന്നുമില്ല എന്ന് ഡോക്ടർ കേശവൻ നായർ പറഞ്ഞിട്ടും ഈ വിറയിലിനിടയിലും പിതാവിന്റെ മനോധൈര്യവും നർമ്മ ബോധവും വിട്ട് പോയില്ല. പിതാവ് പറയുകയാണ് " I never thought F. Jose Mathew's blood in no mischievious" ( ഫാദർ ജോസ് മാത്യുവിന്റെ രക്തം ഇത്ര ശല്യക്കാരനാണെന്ന് ഞാൻ വിചാരിച്ചില്ല ) ഈ പിരിമുറുക്കത്തിന്റെ സമയത്തും എല്ലാവർക്കും അല്പനേരം ചിരിക്കാനുള്ള വക കിട്ടി.



www.malankaralibrary.com

## കുർബ്ബാനാനുഷ്ഠാനം

പിതാവിന്റെ ആലസ്യം തുടക്കം മുതൽ ഏതാണ്ട് പതിനാല് മാസം നീണ്ട് നിന്നു. ഇടയ്ക്കിടെ മൂർച്ഛിക്കുകയും കുറേക്കഴിഞ്ഞ് അല്പനാളത്തേക്ക് അല്പം കുറയുകയും ചെയ്യും. സാമാന്യം നല്ല കുറവുണ്ടെന്ന് തോന്നുന്ന ദിവസങ്ങളിൽ കുർബ്ബാന ചൊല്ലണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുകയും അങ്ങനെ ചുരുക്കം ദിവസങ്ങളിൽ എന്റെ സഹായത്തോടെ കുർബ്ബാന അർപ്പിക്കുകയും ചെയ്തു. പിതാവിനെ താങ്ങിപ്പിടിച്ചുകൊണ്ട് ചാപ്പലിൽ കൊണ്ടുവന്ന് കാപ്പ ഇടീച്ച് കസേരയിൽ ഇരുത്തും. ഞാനും കാപ്പയിട്ട് കുർബ്ബാന ആരംഭിക്കും. കുർബ്ബാനയുടെ പ്രധാനപ്പെട്ട അവസരങ്ങളിൽ മാത്രം താങ്ങി അൾത്താരയോട് താങ്ങി ചേർത്ത് നിർത്തി കർമ്മാദികൾ അനുഷ്ഠിക്കും. ബാക്കി പ്രാർത്ഥനകളും കർമ്മാദികളും സഹായിയായ ഞാൻ അനുഷ്ഠിച്ച് പൂർത്തിയാക്കും. കുർബ്ബാനാർപ്പണം ഇല്ലാത്ത അവസരങ്ങളിൽ കുർബ്ബാന സ്വീകരിക്കുവാൻ മാത്രം സുഖമുള്ളപ്പോൾ വി. കുർബ്ബാന കൊണ്ടു പോയി കൊടുക്കും. ആഴ്ചതോറും മുട്ടട പള്ളിയിൽ നിന്നും ബൽജിയൻ കർമ്മലീത്താ സന്യാസ വൈദികൻ ഫാദർ ഇരണയൂസ് അരമനയിൽ വന്ന് പിതാവിന്റെ കുമ്പസാരം കേൾക്കും.

## ആലസ്യകാലത്തെ ഔട്ടിംഗ്

സാധാരണയിൽ അല്പം കൂടുതൽ സുഖം തോന്നുന്ന ചുരുക്കം ദിവസങ്ങളിൽ വൈകിട്ട് അഞ്ച് മണിക്ക് ശേഷം കാറിൽ താങ്ങിപ്പിടിച്ച് ഇരുത്തി മാർ ഈവാനിയോസ് കോളജ് വരെ കൊണ്ടു പോകും. ഹോസ്റ്റലിന്റെ പടിഞ്ഞാറെ മുറ്റത്ത് കാർ പാർക്ക് ചെയ്ത് ഡോറെല്ലാം തുറന്നിട്ട് കുറേ നേരത്തേക്ക് കാറ്റ് കൊള്ളും. അപ്പോഴേക്കു കോളജിലെ അച്ചന്മാരും ഹോസ്റ്റൽ അന്തേവാസികളും എല്ലാം ചുറ്റും അടുത്ത് കൂടും. അവരുമായി അല്പം ചില കുശലങ്ങൾ പറയും. സന്ധ്യയോടു കൂടി അരമനയിലേക്ക് മടങ്ങും.

തീരെ ഉറക്കം വരാത്ത ചൂടുള്ള ചില രാത്രികളിൽ ബീച്ചിൽ പോകണമെന്ന് എന്നെ വിളിച്ച് പറയും. അപ്പോഴേക്കും ഏതാണ്ട് പാതിരാത്രിയോടടുത്തിരിക്കും. കാറിൽ താങ്ങിപ്പിടിച്ച് ഇരുത്തി കൂടെ പിടിച്ച് കൊണ്ട് ഞാനും ഇരിക്കും. കാറിന്റെ ബൂട്ടിൽ കാൻവാസ് ചെയറും അല്പം സോഡായും ഒന്നോ രണ്ടോ ഓറഞ്ചും കരുതിയിരിക്കും. സാവധാനം ഓടിച്ച് ശംഖുമുഖം ബീച്ചിൽ ചെന്ന് ക്യാൻവാസ് ചെയറിൽ



www.malankaralibrary.com

കടിലിനഭിമുഖമായി പിതാവിനെ ഇരുത്തും. അപ്പോഴേക്കും ബീച്ച് തീർത്തും വിജനമായിരിക്കും. ഡ്രൈവർ കിവർച്ചനോട് ഇനി അച്ചൻ വിളിക്കുമ്പോൾ വന്നാൽ മതി എന്നു പറയും. ബീച്ചിലെ നല്ല തണുത്ത കാറ്റ് ഏറ്റിരിക്കുമ്പോൾ നല്ല ആശ്വാസം തോന്നും. ചിലപ്പോൾ ദീർഘ നേരം ഇരുന്നെന്ന് വരും.

## രഹസ്യങ്ങളുടെ കലവറ തുറക്കപ്പെടുന്നു.

സാധാരണ രീതിയൽ പറഞ്ഞാൽ പിതാവ് വളരെ മിതഭാഷിയാണ്. പ്രത്യേകിച്ചും തന്നെ സംബന്ധിക്കുന്ന കാര്യങ്ങൾ പറയുമ്പോൾ. ജീവിതാന്ത്യം അടുത്തിരിക്കുന്നു എന്നു ബോദ്ധ്യമായതു കൊണ്ടായിരിക്കാം ഇതു പോലെയുള്ള അവസരങ്ങളിൽ കുറെക്കൂടി തുറന്ന് സംസാരിക്കുവാൻ പിതാവ് ആഗ്രഹിച്ചത് എന്നു ഞാൻ വിചാരിക്കുന്നു.

## റോമിൽ 11-ാം പീയൂസ് മാർപ്പാപ്പയുമായുള്ള കൂടിക്കാഴ്ച

ഇപ്രകാരം ബീച്ചിൽ ഇരിക്കുമ്പോൾ പിതാവ് ഒരിക്കൽ എന്നോട് ചോദിക്കുകയാണ് "എടോ നമുക്ക് തിരുവനന്തപുരത്ത് അതിരൂപത അനുവദിച്ച് കിട്ടയ സാഹചര്യം തനിക്കറിയാമോ ?" അറിയില്ല പിതാവേ എന്നു ഞാൻ പറഞ്ഞപ്പോൾ എന്നാൽ കേട്ടോള്ളൂ എന്ന മുഖവുരയോടെ പിതാവ് വിഷയത്തിലേക്ക് കടന്നു.

" 1930-ൽ നമ്മൾ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. രണ്ടു വർഷം കൊണ്ട് വിശ്വാസികളും വൈദികരുമായി ഏതാനും ആയിരം പേർ പുനരൈക്യപ്പെട്ടു. ഇനിയും റോമിൽ പോയി പരിശുദ്ധ പിതാവിനെ സന്ദർശിച്ച് ഹയാറാർക്കി സ്ഥാപിച്ച് കിട്ടുവാൻ അപേക്ഷിക്കണമെന്ന് വിചാരിച്ചിരിക്കുമ്പോഴാണ് 1932-ൽ ഡബ്ലിനിൽ ചേരുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിന് ക്ഷണം കിട്ടുന്നത്. എന്നാൽ രണ്ടുകാര്യങ്ങളും കൂടി ഒരു പോക്കിന് സാധിക്കണമെന്നാഗ്രഹത്തോടു കൂടി പ്ലാൻ തയ്യാറാക്കി. മാർപ്പാപ്പയെ കാണുമ്പോൾപറയാനുള്ള കാര്യങ്ങൾ അടുക്കിനു കുറിച്ച് വെച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് നമ്മുടെ മലങ്കര സഭാ ഹയാറാർക്കി സ്ഥാപനം തന്നെ. അതിരൂപതാ കേന്ദ്രം തിരുവനന്തപുരത്തും സമാന്തരരൂപത തിരുവല്ലാ കേന്ദ്രമാക്കിയും വേണം. റോമിൽ നേരത്തെ എഴുതി അയച്ച് കൂടിക്കാഴ്ചയുടെ തീയതിയും



www.malankaralibrary.com


മറ്റും നിശ്ചയിച്ചു. അങ്ങനെ റോമിൽ ഏതാനും ദിവസം നേരത്തെ എത്തി. കുടിക്കാഴ്ച. സമയത്ത് പാലിക്കേണ്ട ആചാര മര്യാദകൾ എന്തെല്ലാമാണെന്നുള്ളതിനേപ്പറ്റി വ്യക്തമായ ഒരു പാരമ്പര്യം നമ്മുടെ പുതിയ റീത്തിന് ഇല്ലായ്കയാൽ അതേപ്പറ്റി അന്നത്തെ സ്റ്റേറ്റ് സെക്രട്ടറി കാർഡിനൽ പച്ചെല്ലി ( പിന്നത്തെ 12-ാം പീയൂസ് മാർപ്പാപ്പ ) കണ്ടു ചോദിച്ചു. അദ്ദേഹം പറയുകയാണ്. "ഇത് ഒരു പുതിയ റീത്താകയാൽ എനിക്ക് നിശ്ചയമില്ല പ. പിതാവിനോട് തന്നെ ചോദിച്ചിട്ട് അറിയിക്കാമെന്ന് പറഞ്ഞു. " പ. പിതാവ് തീരുമാനം പറഞ്ഞു "യാക്കോബായ സഭയിൽ ആയിരുന്നപ്പോൾ ആ സഭയിലെ തലവൻ അന്ത്യോക്യാപാത്രിയാർക്കീസിനെ കാണുമ്പോൾ ചെയ്യുന്ന ആചാര മര്യാദകൾ മതി" സാധാരണ രണ്ട് മെത്രാന്മാർ തമ്മിൽ കാണുമ്പോൾ പരസ്പരം ഇരു തോളിലും ചുംബിക്കുന്ന പതിവേ പാത്രിയാർക്കീസിനെ കാണുമ്പോഴും പാലിക്കേണ്ടതുള്ളൂ എന്ന് പിതാവിനെ അറിയിച്ചപ്പോൾ മലങ്കര കത്തോലിക്കാ മെത്രാച്ചന്മാർക്ക് ആ നടപടിക്രമം അംഗീകരിച്ച് തീരുമാനം ചെയ്തു. പിറ്റേ ദിവസം കൂടിക്കാഴ്ച നടത്തുമ്പോൾ മേൽ പ്രകാരം മാത്രമെ ചെയ്തുള്ളൂ. ( ലത്തീൻ റീത്തിലെ മെത്രാച്ചന്മാർ മാർപ്പാപ്പയെ സന്ദർശിക്കുമ്പോൾ ഇതിലും കൂടിയ വണക്കം പാലിച്ചിരുന്ന പതിവായിരുന്നു അന്നുണ്ടായിരുന്നത് ) എന്നെ കണ്ട നിമിഷത്തിൽ തന്നെ Welcome a great welcome ( സ്വാഗതം വലിയ സ്വാഗതം ) എന്നു പറഞ്ഞുകൊണ്ട് മേൽ പറഞ്ഞ പ്രകാരം ഇരുതോളിലും ചുംബിച്ച് തന്റെ സിംഹാസനത്തിന്റെ അടുത്ത് ഇരുത്തിയിട്ട് മലങ്കരയിലെ നമ്മുടെ പുനരൈക്യ പ്രസ്ഥാനത്തിന്റെ പുരോഗതിയെപ്പറ്റി വിശദമായി ചോദിച്ച് മനസ്സിലാക്കി വളരെ സംതൃപ്തി പ്രകടിപ്പിച്ചു. കൂട്ടത്തിൽ ഞാൻ ഡബ്ലിനിൽ പോകുന്ന കാര്യവും മാർപ്പാപ്പയെ അറിയിച്ചു. പിന്നെയും സാന്ദർഭികമായ മലങ്കരയിലെ സഭാ കാര്യങ്ങളെപ്പറ്റി പലതും സംസാരിച്ചശേഷം " ഇനിയും മകനെ ഞാൻ എന്തെല്ലാമാണ് ഇപ്പോൾ ചെയ്തു തരേണ്ടത് " എന്ന് പരി. പിതാവ് ചോദിച്ചു. അപ്പോൾ കുറിപ്പ് കയ്യിൽ എടുത്ത് അത് നോക്കി ഞാൻ ഓരോന്നും പറഞ്ഞു. ഇതെല്ലാം സശ്രദ്ധം കേട്ട് കൊണ്ടിരുന്ന മാർപ്പാപ്പ ഉടനെ പറയുകയാണ്. " ഇതെല്ലാം ഞാൻ അനുവദിച്ചിരിക്കുന്നു. താങ്കൾ ഇത് അർഹിക്കുന്നു. ഇത്രയും പെട്ടന്ന് കാര്യം സാധിച്ചത് ദൈവകൃപ തന്നെ. " എന്റെ കൈയ്യിൽ നിന്ന് കുറിപ്പ് വാങ്ങി ഒന്നു കൂടി സൂക്ഷിച്ച് നോക്കി ഇനിഷ്യൻ ചെയ്ത് കാർഡിനൽ പച്ചെല്ലിയെ ഉടനെ വിളിച്ച്



www.malankaralibrary.com



കാർഡിനൽ ഗിൽറോയി,
മാർ സേവേറിയോസ് ,
മുഖ്യമന്ത്രി എ. ജെ. ജോൺ



കാർഡിനൽ ഗിൽറോയിക്ക്
അരമനയിലേക്ക് വരവേൽപ്പ്



കാർഡിനൽ മാർ ഈവാനിയോസിനോടും
മാർ സേവേറിയോസിനോടുമൊപ്പം
സ്വീകരണച്ചടങ്ങിൽ

കാർഡിനൽ ഗിൽറോയിയുടെ
സന്ദർശനം.
മാർ ഈവാനിയോസ്
(പിടിച്ച്
എഴുന്നേൽപ്പിക്കപ്പെടുന്നു),
മാർ സേവേറിയോസ്



www.malankaralibrary.com

വരുത്തി കുറിപ്പ് കൊടുത്തുകൊണ്ട് പറയുകയാണ് "ഞാൻ ഇതെല്ലാം അനുവദിച്ചിരിക്കുന്നു. ഇതനുസരിച്ച് കല്പനകൾ എല്ലാം തയ്യാറാക്കിക്കൊള്ളൂ" കാർഡിനലിന്റെ മുഖം വിവർണമായി. പിന്നെയും യാത്രാമൊഴിയായി ഏതാനും വാക്കുകൾ സംസാരിച്ച ശേഷം പരസ്പരം ചുംബനം ചെയ്ത് വിടവാങ്ങി. കാർഡിനലിനോടൊപ്പം പുറത്തേക്ക് ഇറങ്ങിക്കഴിഞ്ഞപ്പോൾ കാർഡിനൽ ഗൗരവപൂർവ്വം എന്റെ നേരെ തിരിഞ്ഞ് പറയുകയാണ് "തിരുമേനി, ഇങ്ങനെയല്ല റോമിൽ കാര്യങ്ങൾ നടക്കുന്നത്. അങ്ങേയ്ക്ക് ആവശ്യമുള്ള കാര്യങ്ങൾ എഴുതി കോൺഗ്രീഗേഷനിൽ കൊടുക്കണം. കോൺഗ്രീഗേഷൻ അത് വേണ്ട വിധം പരിഗണിച്ച് അവരുടെ അഭിപ്രായത്തോടു കൂടി ചേർത്ത് അത് മാർപ്പാപ്പയ്ക്ക് സമർപ്പിക്കും. മാർപ്പാപ്പ അതിന്മേൽ അവസാനം തിരുമാനം കൈക്കൊള്ളും. അങ്ങനെയല്ലാതെ ആരും മാർപ്പാപ്പയ്ക്ക് നേരിട്ട് ആവശ്യങ്ങൾ സമർപ്പിക്കുവാൻ പാടില്ല." അപ്പോൾ ക്ഷമാപണപൂർവ്വം ഞാൻ പറഞ്ഞു "കത്തോലിക്കാ സഭയുടെ ഉൽകൃഷ്ടങ്ങളായ ചിട്ടകളേയും വിശിഷ്ടങ്ങളായ നടപടി ക്രമങ്ങളെയും പറ്റി ഞാൻ നേരത്തെ കേട്ടിട്ടുണ്ട്. ഞാൻ അതിന് വളരെ വിലമതിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഇപ്പോൾ മാത്രം യാക്കോബായ സഭയിൽ നിന്ന് കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് വന്ന ഒരു മെത്രാപ്പോലീത്തായാണ്. കത്തോലിക്കാ സഭയിലെ ചിട്ടകളെപ്പറ്റിയെല്ലാം ഇനി വിശദമായി പഠിക്കേണ്ടിയിരിക്കുന്നു. അതിനാൽ അത്യുന്നത കർദ്ദിനാൾ തിരുമേനി അവിടുന്ന് ഇവയെല്ലാം പ്രോപ്പർ ചാനലായ കോൺഗ്രീഗേഷനിൽ കൂടി തന്നെ മുമ്പോട്ട് കൊണ്ടുപോയാട്ടെ. എനിക്കതിൽ ഒരു വിരോധവുമില്ല. ഒരു കാര്യം കൂടി ഞാൻ തെളിയിച്ച് പറഞ്ഞുകൊള്ളട്ടെ. ഒന്നും മാർപ്പാപ്പയെ ഞാൻ സ്വമേധയാ അറിയിച്ചതല്ല. വിവരങ്ങൾ എല്ലാം തന്നെ ചോദിച്ച് മനസ്സിലാക്കിയതിനുശേഷം പരിശുദ്ധ പിതാവ് എന്റെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് ചോദിച്ചു. അപ്പോൾ പിതാവിനോട് എല്ലാം പറയാൻ ഞാൻ ബാദ്ധ്യസ്ഥനല്ലെ? വാത്സല്യനിധിയായ പരിശുദ്ധ പിതാവ് അതെല്ലാം അനുവദിച്ച് തന്ന് എന്നെ അതിയായി അനുഗ്രഹിക്കുകയും ചെയ്തിരിക്കുകയാണ് ഇത്രയും ഞാൻ പറഞ്ഞ് കഴിഞ്ഞപ്പോൾ കർദ്ദിനാൾ തിരുമേനിക്ക് പിന്നൊന്നും പറയാനുണ്ടായിരുന്നില്ല.

കർദ്ദിനാൾ തിരുമേനിയെ ഇത്രയും അസ്വസ്ഥനാക്കിയതിന് വേറെ പ്രത്യേക കാരണം ഉണ്ടായിരുന്നു. ലത്തീൻകാർ തിരുവനന്ത



www.malankaralibrary.com

പുരം കേന്ദ്രമാക്കി അതിരൂപത അനുവദിച്ചുകിട്ടാൻ പരിശ്രമം ആരംഭിച്ച സമയമായിരുന്നു അത്. ഒന്ന് അനുവദിച്ചാൽ ആ കേന്ദ്രത്തിന്റെ പേരിൽ വേറൊന്ന് അനുവദിക്കുക സാധാരണമല്ല. ലത്തീൻകാരുടെ പ്രതീക്ഷയ്ക്കെല്ലാം വിപരീതമായി നമുക്ക് തിരുവനന്തപുരം കേന്ദ്രമാക്കി അതിരൂപത അനുവദിച്ച് കിട്ടിയതിന്റെ അമർഷം വളരെക്കാലം നീണ്ടുനിന്നു എന്നു ഞാൻ മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ബീച്ചിലെ സംഭാഷണങ്ങൾ ഇതുപോലെ പല വിഷയങ്ങളിലേക്കും പ്രവേശിച്ചിട്ടുണ്ട്. അതിൽ പലതും പിതാവിന്റെ ജീവചരിത്ര പാരായണത്തിൽകൂടി അനുവാചകർക്ക് അറിവുള്ളതാകയാൽ വിട്ട് കളയുന്നു.

ഒരവസരത്തിൽ യാക്കോബായ സഭയിലെ തുടർച്ചയായ സമാധാനമില്ലായ്മയെപ്പറ്റി പിതാവ് പറയുകയാണ് "ഈ സഭയെ പൊക്കി എടുക്കാൻ ഞാൻ പിരശ്രിമിക്കുന്നിടത്തോളം അധികം പേർ ചെയ്തിട്ടില്ല. അതുകൊണ്ട് ഒരു കാര്യം എനിക്ക് മനസ്സിലായി - ഇതു പൊക്കിയാൽ പൊങ്ങുന്ന സഭയല്ല......."

വേറൊരവസരത്തിൽ പിതാവ് സന്ദർഭവശാൽ പറയുകയാണ് ഒരു "മെത്രാപ്പോലീത്തായുടെ ചുമതലകളുടെ ഭാരത്തേയും ഉത്തരവാദിത്വത്തേപ്പറ്റിയും മുൻകൂർ അറിവുള്ള ഒരു വ്യക്തിയും ഇത് തലയിൽ കെട്ടി വെച്ചാലും ഏറ്റെടുക്കുകയില്ല"

അത് പിതാവിന്റെ ഹൃദയത്തിൽ തട്ടി പറഞ്ഞതാണെന്ന് പിതാവിന്റെ കൂടെയുള്ള ദീർഘകാല സമ്പർക്കത്തിൽ നിന്നും എനിക്ക് പൂർണ്ണമായും ബോദ്ധ്യമായിട്ടുള്ളതാണ്. ഒന്നുമില്ലായ്കയിൽനിന്ന് ഇത്രത്തോളം പടുത്തുയർത്തിക്കൊണ്ടു വന്ന മാർ ഈവാനിയോസ് തിരുമേനിയുടെ കാര്യത്തിൽ മറ്റാരേക്കാൾ കൂടുതലായി ഈ വാക്കുകൾ അന്വർത്ഥമാണെന്ന് എടുത്ത് പറയേണ്ടതില്ലല്ലോ

## കത്തീഡ്രൽ പള്ളി

പുതിയ കത്തീഡ്രലിന്റെ പണി നടന്നു കൊണ്ടിരിക്കുകയാണ്. അത് ഒന്ന് തീർന്ന് കണ്ടും അതിൽ ഒരു കുർബ്ബാനയും ചൊല്ലണമെന്ന് പിതാവിന് അതിയായ ആഗ്രഹമുണ്ടായിരുന്നു. പിതാവിന്റെ രോഗത്തിന്റെ സ്വഭാവം വച്ച് നോക്കുമ്പോൾ പള്ളി തീർന്ന് കാണാൻ സാദ്ധ്യതയില്ലെന്ന് പിതാവിനും അറിയാമായിരുന്നു. എങ്കിലും അതിന്റെ ഫൗണ്ടേഷനും ബേസ്മെന്റും തീർത്ത് അതിന്മേൽ മൂന്നുനില പന്തൽ കെട്ടി അലങ്കരിച്ച് അവിടെ ഗ്രിഗോറിയോസ് തിരുമേനിയുടെ മെത്രാൻ



www.malankaralibrary.com

വാഴ്ത്തും അതിനോടനുബന്ധിച്ച് കുർബ്ബാനയും അനുഷ്ഠിക്കാൻ ദൈവം പിതാവിനെ അനുവദിച്ചു. കത്തീഡ്രൽ പോലുള്ള ബ്രഹ്മാണ്ഡമായ ഒരു വിശേഷാൽ പള്ളിയുടെ പണി എത്ര ശ്രമിച്ചാലും പെട്ടെന്ന് തീർക്കാവുന്ന ഒരു കാര്യമല്ലല്ലോ. എങ്കിലും മദ്ബഹായ്ക്കു കീഴിൽ പണിയുന്ന വോൾട്ടിന്റെ( മെത്രാന്മാരെ അടക്കാനുള്ള കല്ലറ മുറികൾ ) പണി ദ്രുതഗതിയിൽ തന്നെ മുമ്പോട്ട് കൊണ്ടുപോയി. പിതാവിന് പെട്ടെന്ന് എന്തും സംഭവിക്കാമെന്ന അവസ്ഥയാണ്. അപ്പോൾ വോൾട്ട് തീർന്നിരിക്കേണ്ടത് അത്യാവശ്യമാണ്. കാര്യം ഗ്രഹിക്കാൻ കഴിവുള്ള പിതാവ് വോൾട്ടിന്റെ പണിയുടെ പുരോഗതിയെപ്പറ്റി നിരന്തരം ആരാഞ്ഞുകൊണ്ടിരുന്നു. എന്നു തന്നെയല്ല ഏതാനും പ്രാവശ്യം പണി നടന്ന് കൊണ്ടിരിക്കുമ്പോഴും തീർന്നു കഴിഞ്ഞും അവിടം സന്ദർശിച്ചു പ്രാർത്ഥിച്ചു. ഒരു സായാഹ്നത്തിൽ ഔട്ടിംഗിന് മാർ ഈവാനിയോസ് കോളജിലേക്ക് പോകുമ്പോൾ ഞാനും കൂടെയുണ്ട്. വോൾട്ടിന്റെ സ്ഥലത്തു വന്നപ്പോൾ വണ്ടി നിർത്തി. ഡ്രൈവർ കീവർച്ചനും ഞാനും കൂടി പിതാവിനെ താങ്ങി നടത്തി. ഏതാനും ചുവടുകൾ മാത്രം ദൂരെയുള്ള വോൾട്ടിന്റെ മുമ്പിൽ കൊണ്ടുവന്നു. അവിടെ നിന്നു കൊണ്ട് പിതാവ് ഹൃദയസ്പൃക്കായ ഒരു പ്രാർത്ഥന ഏതാണ്ടിപ്രകാരം നടത്തി. "ഇഹത്തിലെ എന്റെ അവസാന വിശ്രമ ഭവനമേ നിന്നിലേക്ക് ഞാൻ ചേർക്കപ്പെടും , നിന്നിൽ നിന്ന് നിത്യതയിലേക്ക് ഞാൻ ഉണരുമാറാകട്ടെ, ദൈവമായ കർത്താവെ എന്നോട് കരുണയുണ്ടാകണമേ"

## മെത്രാഭിഷേകം

തന്റെ പിൻഗാമിയെ തന്റെ കൈകൊണ്ട് തന്നെ വാഴിക്കണമെന്നുള്ളതും പിതാവിന്റെ വേറൊരാഗ്രഹമായിരുന്നു. ബ. ബനഡിക്റ്റ് O. I. C. യെ ആന്റെറഡോസിന്റെ സ്ഥാനിക മെത്രാനും തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനുമായി നിയമിച്ച് കൊണ്ടുള്ള കല്പന റോമിൽ നിന്ന് വന്നപ്പോൾ എങ്ങനെ ഈ അനാരോഗ്യസ്ഥിതിയിൽ പിതാവിന് മെത്രാഭിഷേക കർമ്മം നടത്താൻ കഴിയുമോയെന്ന് ഞങ്ങൾ സംശയിച്ചു. പിതാവിന്റെ മനഃശക്തിയുടെ ( will-power) മാറ്റ് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എങ്കിലും അതിന്റെ പാരമ്യം കണ്ടത് ഈ മെത്രാഭിഷേക സന്ദർഭത്തിലായിരുന്നു. മറ്റുള്ളവരുടെ സഹായത്തോടു കൂടിയാണെങ്കിലും ഞങ്ങളെയെല്ലാം അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു കുഴപ്പവും കൂടാതെ ദീർഘമായ ആ ദിവ്യശുശ്രൂഷ ഭംഗിയായി പിതാവ്



www.malankaralibrary.com

നിർവ്വഹിച്ചു. സഹകാർമ്മികരായിരുന്നത് മാർ സേവേറിയോസ് തിരുമേനിയും കോട്ടയം മെത്രാൻ മാർ തറയിൽ തിരുമേനിയും ആയിരുന്നു. തറയിൽ തിരുമേനിക്ക് നമ്മുടെ റീത്തിലും കർമ്മങ്ങൾ അനുഷ്ഠിക്കാൻ അനുവാദം റോമിൽ നിന്ന് നേരത്തെ നൽകിയിട്ടുണ്ട്. (യാക്കോബായ ക്നാനായക്കാർ പുനരൈക്യപ്പെടുമ്പോൾ അവർ നമ്മുടെ റീത്താണ് ഉപയോഗിക്കുന്നത് കൂടാതെ കോട്ടയം ബിഷപ്പിന് ക്നാനായക്കാരുടെ മേൽ ജാത്യപരമായ അധികാരം ഉള്ളതുമാണ്) താടിമീശയില്ലാത്ത തറയിൽ തിരുമേനി മസനപ്സയിട്ടപ്പോൾ അങ്ങനെ കണ്ട് പരിചയിച്ചിട്ടില്ലാത്ത നമ്മുടെ ജനങ്ങൾക്ക് അത് ഒരു വിശേഷാൽ കാഴ്ചയായിരുന്നു.

മെത്രാഭിഷേകം കഴിഞ്ഞ് സായാഹ്നത്തിൽ അതിഗംഭീരമായ അനുമോദന സമ്മേളനവും കത്തീഡ്രൽ ഗ്രൗണ്ടിൽ വെച്ചുതന്നെ നടന്നു. തിരുവനന്തപുരം അതിരൂപതയുടെ വികാരി ജനറാളിന്റെ ചുമതല പിതാവ് മാർ ഗ്രിഗോറിയോസ് തിരുമേനിയെ ഏല്പ്പിച്ചു. അതുവരെ അഡ്മിനിസ്ട്രേറ്ററായിരുന്ന ബ. സാലസച്ചൻ C. M. I. യെ അവരുടെ പ്രിയോർ ജനറാൾ തിരികെ വിളിക്കുകയും ചെയ്തു.

## കബറടക്കത്തെപ്പറ്റി മുൻകൂർ ചിന്ത

കൊച്ചുതിരുമേനിയുടെ നിയമനം വന്നപ്പോൾ തന്നെ ബ. സാലസച്ചനെ പ്രയർ ജനറൽ തിരികെ വിളിച്ചതാണ്. മെത്രാഭിഷേകം വരെ അദ്ദേഹത്തിന്റെ സേവനം തുടർന്ന് ലഭിക്കണമെന്ന് പിതാവ് ആവശ്യപ്പെട്ടതിനാൽ പ്രയർ ജനറൽ അങ്ങനെ പ്രത്യേക അനുവാദം കൊടുത്തു. അദ്ദേഹം മടങ്ങുന്നതിന് മുമ്പുതന്നെ ഞങ്ങൾ ആസന്നമായി തന്നെ സംഭവിക്കാവുന്ന മരണത്തെയും കബറടക്കത്തേയുംപറ്റി ചന്തിച്ചു. ഒന്നാമതായി കബറടക്കുന്ന സ്ഥലത്ത് മൃതദേഹം സംസ്ക്കരിക്കുവാൻ തിരുവനന്തപുരത്തെ സിറ്റി മേയറിൽ നിന്നും രേഖാ മൂലം അനുവാദം വാങ്ങി. പട്ടം പള്ളി സെമിത്തേരിയേപ്പറ്റി പണ്ട് രൂക്ഷമായ തർക്കമുണ്ടായതാണ്. അതിനാൽ ഒരു മുൻ കരുതലായി അപ്രകാരം ചെയ്തു. കൂടാതെ കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് നടക്കുന്ന മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്തായുടെ ആദ്യത്തെ കബറടക്കമാണ്. അത് അർഹിക്കുന്ന ഗാംഭീര്യത്തോടെ നടത്തേണ്ടത് മലങ്കര കത്തോലിക്കാ സഭയുടെ അഭിമാനത്തിന്റെ പ്രശ്നം കൂടിയാണ്. പക്ഷെ തിരുവനന്തപുരത്തെ



www.malankaralibrary.com

സിറ്റിയിൽ നമുക്ക് വിശ്വാസികളും പള്ളികളും കുറവാണ്. അതിനാൽ സാലസച്ചൻ നല്ല ഒരു ആലോചന കൊണ്ടുവന്നു. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മാന്യമായ കബറടക്കം ആകമാന കത്തോലിക്കാ സഭയുടെ - പ്രത്യേകിച്ച് ആകമാന കത്തോലിക്കാ സുറിയാനിക്കാരുടെ - ഒരാവശ്യമാണ്. അതിനാൽ നമുക്ക് നേരത്തെ തന്നെ മറ്റുള്ള സുറിയാനി രൂപതകളുടെ (മലബാർ റീത്തുകാരുടെ) സഹായവും സഹകരണവും ഉറപ്പാക്കണം. ബ. സാലസച്ചൻ തന്നെ എറണാകുളം ആർച്ചു ബിഷപ്പിനും, ചങ്ങനാശ്ശേരി, കോട്ടയം, തൃശ്ശൂർ എന്നീ രൂപതാദ്ധ്യക്ഷന്മാർക്കും വിവരം കാണിച്ച് രഹസ്യ കത്തെഴുതി. മാർ ഈവാനിയോസിന്റെ കബറടക്ക സമയം പത്രദ്വാര അറിയിക്കുമ്പോൾ മേൽ പറഞ്ഞ എല്ലാ രൂപതകളിലേയും എല്ലാ പ്രധാനപ്പെട്ട പള്ളികളിൽ ഉള്ള പൊൻവെള്ളികുരിശുകളും കൊടി കുടകളും അത് പിടിക്കാനുള്ള ആളുകളും വരാൻ രഹസ്യ സർക്കുലർ അയച്ചു ശട്ടം കെട്ടണം. ആ രൂപതാദ്ധ്യക്ഷന്മാർ അപ്രകാരം ചെയ്തതു കൊണ്ട് കബറടക്കം അതിഗംഭീരമാക്കാൻ കഴിഞ്ഞു എന്നത് പ്രത്യേകം പ്രസ്താവ്യമത്രേ.

വലിയ പിതാവിന്റെ ഭരണ കാലത്തെ അവസാന സംവത്സരങ്ങളിലും ആലസ്യ വേളയിലും ബ. സാലസച്ചൻ അതിരൂപതയ്ക്ക് ചെയ്ത സേവനങ്ങൾ വളരെ വിലപ്പെട്ടതാണ്. അദ്ദേഹം അഡ്മിനിസ്രേറ്റർ ആയി നിയമിതനായപ്പോൾ മുതൽ അദ്ദേഹത്തിന്റെ കഴിവും സ്വാധീന ശക്തിയും പുറുംനാടുകളുമായ എഴുത്ത് കുത്തുകളുമാണ് അതിരൂപതയുടെ ദൈനംദിന കാര്യങ്ങൾ വലിയ മുട്ട് കൂടാതെ നടത്തിക്കൊണ്ട് പോകുവാൻ ഇടയാക്കിയത്. കൂടാതെ C. M. I. വൈദികർ നമ്മുടെ തെക്കൻ മിഷ്യനുകളിൽ വളരെക്കാലം ഫലപ്രദമായ മിഷ്യൻവേല അനുഷ്ഠിച്ചിട്ടുള്ള കാര്യവും പ്രത്യേകം എടുത്ത് പറയേണ്ടതാണ്.

## കബറടക്കത്തിന് കുന്തിരിക്കം

ബ. സാലസച്ചൻ പോയിക്കഴിഞ്ഞ് ഒരു ദിവസം പാതിരാത്രിയായപ്പോൾ പിതാവിന്റെ ബോയി എന്റെ കതകിന് മുട്ടി. പിതാവ് വിളിക്കുന്നു എന്നു പറഞ്ഞു. ഞാൻ അടുത്ത് ചെന്നപ്പോൾ പിതാവ് ചോദിക്കുകയാണ്. " താൻ മെത്രാച്ചന്മാരുടെ കബറടക്കം കണ്ടിട്ടുണ്ടോ" എനിക്ക് വല്ലായ്മ തോന്നി. ഇല്ല പിതാവേ എന്ന് ഞാൻ പറഞ്ഞപ്പോൾ പിതാവ് പറയുകയാണ്" അതിന് അനേക ചാക്ക് കുന്തിരിക്കം വേണം. മണ്ണിട്ടല്ല കുന്തിരിക്കം ഇട്ടാണ് കബർ



www.malankaralibrary.com

നിറയ്ക്കുന്നത്. കുന്തിരിക്കം ഒരിടത്തും വലിയ സ്റ്റോക്ക് കാണുകയില്ല അതിനാൽ ഉടനെ തന്നെ മത്തായി സാറിനെ വിട്ട് കൊല്ലം ആലപ്പുഴ കൊച്ചി എന്നിവടങ്ങളിൽ നിന്ന് ആവശ്യത്തിന് കുന്തിരിക്കം ആരും അറിയാതെ ഇപ്പോൾ തന്നെ കരുതിക്കൊൾക. അല്ലെങ്കിൽ സമയത്തു താൻ വിഷമിക്കും. കൂടാതെ കറുത്ത തുണിയിൽ കുറെ കൊടിയും രഹസ്യമായി തൈപ്പിച്ച് സൂക്ഷിച്ചുകൊൾക" ആസന്ന മരണനായി കഴിയുന്ന പിതാവിന്റെ കൂർമ്മ ബുദ്ധിയും മുൻ കരുതലും കണ്ട് ഞാൻ വിസ്മയിച്ചുപോയി. പറഞ്ഞ പ്രകാരം പിറ്റേദിവസം തന്നെ പന്തീരായിരം രൂപായും കൊടുത്ത് മത്തായി സാറിനെ അയച്ച് കുന്തിരിക്കം വാങ്ങിക്കൊണ്ടു വന്നു. പാതിരാത്രിയിൽ മാത്രം കുന്തിരിക്കം ലോറി അരമനയിൽ വന്നതിനാൽ മറ്റാരും അറിഞ്ഞതേയില്ല. ചാപ്പലിന്റെ താഴത്തെ വീഞ്ഞ് മുറിയിൽ സ്റ്റോക്ക് ചെയ്ത് അപ്രകാരം ഇരുന്നൂറ് കൊടിയും തയ്പ്പിച്ച് സ്റ്റോക്കു ചെയ്തു. പിതാവ് കാലം ചെയ്തപ്പോൾ നമ്മുടെ വൈദികർ കുന്തിരിക്കം എവിടെ എന്നു ചോദിച്ചു കൊണ്ട് എന്നെ സമീപിച്ചപ്പോൾ "ബുദ്ധിയുള്ളവൻ അതു് കരുതിയിട്ടാണ് പോയത്" എന്നു ഞാൻ പറഞ്ഞു അവരും അതിശയിച്ച് പോയി.

## വിൽപത്രം

പിതാവ് എന്നെ വിളിച്ച് രഹസ്യമായി പറഞ്ഞു ഒരു വിൽപത്രം എഴുതണം. കാര്യം രഹസ്യമായിരിക്കണം. എന്തൊക്കെയാണ് എഴുതേണ്ട വസ്തുതകൾ എന്ന് ചോദിച്ച് മനസ്സിലാക്കി. എനിക്ക് വിൽപത്രം എഴുതി പരിചയമില്ലാത്തതിനാൽ അതിന്റെ ഫോമും ലീഗൽ വശങ്ങളും എല്ലാം വിവരിക്കുന്ന ഒരു പുസ്തകം പിതാവിന്റെ സ്നേഹിതൻ എം. ജി. മാത്യു വക്കീലിൽ നിന്ന് ഞാൻ വാങ്ങി പഠിച്ച് വിൽപത്രം എഴുതി. രഹസ്യമായി ടൈപ്പ് ചെയ്ത് തയ്യാറാക്കി. പിതാവിന്റെ നിർദ്ദേശമനുസരിച്ച് സേവറിയോസ് തിരുമേനിയേയും, സാലസച്ചനേയും ഫോൺ ചെയ്ത് വരുത്തി. അടച്ച മുറിക്കകത്ത് ഇരുന്ന് വിൽപത്രം പിതാവിന്റെ സാന്നിദ്ധ്യത്തിൽ വായിച്ചു കേൾപ്പിച്ചു. പിതാവ് കുരിശ് വരച്ച് എല്ലാ പേജിലും ഒപ്പിട്ടു. അതുപോലെ സാക്ഷികളായി സേവേറിയോസ് തിരുമേനിയും സാലസച്ചനും ഒപ്പിട്ടു. ഇത് പിതാവിന്റെ കാലശേഷം പുതിയ അധികാരിയെ ഏല്പ്പിക്കുംവരെ ചാൻസിലറായ എന്റെ കസ്റ്റഡിയിൽ ഇരിക്കുമെന്നും എഴുതി പിതാവ് ഒപ്പ് വെച്ചു. ആ ദിവസങ്ങളിൽ ഡോക്ടർ മസിലാമണി പിതാവിന്റെ ചെക്കപ്പിന്



www.malankaralibrary.com

മദ്രാസ്സിൽ നിന്ന് വന്നിരുന്നു. അദ്ദേഹത്തെക്കൊണ്ട് "വിൽപത്ര നിർമ്മാതാവ് പൂർണ്ണ സുബുദ്ധിയോടെയാണ് വിൽപത്രം എഴുതി ഒപ്പു വെച്ചത്" എന്ന് നിയമ സാധുതയ്ക്കു വേണ്ടി എഴുതി ഒപ്പു വെച്ചു. ഇതിലെ ഉള്ളടക്കത്തെപ്പറ്റി എന്തെങ്കിലും സംശയം ഉണ്ടായാൽ സാക്ഷികളായി ഒപ്പിട്ടവർ അതിന്റെ വ്യാഖ്യാതാക്കളായിരിക്കുമെന്നും അതിൽത്തന്നെ വ്യവസ്ഥ ചെയ്തിരുന്നു. എന്നിട്ട് സീൽ ചെയ്ത് എന്റെ കസ്റ്റഡിയിൽ സേഫിൽ വെച്ച് പൂട്ടി. മാർ ഗ്രിഗോറിയോസ് തിരുമേനി ഔദ്യോഗകമായി അതിരൂപതയുടെ ചുമതല ഏറ്റെടുത്തശേഷമാണ് ആർച്ചുഡയസിസൺ കൗൺസിലിൽ വെച്ച് ഈ വിൽപത്രകവർ ഔദ്യോഗികമായി തിരുമേനിയെ ഏൽപ്പിക്കുന്നത്.

## അന്ത്യ ഇടയലേഖനം.

തന്റെ അതിഭദ്രാസനത്തിലെ പ്രിയപ്പെട്ട ആത്മീയ മക്കളെ അഭിസംബോധന ചെയ്തു കൊണ്ട് ഹൃദയസ്പൃക്കായ ഒരന്ത്യലേഖനവും പിതാവ് എഴുതുകയുണ്ടായി. അതിലെ രണ്ട് ചിന്തകൾ ഇവിടെ ഉദ്ധരിക്കട്ടെ. (1 ) നമ്മുടെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമായി കഴിഞ്ഞു വന്ന കേരളത്തിലെ കത്തോലിക്കാ സഹോദരങ്ങളെപ്പറ്റി അതിയായ ഖേദം നമ്മുടെ ഹൃദയത്തിൽ ഈ സന്ദർഭത്തിലും ഉളവാകുന്നു. . അവരുടെ പുനരൈക്യം സാധിച്ചു കാണാൻ നാം തീവ്രമായി അഭിലഷിച്ചു. അക്ഷീണം പരിശ്രമിച്ചു, നിരന്തരം പ്രവർത്തിച്ചു. എന്നാൽ അതിന്റെ പൂർത്തീകരണം കാണുവാൻ നമുക്ക് ഭാഗ്യം സിദ്ധിച്ചില്ല. ആസന്നഭാവിയിൽ നമ്മുടെ അഭിലാഷം സാധിതപ്രായമായിത്തീരുമെന്ന് നാം ആശാപൂർവ്വം വിശ്വസിക്കുകയും അതിനു വേണ്ടി നമ്മുടെ കർത്താവിനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ( 2) നിങ്ങൾ കത്തോലിക്കരായിരിക്കുന്നുവെന്നതിൽ അഭിമാനിക്കുവിൻ. നിങ്ങളുടെ ജീവിത വിശുദ്ധിയും സന്മാതൃകകളും അകത്തോലിക്കർക്ക് മാർഗ്ഗദീപമായി ഭവിക്കട്ടെ. നമ്മുടെ സ്നേഹനാഥനായ മിശിഹായെ നിങ്ങളിൽ പ്രതിബിംബിക്കുവിൻ.

സാക്ഷാൽ പുനരൈക്യ പ്രണേതാവായ മാർ ഈവാനിയോസിന്റെ ഹൃദയവും ഉൽക്കൃഷ്ടമായ ജീവിത ലക്ഷ്യവും ഈ ഇടയ ലേഖനങ്ങളിൽകൂടി നമുക്ക് കാണുവാൻ കഴിയും.



www.malankaralibrary.com

## ഇന്റർനുൻഷ്യോ വരുന്നു

ദിവസം കഴിയുംതോറും പിതാവ് കൂടുതൽ ക്ഷീണിതനായി. ഡോക്ടർ കേശവൻ നായർ വന്ന് രണ്ട് പ്രാവശ്യം വയറ്റിൽ നിന്ന് വെള്ളം കുത്തിയെടുത്തു. പിതാവ് ക്ഷീണിതനായ വിവരം ഇന്റർനുൻഷ്യോ മാർട്ടിൻ ലൂക്കോസ് തിരുമേനിയെ അറിയിച്ചു. അദ്ദേഹം ഉടനെ തന്നെ വിമാനമാർഗ്ഗം ഡൽഹിയിൽ നിന്നും വന്ന് അരമനയിൽ അഞ്ചാറ് ദിവസം താമസിക്കുകയും ഇടയ്ക്കിടെ പിതാവുമായി സംസാരിക്കുകയും. പിതാവിനു വേണ്ടി പ്രാർത്ഥിക്കുകയും ആവശ്യമായ ശുശ്രൂഷകൾ ചെയ്യുകയും ഒടുവിൽ മാർപ്പാപ്പയ്ക്കടുത്ത് പ്രത്യേക ആശിർവാദം നൽകുകയും ചെയ്തിട്ട് മടങ്ങിപ്പോയി.

## പിതാവ് അന്ത്യത്തോടടുക്കുന്നു.

ഏതാനും ദിവസം ബ. കോശി അച്ചൻ (O. I. C) സ്ഥലത്തില്ല. അങ്ങനെയുള്ള ഒരു ദിവസം രാവിലെ ലഘുവായി എന്തോ പിതാവ് കഴിച്ചു. എന്നിട്ട് എന്നോട് ചോദിക്കുയാണ് "എടോ തനിക്കിന്ന് കോളജിൽ ക്ലാസ്സുണ്ടോ" ഉണ്ടല്ലോ പിതാവേ എന്നു ഞാൻ പറഞ്ഞപ്പോൾ "ഇന്ന് കോളജിൽ ചെല്ലുകയില്ല എന്ന് ഫോൺ ചെയ്യൂ. എന്നിട്ട് ഇവിടെ ഇരിക്ക്" ഞാൻ അപ്രകാരം ചെയ്തു. പിതാവിന് തന്റെ അന്ത്യം അടുക്കുന്നു എന്ന് ഉൾബോധമുള്ളതു പോലെ തോന്നി. പക്ഷെ പുറമെ അങ്ങനെയൊന്നും സാധാരണയിൽ കൂടുതലായി കാണാനുമില്ല. ഉച്ചയ്ക്ക് കുരിശ് മണി അടിക്കും വരെ ഞാൻ കൂടെ ഇരുന്ന് സംസാരിച്ചു. ഉച്ചനമസ്ക്കാരത്തിന് മണി അടിച്ചപ്പോൾ ഇന്ന് ഇവിടെ പ്രാർത്ഥിക്കാം എന്നു പറഞ്ഞ് പ്രാർത്ഥനയ്ക്ക് ആരംഭമിട്ടു. തുടർന്ന് ഞാൻ ചൊല്ലി. പ്രാർത്ഥന തീർന്നപ്പോൾ ബോയിയോട്ട് പറയുകയാണ് " അച്ചൻ ഇന്ന് ഭക്ഷണ മുറിയിലേക്ക് വരുന്നില്ല. അച്ചനുള്ളതും കൂടി ഇങ്ങോട്ട് കൊണ്ട് പോരുക" അങ്ങനെ പിതാവിനോടൊപ്പം ഭക്ഷണം കഴിച്ചു. ഭക്ഷണം കഴിഞ്ഞ് പിതാവ് ഉറങ്ങി. പിറ്റേദിവസം കല്പന പ്രകാരം തലേ ദിവസത്തെ പരിപാടി ആവർത്തിച്ചു. പക്ഷെ അന്നുച്ചയ്ക്കു ശേഷം ഉറങ്ങിയ തിരുമേനിയുടെ ബോധം പിന്നീട് തെളിഞ്ഞില്ല. രണ്ട് ദിവസം അങ്ങനെ തന്നെ അബോധാവസ്ഥയിൽ കഴിഞ്ഞു. മൂന്നാം ദിവസം 1953 ജൂലൈ 15 നു പാതിരാത്രിക്ക് ഏതാനും മിനിറ്റ് മുമ്പ് കൊച്ചുതിരുമേനിയും റമ്പാച്ചനും അരമനയിലെ അന്തേവാസികളെല്ലാവരും തന്നെ കിടയ്ക്കക്ക്



www.malankaralibrary.com

ചുറ്റും നിന്ന് പ്രാർത്ഥിച്ചു കൊണ്ട് നിൽക്കവെ പിതാവിന്റെ പാവനാത്മാവ് സംഭവബഹുലമായ തന്റെ ഇഹലോക ജീവിതം പര്യവസാനിപ്പിച്ചിട്ട് താൻ ആർക്ക് വേണ്ടി തന്റെ ജീവിതം ഹോമബലിയായി അർപ്പിച്ചുവോ ആ പരമപിതാവിന്റെ സവിധത്തിലേക്ക് നിത്യസമ്മാനത്തിനായി പറന്നുപോയി.

## അനന്തരനടപടികൾ

സേവേറിയോസ് തിരുമേനിയെ ഉടനെ വിവരം അറിയിച്ചു. മൃതദേഹം തുടച്ച് വൃത്തിയാക്കി അംശവസ്ത്രങ്ങൾ ധരിപ്പിച്ച് സിംഹാസനത്തിൽ ഇരുത്തി ഇടത്തെ കയ്യിൽ അംശവടിയും വലത്തെ കൈയ്യിൽ സ്ലീബായും പിടിപ്പിച്ചു. തിരുവനന്തപുരത്തെ നമ്മുടെ എല്ലാ സ്ഥാപനങ്ങളിലും വിവരം അറിയിച്ചു. സേവേറിയോസ് തിരുമേനി പെട്ടെന്ന് വന്ന് ചേർന്നു. പ്രാരംഭ പ്രാർത്ഥനകൾ നടത്തിയിട്ട് അപ്പോൾ തന്നെ മൃതദേഹം വാനിൽ കയറ്റി പാളയത്തുള്ള അന്നത്തെ നമ്മുടെ കത്തീഡ്രലിൽ കൊണ്ടു പോയി മദ്ബഹായിൽ പടിഞ്ഞാറോട്ട് ദർശനമായി ഇരുത്തി മെഴുകുതിരികളും കത്തിച്ചു. എല്ലാവർക്കും വന്ന് ചേരുവാനുള്ള സമയം കൊടുത്തു കൊണ്ട് കബറടക്കം ജൂലൈ 17-ാം തീയതി രാവിലെ 8 മണിക്കുള്ള കുർബ്ബാനയോടു കൂടി ആരംഭിച്ചു. തുടർന്ന് മാർ കാവുകാട്ട് തിരുമേനിയുടെ ചരമപ്രസംഗം, ശുശ്രൂഷ, പാളയം പള്ളിമുതൽ പട്ടത്തുവരെ നഗരികാണിക്കൽ, പുതിയ കത്തീഡ്രലിന്റെ തറയിൽ പന്തലിട്ട് അവിടെ വെച്ച് ബാക്കി കബറടക്ക ശുശ്രൂഷ, വോൾട്ടിൽ കബറടക്കം ഇങ്ങനെ കബറടക്ക പരിപാടികൾ ക്രമീകരിച്ചു. എല്ലാ പത്രങ്ങളിലും മരണ വാർത്തയും കബറടക്ക ശുശ്രൂഷയുടെ വിശദവിവരങ്ങളും പ്രസിദ്ധീകരിച്ചു.

15-ാം തീയതി പാതിരാത്രിക്കാണല്ലോ തിരുമേനി കാലം ചെയ്തത്. 16-ാം തീയതി കർമ്മല മാതാവിന്റെ തിരുനാളാകയാൽ ലാറ്റിൻ പള്ളികളിലെല്ലാം വലിയ ആൾക്കൂട്ടം ഉണ്ടാകുമെ[illegible] അറിയാമായിരുന്നതിനാൽ വെളുപ്പിന് തന്നെ പാളയം ലാറ്റിൻ [illegible] തുടങ്ങി കടപ്പുറത്തുള്ള എല്ലാ പള്ളികളിലും ഞാൻ തന്നെ പോയി വികാരി അച്ചന്മാരെ കണ്ട് കബറടക്കത്തിന് അവരുടേയും ഇടവക ജനങ്ങളുടേയും സാന്നിദ്ധ്യ സഹകരണങ്ങൾ അഭ്യർത്ഥിച്ചു. നമ്മുടെ എല്ലാ പള്ളികളിലും ദുഃഖമണി അടിച്ചു. മാർപ്പാപ്പ, ഓറിയന്റൽ കോൺഗ്രേഷൻ, ഇന്റർനൂൻഷ്യോ, ബോംബെ കാർഡിനൽ ഗ്രേഷ്യസ്,



www.malankaralibrary.com

കേരളത്തിലേയും ഇതര സ്റ്റേറ്റുകളിലേയും കത്തോലിക്കാ മെത്രാച്ചന്മാർ ഇവർക്കെല്ലാം വിവരത്തിന് കമ്പി സന്ദേശം അയച്ചു. രാജപ്രമുഖന്റെ പ്രൈവറ്റ് സെക്രട്ടറിയെ വിളിച്ച് ദുഃഖവാർത്ത അറിയിച്ചു. അന്നുതന്നെ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവ് വളരെ നല്ല ഒരു അനുശോചന സന്ദേശം പ്രത്യേക ദൂതൻ മുഖേന അരമനയിൽ എത്തിച്ചു. കബറടക്ക സംബന്ധമായ ഓരോ ചുമതലകൾ ഓരോ വൈദിക സംഘത്തെ ഏല്പ്പിച്ചു. ശരിയായി നേരത്തെ പ്ലാൻ ചെയ്തിരുന്നതു കൊണ്ട് നഗരികാണിക്കലും കബറടക്കവും ചിട്ടയായും ഭംഗിയായും നടത്തുവാൻ കഴിഞ്ഞു. ബ. സാലസച്ചൻ നേരത്തെ എഴുതിയനുസരിച്ച് വടക്കൻ സുറിയാനി രൂപതകളിൽ നിന്നും കൊണ്ടു വന്ന പരശതം സ്വർണ്ണ വെള്ളിക്കുരിശുകളും മുത്തുക്കുടകളും കൊടികളും നഗരികാണിക്കലിന് കൊഴുപ്പ് കൂട്ടി. കേരളത്തിലെ എല്ലാ കത്തോലിക്കാ മെത്രാച്ചന്മാരും തമിഴ് നാട്ടിലെ ഏതാനും മെത്രാച്ചന്മാരും കേരളത്തിലെ മൂന്ന് റീത്തുകളിലും പെട്ട പരശതം വൈദികരും ആയിരത്തിൽ പരം കന്യാസ്ത്രീകളും കണക്കില്ലാത്ത വിശ്വാസികളും പൊതുജനങ്ങളും നഗരി കാണിക്കലിന് സംബന്ധിച്ചു. നമ്മുടെ വിദ്യാലയങ്ങളിലെ സ്റ്റാഫ്, സ്റ്റുഡൻസ്, N. C. C, പട്ടാളബാന്റ് ഇവരുടെയെല്ലാം സേവനം വിലപ്പെട്ടതായിരുന്നു. കടലോരത്തുള്ള പള്ളികളിൽ നിന്നും വന്ന പരസഹസ്രം വിശ്വാസികൾ പ്രത്യകം ശ്രദ്ധിക്കപ്പെട്ടു. പാളയം പള്ളി മുതൽ പട്ടം പള്ളിവരെ റോഡിന്റെ ഇരുവശങ്ങളിലും നാനാജാതിമതസ്ഥരായ അനേകായിരങ്ങൾ നഗരികാണിക്കൽ വീക്ഷിക്കാൻ തിങ്ങിക്കൂടിയിരുന്നു. ഒരു നിരയിൽ നാലു പേർവീതം നിന്ന് മുന്നോട്ടു നീങ്ങിയ പ്രദിക്ഷണത്തിന്റെ മുൻനിര പട്ടം പള്ളിയിലെത്തിയപ്പോൾ പാളയം പള്ളിയിൽ നിന്ന് മൃതദേഹം വഹിച്ച് കൊണ്ടുള്ള രഥം ഉരുളാൻ തുടങ്ങിയതേ ഉണ്ടായിരുന്നുള്ളൂ. പിതാവിന്റെ കാർ ആരെയും കയറ്റാതെ സാവധാനം ഡ്രൈവർ ഓടിച്ചു കൊണ്ട് രഥത്തിന് തൊട്ട് പുറകെ അനുയാത്ര ചെയ്തിരുന്നു. എല്ലാവരും പട്ടത്ത് എത്തിയപ്പോൾ കത്തീഡ്രലിന്റെ തറയിൽ തയ്യാർ ചെയ്തിരുന്ന പ്രത്യേക പന്തലിൽ വെച്ച് കബറടക്കത്തിന്റെ ബാക്കി ശുശ്രൂഷകൾ നടത്തുകയും മൃതദേഹം ഇരുത്തിയ സിംഹാസനത്തോടു കൂടി കബറിലേക്ക് കയറ്റുകയും ചെയ്തു. വെള്ളി അംശവടിയും, സ്വർണ്ണ സ്ലീബായ്ക്കും പകരം മരം കൊണ്ട് നിർമ്മിച്ചവ കൈകളിൽ പിടിപ്പിച്ച് മൃതശരീരത്തിന്റെ മുഖം ശോശപ്പ കൊണ്ട് മൂടി . ശരീരം മുഴുവൻ കുന്തിരിക്കം കൊണ്ടും



www.malankaralibrary.com

മൂടി കബർ സ്ലാബ് കൊണ്ട് മൂടി. അവസാന ധൂപ പ്രാർത്ഥനയും നടത്തി എല്ലാവരും ദുഃഖാർത്തരായി പിരിഞ്ഞുപോയി.

അങ്ങനെ മൂന്ന് നൂറ്റാണ്ടായി പല പ്രഗത്ഭന്മാർ ആഗ്രഹിച്ചിട്ടും പ്രവർത്തിച്ചിട്ടും സാധിക്കാതെ പോയ ക്രൈസ്തവ സഭാ പുനരൈക്യം ദൈവത്താൽ അതിനായി തെരഞ്ഞെടുക്കപ്പെട്ട് നിയോഗിക്കപ്പെട്ട മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി വിജയപൂർവ്വം നിർവ്വഹിച്ചിട്ട് അതിനെ പൂർണ്ണതയിലെത്തിക്കുവാനുള്ള ദൗത്യം വിശ്വാസപൂർവ്വം നമ്മെ ഏല്പ്പിച്ചിട്ട് നിത്യസമ്മാനത്തിനായി സ്വർഗ്ഗസ്ഥ പിതാവിന്റെ സന്നിധിയിലേക്ക് കടന്നു പോയിരിക്കുകയാണ്.

നാം ദൈവസുതന്മാരാവാനായുഷ്ക്കാലത്തിൽ ചൊല്ലി
ത്തന്നത്താതരെയോർക്കേണം നവാന്മാർ പുണ്യപ്പെട്ടേ
രൊന്നിച്ചർക്കുമവർക്കാശ്വാസം സ്വർഗ്ഗേ പുത്രൻ ദൈവം

## അവസാന നടപടികൾ

വലിയ തിരുമേനിയുടെ നാല്പതാമടിയന്തരം അതിഗംഭീരമായിട്ട് തിരുവനന്തപുരം പട്ടം കത്തീഡ്രലിൽ ആചരിക്കപ്പെട്ടു. വി. കുർബ്ബാനയ്ക്കും ധൂപ പ്രാർത്ഥനയ്ക്കും ശേഷം ഇരുപത്തയ്യായിരം ആളുകൾക്ക് സദ്യ നൽകപ്പെട്ടു. കൂടാതെ വിശേഷാൽ തീരുമാനമനുസരിച്ച് തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലുമുള്ള എല്ലാ ഇടവകകളിലും മേൽ പറഞ്ഞപ്രകാരം ആത്മീയ ശുശ്രൂഷയും സദ്യയും നടത്തപ്പെട്ടു. ഇപ്പോഴും ആണ്ടു തോറും ജൂലൈ 15 ന് ചരമവാർഷികം പദയാത്രകൾ ഉൾപ്പെടുന്ന വിവിധ പരിപാടികളോടെ ഗംഭീരമായിതന്നെ ആഘോഷിക്കപ്പെടുന്നു.

## അനുബന്ധം 1

മാർ ഈവാനിയോസ് തിരുമേനിയും സേവേറിയോസ് തിരുമേനിയും താല്പ്പര്യ പൂർവ്വം വളർത്തിക്കൊണ്ടു വന്ന നമ്മുടെ അതിപ്രധാനമായ ഒരു അൽമായ സംഘടന എങ്ങനെയോ ഇടക്ക് നിന്നു പോയി. ഞാൻ പറയുന്നത് മലങ്കര സിറിയൻ കത്തോലിക്കാ കോൺഗ്രസ്സിന്റെ കാര്യമാണ്. അങ്ങനെ ഒരു സംഘടന നമുക്കുണ്ടായിരിക്കേണ്ടതിന്റെ അത്യാവശ്യകത ശരിക്കും മനസ്സിലാക്കി അതിന് M. C. A. എന്ന പേരിൽ പുനരുദ്ധരിക്കാൻ നമ്മുടെ മെത്രാപ്പോലീത്താ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി



www.malankaralibrary.com


പരിശ്രമിക്കുന്നതിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ ആഹ്വാനം അത് അർഹിക്കുന്ന ഗൗരവത്തോടെ തന്നെ സ്വീകരിച്ച് നമ്മുടെ സഭയുടേയും സമുദായത്തിന്റെയും പൊതുനന്മയ്ക്കായി താല്പ്പര്യപൂർവ്വം വളർത്തിക്കൊണ്ടു വരുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് എല്ലാവരോടും അപേക്ഷിക്കുകയും കൂടി ചെയ്തു കൊള്ളുന്നു.

പ്രജായത്ത ഭരണ സമ്പ്രദായം നിലനില്ക്കുന്ന ഇന്നത്തെ ലോകത്തിൽ സംഘടനയില്ലാത്തവൻ എത്ര വലിയവനായാലും പ്രായോഗികമായി ബലഹീനനാണ്. സംഘടനയിൽ കൂടി മാത്രമെ ഇന്ന് എന്തെങ്കിലും (ന്യായമായ അവകാശങ്ങൾ പോലും ) നേടാൻ കഴിയുകയുള്ളൂ എന്നത് നമുക്ക് ബോദ്ധ്യമുള്ള കാര്യമാണ്. സംഘടന ശക്തിയാണ് - അതിനെ മാത്രമെ ഇന്നത്തെ ലോകം ബഹുമാനിക്കുന്നുള്ളൂ. മലങ്കര കത്തോലിക്കാ കോൺഗ്രസ്സിന്റെ ആരംഭത്തെപ്പറ്റി അറിയാൻ പാടില്ലാത്ത ഇന്നത്തെ യുവതലമുറയുടെ അറിവിനായി ചുരുക്കമായി അതിന്റെ ചരിത്രം ഇവിടെ രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു.

പിതാവിന്റെ പുനരൈക്യത്തിന് ( A. D. 1930 ) ഏതാനും വർഷം മുമ്പ് തന്നെ ( 1924 മുതൽ ) മദ്ധ്യതിരുവിതാംകൂറിലെ പല കേന്ദ്രങ്ങളിലും വ്യക്തികളായും ഗ്രൂപ്പുകളായും യാക്കോബായാക്കാർ ( ചുരുക്കം മർത്തോമ്മക്കാരും ) കത്തോലിക്കാ സഭയുടെ സത്യം ബോദ്ധ്യമായി സഭയിൽ പ്രവേശിച്ച് കൊണ്ടിരുന്നു. ആ കൂട്ടത്തിൽ അയിരൂർ, തടിയൂർ, മാരാമൺ, കല്ലൂപ്പാറ മല്ലപ്പള്ളി ആദിയായ പ്രദേശങ്ങളിൽ അനേകം കുടുംബങ്ങൾ ഇങ്ങനെ കത്തോലിക്കക്കാരായി. മലങ്കര കത്തോലിക്കാ റീത്തിന്റെ അഭാവത്തിൽ അന്ന് ഇവർക്ക് കൽദായ റീത്തിൽ ചങ്ങനാശ്ശേരി രൂപതയിൽ ചേരുകയേ നിർവ്വാഹമുള്ളായിരുന്നു. ബ. ഡൊമനിക് തോട്ടാശ്ശേരി അച്ചന്റേയും ഏതാനും C. M. I. വൈദികരുടേയും പരിശ്രമ ഫലമായി ഇങ്ങനെ ഏതാനും ഇടവകകൾ രൂപം കൊണ്ടു. അങ്ങനെ അയിരൂരിൽ 1925-ൽ C. M. I. ആശ്രമത്തിനോടനുബന്ധിച്ച് രൂപം കൊണ്ട ലൂർദാശ്രമം ഇടവകയിൽ ചേർന്നതാണ് ലേഖകന്റെ കുടുംബവും ഞങ്ങളുടെ പല ബന്ധക്കാരും. അതുപോലെ തന്നെ പമ്പാ നദിക്ക് തെക്ക് പുത്തൻ പീടിക, ഇലന്തൂർ, ചാരുംമൂട്, അഞ്ചൽ ആദിയായ സ്ഥലങ്ങളിലും ഏതാനും കുടുംബങ്ങൾ കത്തോലിക്കാ സഭയിൽ ചേരുവാൻ ഇടയായി.



www.malankaralibrary.com



നിൽക്കുന്നവർ: പന്തോളിൽ പി.സി. ചാക്കോ, മേളാംപറമ്പിൽ ഉമ്മച്ചൻ, നാലാമത് ബ. ഇഞ്ചക്കലോടി അച്ചൻ, ബ. കുമ്പഴ അച്ചൻ, ബ. മൈലപ്രാ അച്ചൻ, ബ. കൊട്ടാരക്കര അച്ചൻ.
ഇരിക്കുന്നവർ: മാർ ഈവാനിയോസ്, മാർ സേവേറിയോസ്.
താഴെ ഇരിക്കുന്നവർ: മത്തായി പണിക്കരുടെ മകൻ ബേബി, മാങ്കാവിലെ ബ്ര. അലോഷ്യസ്, നാലാമത് ഇരിക്കുന്നത് അപ്രേം തിരുമേനിയുടെ പിതാവ് ജസ്റ്റസ് ഉപദേശി.

www.malankaralibrary.com

പമ്പാനദിക്ക് തെക്ക് അന്ന് സുറിയാനിക്കാർക്ക് അധികാരമില്ലാത്ത തിനാൽ മേൽ പറഞ്ഞ ഗ്രൂപ്പുകൾക്ക് ലത്തീൻ റീത്തിൽ കൊല്ലം രൂപതയിൽ ചേരേണ്ടതായി വന്നു. ഈ കൂട്ടത്തിൽ പെട്ട വൈദികരായിരുന്നു, പുത്തൻപീടികയിൽ , പീടികയിൽ അച്ചന്മാർ, ഇലന്തൂർ പതാലിൽ അച്ചൻ, അഞ്ചലിലച്ചൻ, മുളപ്പം പള്ളിൽ അച്ചൻ ആദിയായവർ.

ഇങ്ങനെ ഇരിക്കുമ്പോൾ അയിരൂർ പന്തോളിൽ പി. സി. ചാക്കോ സാർ ( ഇദ്ദേഹം എന്റെ മൂത്ത സഹോദരനും സ്ക്കൂൾ ഹെഡ്മാസ്റ്ററും, മലയാള ഭാഷയിൽ ഇദംപ്രഥമമായി ചുരുക്കെഴുത്ത് (Short Hand) വിദ്യ കണ്ട് പിടിച്ച് ഗവർമെന്റ് തലത്തിൽ അപ്രൂവൽ വാങ്ങിയ ആളുമാണ് 1949-ൽ നിര്യാതനായി ) ചങ്ങനാശ്ശേരി രൂപതയിൽ ചേർന്ന പുത്തൻ കത്തോലിക്കരുടെ കൂട്ടായ്മയ്ക്കു വേണ്ടി ഒരു സംഘടന ഉണ്ടാക്കി അതിനു “തിരുവല്ലാ താലൂക്ക് കത്തോലിക്കാ സമാജം” എന്ന പേരും നൽകി. അതിന്റെ പ്രവർത്തനങ്ങൾ ചിട്ടയായി നടക്കുകയും വാർഷികങ്ങൾ വിവിധ പരിപാടികളോടെ ഭംഗിയായി ആഘോഷിക്കപ്പെടുകയും ചെയ്തു. അപ്പോഴാണ് വലിയ പിതാവ് പുനരൈക്യപ്പെടുന്നത് തുടർന്ന് മലങ്കര കത്തോലിക്കാ സഭയിലേക്ക് പുത്തൻകുറുകാരുടെ ഗണ്യമായ ഒരു ഒഴുക്ക് ഉണ്ടായതും. ഒരിക്കൽ അയിരൂർ വെച്ച് മേൽ പറഞ്ഞ സമാജത്തിന്റെ ആഭിമുഖ്യത്തിൽ പുനരൈക്യപ്പെട്ട പിതാവിന് ഒരു ഗംഭീര സ്വീകരണം നൽകി. അവിടെ വെച്ച് പിതാവ് സമാജത്തിന്റെ പ്രസിഡന്റായ എന്റെ സഹോദരൻ പി. സി. ചാക്കോയെ വിളിച്ച് പറഞ്ഞു. “ഇപ്പോൾ ഇനി ഈ സമാജത്തിന് സംഗത്യമല്ല നമുക്ക് കുറെക്കൂടി വിപുലമായ ഒരു സംഘടന ഉണ്ടാക്കാം” അതായത് മലങ്കര സിറിയൻ കത്തോലിക്കാ കോൺഗ്രസ്സ് അങ്ങനെ രൂപമെടുത്തു. കത്തോലിക്കാ കോൺഗ്രസ്സിന്റെ ആജീവനാന്ത പ്രസിഡന്റായി പിതാവും സേവേറിയോസ് തിരുമേനിയും ചേർന്ന് എന്റെ ജ്യേഷ്ഠനെ നിയമിക്കുകയും ചെയ്തു. അങ്ങനെ ബീജാവാപം ചെയ്ത മലങ്കര സിറിയൻ കത്തോലിക്കാ കോൺഗ്രസ്സിന്റെ വാർഷിക യോഗങ്ങൾ അതിഗംഭീരമായി തന്നെ മൂന്നും നാലും ദിവസങ്ങളിലെ വിവിധ പരിപാടികളോടെ അയിരൂർ, വെണ്ണിക്കുളം, തിരുവല്ല, ചെങ്ങന്നൂർ ആദിയായ കേന്ദ്രങ്ങളിൽ വെച്ച് 1930കളുടെ അവസാനത്തിലും 1940കളിലും നടന്നിട്ടുണ്ട്. അതിന്റെ വിശദമായ റിപ്പോർട്ടുകൾ അന്നത്തെ മനോരമ, ദീപിക പത്രങ്ങളിൽ



www.malankaralibrary.com

വായിക്കാവുന്നതുമാണ്. ഈ മീറ്റിംഗുകളിൽ കേരളത്തിലെ സുറിയാനി മെത്രാന്മാരും, ഫാദർ പ്ലാസിഡ്, ഫാദർ റോമിയോ തോമസ്, ഫാദർ മണ്ണഞ്ചേരി ആദിയായ പ്രഗത്ഭ പ്രാസംഗികർ പ്രസംഗിക്കുകയും പതിവായിരുന്നു. 1940കളിൽ ചെങ്ങന്നൂർ വെച്ച് കൂടിയ വാർഷികത്തിൽ അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷ പ്രസംഗം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു യാക്കോബായ പ്രമാണി എഴുന്നേറ്റ് ഒരു ചോദ്യം ചോദിച്ചു. "ഇന്ന് കത്തോലിക്കാ ബാവ പുനരൈക്യപ്പെട്ടാൽ തിരുമേനി എന്തു ചെയ്യും" പിതാവ് കുറിക്കു കൊള്ളുന്ന ഉത്തരം ഇപ്രകാരം കൊടുക്കുകയും ചെയ്തു. "മലങ്കര കത്തോലിക്കാ സഭയുടെ ഭരണ ചുമതല അദ്ദേഹത്തെ സസന്തോഷം ഏല്പ്പിച്ചിട്ട് നാം ആശ്രമത്തിലേക്ക് മടങ്ങിപ്പോകും." ഈ വാർത്ത പിറ്റേ ദിവസത്തെ മനോരമ പത്രത്തിൽ പ്രാധാന്യം കൊടുത്ത് വലിയ അക്ഷരത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തതാണ്.

അച്ചായന്റെ (എന്റെ ജ്യേഷ്ഠന്റെ ) കാലശേഷം കണ്ണന്താനത്ത് കീവറീച്ചൻ (അഡ്വ: ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനത്തിന്റെ പിതാവ്) കുറെക്കാലം മലങ്കര സിറിയൻ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്നു. തുടർന്ന് പ്രസിഡന്റായത് നെല്ലിമൂട്ടിൽ അലക്സാണ്ടർ മുതലാളി ആയിരുന്നു. ഈ വർഷങ്ങളിൽ ഞാൻ കാൻഡിയിൽ പഠിക്കുകയായിരുന്നു.

നവവൈദികനായി ഞാൻ തിരുവനന്തപുരത്ത് വന്നതിനു ശേഷം മലങ്കര കത്തോലിക്കാ സിറിയൻ കോൺഗ്രസ്സിൽ പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നതായി കണ്ടിട്ടില്ല. എങ്ങനെയോ അത് അകാല ചരമമടഞ്ഞു. എന്നിട്ടും നമ്മുടെ സഭാ ഡയറക്ടറിയിൽ ഇതിന്റെ പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും അദ്ധ്യാത്മിക ഡയറക്ടറുകളുടേയും പേരുകൾ അനേക വർഷങ്ങളിലേയ്ക്ക് തുടരെ പ്രത്യക്ഷപ്പെടുമായിരുന്നു. അപ്പോൾ ഞാൻ വിചാരിച്ചു. മരിച്ചിട്ടേയുള്ളു കബറടക്കം നടന്നിട്ടില്ല. ഇത് താമസിക്കാതെ ഉയർത്തെഴുന്നേല്ക്കും. പല പ്രാവശ്യം ഇക്കാര്യം മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നതാണ്. എന്തു കൊണ്ടോ ഒന്നും നടന്നില്ല. അതു കൊണ്ടും കൂടിയാണ് ഇത് ഉയർത്തെഴുന്നേറ്റ് വരുന്നത് കാണുമ്പോൾ എനിക്ക് അതിയായ സന്തോഷം

## അനുബന്ധം 2

കത്തോലിക്കാ സഭാകുടുംബത്തിൽ വ്യക്തിത്വമുള്ള



www.malankaralibrary.com

(SUI JURIS) ഇരുപത്തി ഒന്ന് സഭകളിൽ ഒന്നാണ് കാനോനികമായി പറഞ്ഞാൽ നമ്മുടെ മലങ്കര സഭ. അതു പോലെ വ്യക്തിത്വമുള്ള ഒരു സഭയാണ് കേരളത്തിലെ പഴയ കൽദായ സുറിയാനി കത്തോലിക്കരുടെ മലബാർ സഭ. ഈ മലബാർ സഭ ഇന്ന് കാനോനികമായി ഒരു മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടിരിക്കുകയാണ്. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയും പേട്രിയാർക്കാൽ സഭയുമായി അല്പം വ്യത്യാസമേയുള്ളൂ. ഏതാണ്ട് തുല്യതയുണ്ട്. എന്നാൽ വ്യക്തിത്വത്തിൽ നമുക്ക് മറ്റുള്ളവരോട് തുല്യതയുണ്ടെങ്കിലും സ്റ്റാറ്റസിൽ ആയിട്ടില്ല. നാം ഇപ്പോഴും ഒരു ആർക്കി എപ്പിസ്ക്കോപ്പൽ സഭയായിരിക്കുന്നതേയുള്ളൂ പൗരസ്ത്യ സഭകളെപ്പറ്റിയുള്ള ഡിക്രിയിൽ രണ്ടാം വത്തിക്കാൻ സുന്നഹദോസ് പ്രത്യേകം പറയുന്നു - ആവശ്യമുള്ളടത്ത് പാത്രിയാർക്കാ സിംഹാസനം സ്ഥാപിച്ച് കൊടുക്കണമെന്ന്. നമുക്ക് നയ്യാമികമായി വ്യക്തിത്വം ഉള്ളതു കൊണ്ടും യാക്കോബായ സഭയിൽ ആയിരുന്നപ്പോൾ നമുക്ക് പാത്രിയാർക്കീസ് ഉണ്ടായിരുന്നതുകൊണ്ടും ന്യായമായും നമുക്ക് പാത്രിയാർക്കീസിനെ ലഭിക്കുവാൻ അവകാശമുണ്ട്. പക്ഷെ അതിന് നാം കുറെക്കൂടി വളരേണ്ടതുണ്ടെന്ന് പറഞ്ഞേക്കാം. കൂടുതൽ രൂപതകളും മെത്രാച്ചന്മാരും നമുക്കുണ്ടാകേണ്ടതുണ്ട്.

1987-ൽ അന്നത്തെ പൗരസ്ത്യ സഭകളുടെ തിരുസംഘത്തിന്റെ പ്രീഫെക്റ്റ് കാർഡിനൽ ലൂർദ്ദ്സ്വാമി കേരളം സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു കൊണ്ട് തിരുവനന്തപുരം അരമനയിൽ വെച്ച് കൂടിയ വൈദിക കോൺഫ്രൺസിൽ ഞാൻ പ്രസംഗിക്കുകയും വൈദിക സെമിനാറിന്റെ വകയായി മെമ്മോറാണ്ടം കൊടുക്കുകയും ചെയ്തപ്പോൾ പാത്രിയാർക്കീസിന്റെ കാര്യം പ്രത്യേകം ഊന്നിപ്പറഞ്ഞിട്ടുണ്ട്. കർദ്ദിനാളിന്റെ മറുപടി പ്രസംഗത്തിൽ മറ്റെല്ലാ ആവശ്യങ്ങൾക്കും അനുകൂലമായ തീരുമാനങ്ങൾ പറഞ്ഞപ്പോൾ പാത്രിയാർക്കീസിനെപ്പറ്റി ഇങ്ങനെയാണ് പറഞ്ഞത്. "അത് എനിക്ക് തീരുമാനിക്കാവുന്ന കാര്യമല്ല പരിശുദ്ധ പിതാവ് മാത്രമാണ് അത് തീരുമാനിക്കുന്നത്. എനിക്ക് നിങ്ങളുടെ അപേക്ഷ പരിശുദ്ധ പിതാവിന്റെ ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കാൻ മാത്രം കഴിയും. അത് ഞാൻ ചെയ്യുന്നതുമാണ്" അപ്പോൾ നമ്മുടെ ആഗ്രഹവും ആവശ്യവും റോമിൽ റിക്കാർഡ് ചെയ്യപ്പെട്ടിരിക്കുകയാണ് എന്ന് സമാധാനിക്കാം.

ഈ സമയത്ത് നാം അതിനായുള്ള നമ്മുടെ പരിശ്രമം



www.malankaralibrary.com

പുരോഗമിപ്പിക്കേണ്ടിയിരിക്കുന്നു. പാത്രിയാർക്കീസ് സിംഹാസനം നമുക്ക് അനുവദിച്ച് കിട്ടിയാൽ നമുക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം ലഭിക്കുമെന്ന് മാത്രമല്ല പുനരൈക്യ പ്രസ്ഥാനത്തിന്റെ ശീഘ്രമായ വളർച്ചയ്ക്കും പ്രശസ്തിക്കും അത് നിദാനമായി തീരുകയും ചെയ്യും. നമ്മുടെ റീത്ത് കൂടുതൽ ഭദ്രമായിരിക്കുകയും ചെയ്യും.

## ഉപസംഹാരം

ഈ ലോകത്തിൽ എത്രയോ കോടി ജനങ്ങൾ ജനിക്കുന്നു, ജീവിക്കുന്നു, മരിക്കുന്നു. എന്നാൽ എത്ര പേർ അവരുടെ ഇഹലോക ജീവിതത്തിനുശേഷം അനുസ്മരിക്കപ്പെടുന്നു. വളരെ ചുരുക്കം പേർ മാത്രം. അതു് രണ്ട് ഗണത്തിൽ പെട്ടവർ. ഒന്ന് മറ്റുള്ളവർക്ക് നന്മ ചെയ്യുകയും ഉത്തമമായ ജീവിത മാതൃക കാണിക്കുകയും ചെയ്യുന്നവർ. രണ്ട് മറ്റുള്ളവർക്ക് തിന്മ പ്രവർത്തിക്കുകയും ദുർമാതൃക കാണിക്കുകയും ചെയ്യുന്നവർ. ആദ്യ ഗ്രൂപ്പിൽ പെട്ടവർ മാത്രമെ മഹാന്മാരായി പരിഗണിക്കപ്പെടുകയുള്ളൂ. മഹാത്മാഗാന്ധിയുടെ പേര് ആചന്ദ്രതാരം നിലനില്ക്കും. രണ്ടാമത്തെ ഗ്രൂപ്പിൽ പെട്ടവരും സ്മരിക്കപ്പെടും പക്ഷെ ദുഷ്ടന്മാരും അസുരന്മാരുമായിട്ടായിരിക്കും അവർ അനുസ്മരിക്കപ്പെടുക.

മാർ ഈവാനിയോസിന്റെ നാമം ചരിത്രത്തിൽ സാക്ഷാൽ മഹാന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെടും. പ്രത്യേകിച്ചും കേരള ക്രൈസ്തവസഭാ ചരിത്രത്തിൽ. കേരള ക്രൈസ്തവസഭാ രംഗത്ത് നിർഭാഗ്യവശാൽ ഉണ്ടായ ഭിന്നത പരിഹരിക്കുവാനുള്ള പരിഹാര മാർഗ്ഗം വെട്ടിത്തുറക്കുവാൻ തിരുമേനിക്ക് കഴിഞ്ഞു എന്നത് ഒരു ചെറിയ നേട്ടമല്ല. ഭിന്നിപ്പിക്കുന്ന കടലിടുക്കിന്മേൽ ഒന്നിപ്പിന്റെ പാലം പണിയാൻ കഴിഞ്ഞു എന്നതു എത്രയോ സന്തോഷപ്രദവും അനുഗ്രഹ ദായകവുമാണ്. ഒരു പുതിയ റീത്തും പുതിയ വ്യക്തി സഭയും ( Sui juris ) ആകമാന കത്തോലിക്കാ സഭയിൽ അനുവദിച്ചെടുപ്പിക്കുക എന്നതു് അസാധാരണ നേട്ടമാണ്. കേരളക്കരയിൽ വിവിധ തുറകളിൽ പ്രാഗത്ഭ്യം നേടിയ മഹാന്മാർ പലർ ഉണ്ടായിട്ടുണ്ടെങ്കിലും വിഭിന്നങ്ങളായ അനേകം തുറകളിൽ ഒരേ സമയം പ്രാഗത്ഭ്യം നേടിയവർ തുലോം വിരളമാണ്. ധീഷണാശാലിയായ ഒരു അഗാധ ചിന്തകൻ, പണ്ഡിതൻ, വാഗ്മി, എന്തു വില കൊടുത്തും ബോദ്ധ്യമായ സത്യത്തെ പിൻ ചെല്ലുന്നവൻ, കരുത്തനും നിർഭയനുമായ കർമ്മയോഗി, സന്യാസസഭാ



www.malankaralibrary.com

സ്ഥാപകൻ കൂടിയായ മാതൃകാ സന്യാസി. ക്രൈസ്തവ വിശ്വാസത്തേയും ഭാരത സംസ്ക്കാരത്തേയും നമുക്കായി സമന്വയിപ്പിച്ച മത മഹാചാര്യൻ, ഒരു വലിയ വിദ്യാഭ്യാസ പ്രവർത്തകൻ, ക്രാന്തദർശിയും ഉൽപതിഷ്ണുവുമായ ഒരു ഭരണകർത്താവ്, ഇതെല്ലാമായിരുന്നു മാർ ഈവാനിയോസ് തിരുമേനി. ആർക്കും സമീപിക്കാവുന്നവനും ആരെയും തന്നിലേക്ക് ആകർഷിക്കുവാൻ കഴിവുള്ളവനുമായ ഒരു വാത്സല്യ പിതാവായിരുന്നു തിരുമേനി.

അതേ സമയം അദ്ദേഹം അത്യന്ത്യം വിനയാന്വിതനുമായിരുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കുവാനും ആദരിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അതിനാൽ തിരുമേനിയിൽ നിന്നും വിഭിന്നാഭിപ്രായം പുലർത്തുന്നവർക്ക് നിർഭയമായി കാര്യങ്ങൾ തുറന്നു സംസാരിക്കുമായിരുന്നു. പ്രമാദം പറ്റിയെന്ന് ബോദ്ധ്യമായാൽ അത് സമ്മതിക്കുവാനും തിരുത്തുവാനും തിരുമേനിക്ക് ഒരു മടിയും ഇല്ലായിരുന്നു. അത് മഹാന്മാരുടെ ലക്ഷണമാണ്. മഹാത്മാഗാന്ധി തന്റെ ആത്മകഥയിൽ " The Himalayan blunders I have committed " എന്നു പറയുന്ന ഭാഗം ഞാൻ ഓർക്കാറുണ്ട്. തന്നോട് അപകാരം പ്രവർത്തിച്ചവർക്ക് ഉപകാരം ചെയ്യുക എന്നതാണ് ഏറ്റവും ഫലവത്തായ പ്രതികാരം എന്നു തിരുമേനി വിശ്വസിച്ചിരുന്നു. അതിനുള്ള ഉദാഹരണങ്ങൾ അനേകമുണ്ട്, അതാണല്ലോ സാക്ഷാൽ ക്രിസ്തീയ ജീവിത പ്രകടനവും.

"No man is a hero to his valet" എന്ന ഒരു പഴഞ്ചൊല്ലുണ്ടല്ലോ. അതായത് ബഹുമാന്യനായ ആളും ചിര പരിചിതനാകുമ്പോൾ ബഹുമാനം കുറഞ്ഞ് പോകുക സഹജമാണ്. എന്നാൽ മാർ ഈവാനിയോസ് തിരുമേനിയെ സംബന്ധിച്ചടത്തോളം എന്റെ അനുഭവം മറിച്ചാണ്.

"കരിമ്പിനുള്ളോരു തലയ്ക്കൽ നിന്നും
ചുവട്ടിലേക്കുള്ള രസം കണക്കെ
നിനയ്ക്കണം സജ്ജന മൈത്രി പാരിൽ
നേരെ മറിച്ചും പല മൈത്രി നൂനം" എന്നുണ്ടല്ലോ

" The King is dead, long live the king " രാജാവ് നാടുനീങ്ങുമ്പോൾ ബ്രിട്ടീഷുകാർ പറയാറുള്ളതാണിത്. അതു പോലെ നമുക്കും പറയാം മാർ ഈവാനിയോസ് കാലം ചെയ്തു. പക്ഷെ മാർ ഈവാനിയോസ് പുനരൈക്യ പ്രസ്ഥാനത്തിൽ കൂടി എന്നും ജീവിക്കുന്നു.



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com